# തെക്കുംകര ഗ്രാമപഞ്ചായത്ത്

## നാവുണർന്നു !

## നാടുണർന്നു !

# പ്രഥമ വികസന റിപ്പോർട്ട്

1996

83-6

ഒമ്പതാം പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

## തെക്കുംകര ഗ്രാമപഞ്ചായത്ത്

1996

## ഉപദേശകസമിതി

ശ്രീമതി P. ഭാഗ്യലക്ഷ്മിയമ്മ (ബ്ലോക്ക് കോർഡിനേററർ)

സർവശ്രീ M.K. രാധാകൃഷ്ണൻ (പഞ്ചായത്ത് കോർഡിനേറർ)

C. T. തോമസ്സ് (മുൻ പഞ്ചായത്ത് പ്രസിഡണ്ട്)

C. T. ദേവസ്സി ( ,, )

A. C. മൊയ്തീൻ ( ,, )

A. മാധവൻ ( ,, )

P. A. തിലകൻ മാസ്റ്റർ (കൺവീനർ)

ചീഫ് എഡിററർ

ശ്രീ. C. E. ഷെയ്ക്ക് അബ്ദുള്ള (ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്)

എഡിററർ

M. രേണു കുമാർ

അംഗങ്ങൾ

സർവ്വശ്രീ P. അച്ചുതൻ നായർ

P. R. ധർമ്മജൻ മാസ്ററർ

K. സച്ചിദാനന്ദൻ മാസ്ററർ

N. N. പവിത്രൻ

A. മാധവൻ

തോമസ്സ് എം.. മാത്യു

M. N. ജനാർദ്ദനൻ

ചിന്ന സുബ്രഹ്മണ്യൻ

P. B. ഉഷ

P. പത്മിനി ടീച്ചർ

A. M. അബ്ദുറം ഷെറീഫ്

P. A. തിലകൻ മാസ്ററർ

മേരി തോമസ്സ്



# വികസന റിപ്പോർട്ട്

# ഒരു എത്തിനോട്ടം

**സി. ഇ. ഷെയ്ക്ക് അബ്ദുള്ള**
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

നമ്മുടെ തെക്കുംകര പഞ്ചായത്തിന്റെ ചരിത്രത്തിൽ ആസൂത്രണ പ്രക്രിയയുടെ ഒരു നൂതന അദ്ധ്യായത്തിന് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ ആരംഭം കുറിച്ചിരിക്കുകയാണല്ലോ. ജനങ്ങളുടെ ആകെ ശ്രദ്ധയാകർഷിച്ച 11 വിശേഷാൽ ഗ്രാമസഭകൾ അതാതു ഗ്രാമത്തിന്റെ ഹൃദയതുടിപ്പുകൾ തൊട്ടറിയുന്നതിന് സഹായിച്ചു. ആവേശവും പങ്കാളിത്തവും വലിയ പ്രതീക്ഷകൾക്ക് ജന്മം നൽകുന്നതിന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയും എന്ന കാര്യത്തിൽ ഉറപ്പുണ്ട്. ആയതിന് നാം ഓരോരുത്തരും തയ്യാറാവണമെന്ന് മാത്രം.

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 35.40 ശതമാനം തുകയ്ക്ക് വരുന്ന വികസന പരിപാടികൾ താഴെ തട്ടിൽ തന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഇപ്രകാരം ജനകീയ പങ്കാളിത്തത്തോടുകൂടി തയ്യാറാക്കിയ സ്കീമുകൾ ജനങ്ങളുടെ ആശയാഭിലാക്ഷങ്ങളോട് കൂടുതൽ നീതി പുലർത്തുന്നതായിരിയ്ക്കും. ജനങ്ങൾക്കിടയിൽ വ്യാപകമായി നിലനിൽക്കുന്ന നിസ്സംഗത മാറുകയും വികസന പ്രവർത്തനങ്ങളിലെ ജന ങ്കാളിത്തം പതിൻമടങ്ങ് വർദ്ധിയ്ക്കുകയും ചെയ്യും.

ഞങ്ങൾ സവിനയം ഇ. ്പിക്കുന്ന തെക്കുംകര ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് പരിപൂർണ്ണമാണെ' ട ശപ്പെടുന്നില്ല. റിപ്പോർട്ട് ഇത്തരത്തിൽ രൂപപ്പെടുത്തിയെടുക്കുവാൻ വളരെ കുറച്ച് സങ്ങളെ ലഭിച്ചുള്ളു. ഗ്രാമ സഭകളിൽ നിന്നും, പഠന പര്യടനം നടത്തിയും, ദ. ു വിവരശേഖരണം നടത്തിയും, നാട്ടറിവും, കണ്ടറിവും, കേട്ടറിവും വഴി ലഭ്യമായ വിവരങ്ങൾ ശേഖരിച്ചും റിപ്പോർട്ട് പൂർണ്ണമാക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഒട്ടേറെ പേർ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. അവരോടെല്ലാം ഉള്ള കൃതജ്ഞത വിനയത്തോടെ രേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചു കൊള്ളട്ടെ. വികസന റിപ്പോർട്ടു കുറച്ചു കൂടി വിപുലപ്പെടുത്തി കാര്യക്ഷമമാക്കുന്നതിന് ഉള്ള നിർദ്ദേശങ്ങൾ വികസന സെമിനാറിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വരണമെന്നും പ്രസ്തുത നിർദ്ദേശങ്ങൾ റിപ്പോർട്ടിന്റെ അനുബന്ധമായി കൂട്ടി ചേർക്കണമെന്നും അഭ്യർത്ഥിയ്ക്കുകയാണ്.

## കോർ ഗ്രൂപ്പ്

1 സർവ്വശ്രീ P. അച്ചുതൻ നായർ
2 M. P. ബാലഗംഗാധരൻ
3 S. രാമവാരിയർ
4 P. R. ധർമ്മജൻ മാസ്റ്റർ
5 P. J. രാജ്ജു
6 M. U. കുരിയാക്കോസ്
7 സർവ്വശ്രീ തോമസ്സ് എം. മാത്യു
8 K. A. ചന്ദ്രൻ
9 V. K. ശങ്കരനാരായണൻ
10 M. R. ശശികുമാർ
11 M. A. അബ്ദുറം അസീസ്സ്

## ജില്ലാതല റിസോഴ്സ് പേഴ്സൺസ്

### ഒന്നാംഘട്ടം പരിശീലനം

1 സർവ്വശ്രീ C. E. ഷെയ്ക്ക് അബ്ദുള്ള
2 മേരിതോമാസ്സ്
3 M. N. ജനാർദ്ദനൻ
4 തങ്കമ്മ സാമുവൽ
5 A. N. രാധാകൃഷ്ണൻ
6 C. T. ദേവസ്സി
7 A. C. ജോസ്
8 റോസമ്മ വർഗ്ഗീസ്
9 P. പത്മിനി ടീച്ചർ
10 P. K. രാമചന്ദ്രൻ
11 N. N. പവിത്രൻ
12 P. B. ഉഷ (സെക്രട്ടറി)
13 ചിന്ന സുബ്രഹ്മണ്യൻ
14 K. R. സാവിത്രി

### രണ്ടാംഘട്ടം പരിശീലനം

1 സർവ്വശ്രീ C. E. ഷെയ്ക്ക് അബ്ദുള്ള
2 P. B. ഉഷ (സെക്രട്ടറി)
3 N. N. പവിത്രൻ
4 M. N. ജനാർദ്ദനൻ
5 P. അച്ചുതൻ നായർ
6 P. A. തിലകൻ
7 A. മാധവൻ
8 P. R. ധർമ്മജൻ മാസ്റ്റർ
9 M.രേണു കുമാർ
10 തോമസ്സ് എം. മാത്യു
11 K. സച്ചിദാനന്ദൻ മാസ്റ്റർ
12 A. M. അബ്ദുറം ഷെറീഫ്
13 P. T. സാമുവൽ
14 S. രാമവാരിയർ
15 ചിന്ന സുബ്രഹ്മണ്യൻ
16 K. R. സാവിത്രി

## ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥൻമാർ

1 സർവ്വശ്രീ P. B. ഉഷ (സെക്രട്ടറി)
2 T. J. ഇമ്മാനുവൽ (ഹെഡ്ക്ലാർക്ക്)
3 P. A. സുകുമാരൻ (യു. ഡി. ക്ലാർക്ക്)
4 I. V. ശാരദ ( ,, )
5 A. S. വിജയൻ (എൽ. ഡി. ക്ലാർക്ക്)
6 M. K. ബീവി (പ്യൂൺ)
7 K. K. റോസിലി (പാർട്ട് ടൈം സ്വീപ്പർ)

## മുൻ പ്രസിഡണ്ടുമാർ



C. T. തോമസ്സ്



C. T. ദേവസ്സി



A. C. മൊയ്തീൻ



A. മാധവൻ

# ഉള്ളടക്കം

ആമുഖം

കൃഷിയും ജലസേചനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും

വിദ്യാഭ്യാസം

കുടിവെള്ളവും പൊതുജനാരോഗ്യവും

വ്യവസായം

ഗതാഗതവും ഊർജ്ജവും

സംസ്ക്കാരം

പാർപ്പിടവും സാമൂഹ്യക്ഷേമവും

വനിത

സഹകരണമേഖല

പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

വനം, വിഭവസമാഹരണം

# തെക്കുംകര ഗ്രാമ പഞ്ചായത്ത്







ജില്ല ----- തൃശ്ശൂർ

താലൂക്ക് ---- തലപ്പിള്ളി

ബ്ലോക്ക് ----- വടക്കാഞ്ചേരി

# ആമുഖം

സ്വാതന്ത്ര്യാനന്തരം ദശാബ്ദങ്ങളായി നാം കണ്ടുകൊണ്ടിരുന്ന മുകളിൽ നിന്നും അടിച്ചേൽപിക്കുന്ന വികസന രീതിയിൽ നിന്നും വിഭിന്നമായി ഒരു പുതിയ വികസന സംസ്ക്കാരത്തിന് നാം തുടക്കം കുറിയ്ക്കുകയാണ്. ഇന്നലെ വരെ നാടിന്റെ പുരോഗതിയുടെ ഉത്തരവാദിത്വം ജനപ്രതിനിധികൾക്കോ അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കോ മാത്രമാണെന്നു കരുതിയും പ്രതീക്ഷകൾക്കൊത്ത് വികസനം നടക്കാതിരിക്കുമ്പോൾ 'ഒന്നും നേരെയാകില്ല' എന്ന രൂഢമൂലമായ ചിന്താഗതിയുമായി നാം കഴിഞ്ഞു. പുതിയ വികസന സംസ്ക്കാര സന്ദേശവുമായെത്തിയ ഗ്രാമ സഭകളിൽ ഓരോ വാർഡുകളിലും നൂറുകണക്കിനാളുകളാണ് പങ്കെടുത്തത്. ഉടൻ തന്നെ എല്ലാം ശരിയാകും എന്ന വ്യാമോഹമോ അല്ലെങ്കിൽ സർക്കാരിൽ നിന്നും സൗജന്യമായി എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വേദിയോ ആണ് ഗ്രാമസഭകൾ എന്ന ചിന്ത ചിലർക്കെങ്കിലും ഉണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചകളാണ് ഈ സംശയത്തിന് നിദാനം.

9–ാം പദ്ധതിയനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്ന മൂന്നോ നാലോ കോടി രൂപയും, ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ നിർദ്ദേശാനുസരണം വികസനം ഉണ്ടാകണമെങ്കിൽ വേണ്ടിവരുന്ന എണ്ണമില്ലാത്തത്ര കോടികളും താരതമ്യം ചെയ്യുമ്പോഴാണ് മാനം മുട്ടെയുള്ള പലരുടെയും വികസനമോഹങ്ങളും യാഥാർത്ഥ്യവും വൈരുദ്ധ്യങ്ങളായി മാറുന്നത്. പുതിയ ജനകീയാസൂത്രണമെന്നത് ഒററയടിയ്ക്കുള്ള പൂർണ്ണ വികസനമല്ലെന്നും പതിവിൽ നിന്നും വിഭിന്നമായി പൊതുജന പങ്കാളിത്തത്തോടെ നിലവിലുള്ളതിനേക്കാൾ ത്വരിതവും ക്രമാനുഗതവുമായ നാടിന്റെ പുരോഗതിയാണെന്ന് സ്വയം മനസ്സിലാക്കി മററുള്ളവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കേണ്ടതുമാണ്.

ഇക്കാലമത്രയും വികസനത്തിനു വേണ്ടി ചിലവഴിക്കുന്ന തുകയുടെ ചെറിയൊരംശം മാത്രമേ താഴത്തെ തട്ടിൽ എത്തിയിരുന്നുള്ളു, അതിനു പകരമായി സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പിലാക്കിയാൽ വികസനം ത്വരിത ഗതിയിലാകും എന്നതിന് സംശയമില്ല. നാടിന്റെ വികസന പ്രക്രിയ രംഗത്ത് ഒന്നുമല്ലാതിരുന്ന സാധാരണക്കാരൻ ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രകനായി മാറുന്നത് നമ്മിൽ ആത്മവിശ്വാസവും അഭിമാനവും ഉണർത്തുക തന്നെ ചെയ്യും.

പഞ്ചായത്ത് ഭരണ സമിതികൾക്ക് പഞ്ചായത്ത് രാജ് സംവിധാനമനുസരിച്ച് വിപുലമായ നേതൃത്വപങ്കാണുള്ളത്. പ്രസിഡണ്ടിന്റെയും, മെമ്പർമാരുടെയും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ഏറെയാണിന്ന്. ഇത് പൂർണ്ണമായും നാടിന്റെ വികസനത്തിന് ഉപയോഗിക്കേണ്ടിയിരിക്കുന്നു.

തെക്കുംകര പഞ്ചായത്ത് ജനകീയാസൂത്രണത്തിന്റെ ഭാഗമായി റിസോഴ്സ് പേഴ്സൻമാർക്കുള്ള പരിശീലനം രണ്ടു ഘട്ടങ്ങളായി നടന്നു. ഗ്രാമസഭകൾ എങ്ങിനെ വിളിച്ചു ചേർക്കണമെന്നതിനെ സംബന്ധിച്ചും ഗ്രാമസഭകളിൽ നടന്ന ചർച്ചകൾ ക്രോഡീകരിച്ച് എങ്ങിനെ റിപ്പോർട്ട് തയ്യാറാക്കണം എന്നതിനെ സംബന്ധിച്ചും പരിശീലനം നൽകുകയുണ്ടായി. വിവിധ ദിവസങ്ങളിലായി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ നടന്നു. ഓരോ വാർഡുകളിലും സ്ത്രീകളടക്കം വളരെ ആവേശപൂർവ്വം നൂറുകണക്കിനാളുകൾ ചർച്ചകളിൽ പങ്കുചേർന്നു. ചർച്ചകൾക്കായി റിസോഴ്സ് പേഴ്സൻ, ഗ്രാമപഞ്ചായത്തംഗം എന്നിവരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ 6 വിഭാഗങ്ങളായി തിരിച്ചിരുന്നു. ഒരോ ഗ്രൂപ്പിൽ നിന്നും 2 പേരെ വീതം പഞ്ചായത്തു

തല സെമിനാറിൽ പങ്കെടുക്കേണ്ട പ്രതിനിധികളായി തെരഞ്ഞെടുത്തു. ഓരോ ഗ്രാമസഭയുടെയും അവസാനം ക്രോഡീകരിച്ച ചർച്ചകൾ പൊതുവായി അവതരിപ്പിച്ചു. തുടർന്ന് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്നായി ഒരു 11 അംഗ കോർഗ്രൂപ്പും വിദഗ്ധസമിതിയും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## തെക്കുംകര ഗ്രാമ പഞ്ചായത്ത് പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | തെക്കുംകര ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | തെക്കുംകര, മണലിത്ര കരുമത്ര, വിരുപ്പാക്ക, ആററൂർ വില്ലേജിൻെറ ഏതാനും ഭാഗങ്ങൾ |
| ബ്ലോക്ക് പഞ്ചായത്ത് | : | വടക്കാഞ്ചേരി |
| താലൂക്ക് | : | തലപ്പിള്ളി |
| ലോകസഭാമണ്ഡലം | : | ഒററപ്പാലം |
| അസംബ്ലി മണ്ഡലം | : | വടക്കാഞ്ചേരി |
| വിസ്തീർണ്ണം | : | 55. 20 ച. കി. മീ. |
| അതിരുകൾ | : | കിഴക്ക് : മച്ചാട്മല<br>പടിഞ്ഞാറ് : മുണ്ടത്തിക്കോട്, വടക്കാഞ്ചേരി<br>തെക്ക് : കിള്ളന്നൂർ, മാടയ്ക്കത്ര<br>വടക്ക് : ചേലക്കര, മുള്ളൂർക്കര പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 25898--(1991)<br>(പുരുഷൻമാർ 12611 സ്ത്രീകൾ 13287) |
| സ്ത്രീ പുരുഷാനുപാതം | : | 1000 പു. 1057 സ്ത്രീ |
| സാക്ഷരത | : | 87.74% |
| വാർഡുകൾ | : | പതിനൊന്ന് |
| പ്രസിഡണ്ട് | : | സി. ഇ. ഷേയ്ക് അബ്ദുള്ള |
| വൈ : പ്രസിഡണ്ട് | ; | മേരി തോമസ് |
| സ്ററാൻഡിംഗ് കമ്മിററി ചെയർമാൻ | : | എൻ. എൻ. പവിത്രൻ |
| അംഗങ്ങൾ | : | എം. എൻ. ജനാർദ്ദനൻ<br>തങ്കമ്മ സാമുവൽ, എ. എൻ. രാധാകൃഷ്ണൻ,<br>സി. ടി. ദേവസ്സി,<br>എ. സി. ജോസ്, റോസമ്മ വർഗ്ഗീസ്<br>പി. പത്മിനി, പി. കെ. രാമചന്ദ്രൻ |

### പ്രമുഖ സ്ഥാപനങ്ങൾ

ഒരു ഹയ്യർ സെക്കൻററിസ്ക്കൂളടക്കം 2 ഹൈസ്ക്കൂളുകൾ, 2 യു. പി. സ്ക്കൂളുകൾ, എൽ. പി. സ്ക്കൂൾ 6, മഹിളാസമാജം 17, അംഗൻവാടികൾ 22, ആയുർവ്വേദ ഡിസ്പെൻസറി 1, കൃഷിഭവൻ ഓഫീസ് 1, വില്ലേജ് ഓഫീസ് 2, ഫിഷറീസ് 1, ഇറിഗേഷൻ ഓഫീസ് 1, ഫോറസ്ററ് സ്റേറഷൻ 1, വെററിനറി ഡിസ്പെൻസറി 1, ഹോമിയോ ഡിസ്പെൻസറി 1, മിഡ് വൈഫറി സെൻറർ 1, സ്പിന്നിംഗ് മിൽ 1, സഹകരണ സംഘങ്ങൾ 7, സിനിമാശാലകൾ 2, വി. ഇ. ഒ. ഓഫീസ് 1, സഹകരണ സ്പിന്നിംഗ് മിൽ.

## സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

പഴയ കൊച്ചി രാജ്യത്ത് ചരിത്ര പ്രസിദ്ധമായ മച്ചാട് മലകളുടെ താഴ്വരയിൽ ഉള്ള ആറ് ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് തെക്കുംകര ഗ്രാമപഞ്ചായത്ത്. മച്ചാടിനെ മാലോകർ അറിയുന്നത് വിദ്വാൻ ഇളയതിലൂടെയും മച്ചാട് അരിയിലൂടെയും പിൽക്കാലത്ത് മച്ചാട് മാമാങ്കം എന്നറിയപ്പെട്ട തിരുവാണിക്കാവ് വേലയിലൂടെയുമാണ്. സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ തെക്കുംകര പഞ്ചായത്ത് നിലനിന്നിരുന്നു. കൊച്ചി സർക്കാർ നോമിനേററുചെയ്യുന്ന പ്രതിനിധികളാണ് അക്കാലത്ത് ഗ്രാമഭരണം നടത്തിയിരുന്നത്. മണലിത്തറ മൽ മൽ പട്യാത്ത് കണ്ണനുണ്ണിനായർ, കരുമത്ര ശാന്തൻ പിള്ളി ഇല്ലത്ത് പരമേശ്വരൻ ഇളയത്, കുളപ്പുര മംഗലത്ത് വട്ടേക്കാട്ട് ശങ്കരൻകുട്ടിമേനോൻ എന്നിവർ പ്രതിനിധികളായിരുന്നു.

കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം 1964നു മുമ്പ് തെക്കുംകര, വടക്കാഞ്ചേരി പഞ്ചായത്തിൻെറ ഭാഗമായിരുന്നു. ഇവിടെ നിന്നും ഒരു പട്ടികജാതി പ്രതിനിധിയടക്കം 4 പ്രതിനിധികൾ ഉണ്ടായിരുന്നു. ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്ന ഓഫീസ് പഞ്ചായത്തിൻെറ ഹൃദയഭാഗമായ പുന്നംപറമ്പിലാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്ത് ശ്രീമാൻ R.M. മനയ്ക്കലാത്ത് ശ്രീമാൻ N. S. കുട്ടി അടക്കം ഒട്ടേറെ പ്രമുഖർ തെക്കുംകര പഞ്ചായത്തിൽ നിന്നും പങ്കെടുത്തിട്ടുണ്ട്. വിദ്വാൻ എളയത്, വിലാസിനി, M. K. മേനോൻ തുടങ്ങിയ സാഹിത്യകാരൻമാരും, ഹൈക്കോടതി ജഡ്ജിമാരായിരുന്ന M. P. മേനോൻ, P. K. സുബ്രഹ്മണ്യയ്യർ എന്നിവരും, സംസ്ഥാന പുരസ്ക്കാരം നേടിയ മച്ചാട് അപ്പുനായരും ഈ പഞ്ചായത്തിൻെറ പേർ ദേശീയ തലത്തിൽ പ്രശസ്തരാക്കിയവരാണ്.

തെക്കുംകര പഞ്ചായത്തിലെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി 1964 ജനുവരി ഒന്നിന് അധികാരമേററു. ശ്രീ. സി. ടി. തോമസ്സ് ആയിരുന്നു ആദ്യത്തെ പ്രസിഡണ്ട്. തുടർന്ന് ശ്രീമാൻമാർ സി. ടി. ദേവസ്സി. എ. സി. മൊയ്തീൻ, എ. മാധവൻ എന്നിവർ ഈ പഞ്ചായത്തിന് ഭരണ നേതൃത്വം നൽകി. ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. സി. ഇ. ഷേയ്ക്ക് അബ്ദുള്ളയാണ്. തെക്കുംകര പഞ്ചായത്ത് ഒരു ഫസ്ററ് ഗ്രേഡ് ഗ്രാമ പഞ്ചായത്ത് ആണ്.

### ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് തെക്കുംകര പഞ്ചായത്തിനെ പ്രധാനമായി നാല് മേഖലകളായി തരംതിരിക്കാം.

1 ഉയർന്ന സമതലം 2 ചരിവു പ്രദേശങ്ങൾ
3 താഴ്വാരങ്ങൾ 4 സമതലങ്ങൾ.

### ഉയർന്നസമതലങ്ങൾ:—

മൊത്തം വിസ്തൃതിയിൽ 5% വരുന്ന ഈ ഉയർന്ന സമതലമാണ് പഞ്ചായത്തിലെ ഏററവും ഉയർന്ന പ്രദേശം. സമുദ്ര നിരപ്പിൽ നിന്ന് വളരെ ഉയരം — മീററർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് പാറയും വെട്ടു കല്ലും ചില സ്ഥലങ്ങളിൽ ചരൽ കലർന്ന മണ്ണും കണ്ടു വരുന്നു. മണ്ണ് കുറവായതിനാൽ ഈ പ്രദേശങ്ങളിൽ മഴവെള്ളം ഊർന്നിറങ്ങൽ കുറവാണ്. അതുകൊണ്ട് തന്നെ കൃഷിയ്ക്കുപററിയ താരതമ്യേന മണ്ണ് കൂടുതലുള്ള ഭാഗങ്ങളിൽ വളരുന്നുണ്ടെങ്കിലും പൊതുവെ പുല്ലാണ് വളരുന്നത്. കൂടാതെ മണ്ണുള്ള പ്രദേശങ്ങളിൽ തെങ്ങ്, കശുമാവ്, മാവ് എന്നിവ നന്നായി വളരുന്നു.

### ചെരിവു പ്രദേശങ്ങൾ:—

ഈ ചെരിവു പ്രദേശങ്ങൾ താഴ്വാരങ്ങളെ പീഠഭൂമിയുമായി ബന്ധിപ്പിക്കുന്നു. ചരൽ കലർന്ന ചെമ്മണ്ണാണ് ഇവിടെ കണ്ടുവരുന്നത്. നല്ല ചതുപ്പ് ഉള്ളതിനാലും വെള്ളത്തിൻെറ കിനിഞ്ഞിറങ്ങൽ കൂടുതലുള്ളതിനാലും ജലക്ഷാമം കുറവാണ്. കൃഷിചെയ്യുന്ന ഭൂമി ഈ വിഭാഗ

ത്തിൽ കുറവാണ്. റബ്ബർ, തെങ്ങ്, കുരുമുളക്, കശുമാവ്, കവുങ്ങ്, വാഴ എന്നിവ ഇവിടെ കൃഷി ചെയ്യുന്നു.

**താഴ്‌വാരങ്ങൾ**;—

ചെരുവുകളേയും സമതലത്തേയും ബന്ധിപ്പിക്കുന്ന കണ്ണികളാണ് താഴ്‌വാരങ്ങൾ. പീഠഭൂമിയിൽ നിന്നും ഒഴുകിവരുന്ന അരുവികൾ ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് അലൂവിയൽ മൺതരം കണ്ടുവരുന്നു. ഇതിൽ തന്നെ കല്ലമ്പാറ, അടങ്ങളം എന്നീ പ്രദേശങ്ങളിൽ മണൽ, ചരൽ എന്നിവ കൂടുതലാണ്. താഴ്‌വാരങ്ങളിൽ പല സ്ഥലങ്ങളിലും മണ്ണ് വ്യത്യസ്തമാണ്. ഫലപുഷ്ടി കൂടുതലുള്ള പ്രദേശങ്ങളിൽ നെല്ല് കൃഷി ചെയ്തുവരുന്നു. ജലലഭ്യത താരതമ്യേന കൂടുതലായതിനാൽ ഇവിടെ ഇരുപ്പൂൽ കൃഷി ചെയ്തു വരുന്നു. പച്ചക്കറികളും പയർ വർഗ്ഗങ്ങളും കൃഷി ചെയ്യുവാൻ പററിയ സ്ഥലങ്ങളാണിവ.

**സമതലങ്ങൾ**:—

വിസ്തൃതിയിൽ ഏററവും കുറവു വരുന്ന ഒരു ഭൂവിഭാഗമാണിത്. തീര സമതലത്തിലൂടെ തെക്കുവടക്കായി പോകുന്ന തൃശൂർ-കുണ്ടുകാട്-വടക്കാഞ്ചേരി പി. ഡബ്ല്യു. ഡി. റോഡ് ഈ പ്രദേശത്തെ രണ്ടായി തിരിച്ചിരിക്കുന്നു. വാഴാനി ഡാമിൽ നിന്നുള്ള ജലം ജലസേചനത്തിന് ഉപയോഗിക്കുന്നത് പ്രധാനമായും ഈ പ്രദേശത്താണ്. താരതമ്യേന ജലക്ഷാമം കുറവായ ഇവിടെ പ്രധാനമായി നെല്ല് കൃഷിചെയ്തു വരുന്നു. പുരയിടത്തോടനുബന്ധിച്ച് തെങ്ങ്, കവുങ്ങ്, വാഴ മുതലായ സമ്മിശ്ര കൃഷി കാണാവുന്നതാണ്.

**വനഭൂമികൾ**:—

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വനഭൂമി ഉൾപ്പെടുന്നു. ഇതിൽ സാധാരണ വനങ്ങൾ സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രകാരമുള്ള വനങ്ങൾ എന്നിവ ഉണ്ട്. തേക്ക്, മുള (ഇല്ലി), അക്കേഷ്യ, യൂക്കാലിപ്ററസ്, മാഞ്ചിയം, കശുമാവ് കൂടാതെ വിവിധ മരങ്ങളും വനം വകുപ്പ് തന്നെ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

**ജലവിഭവം**

വാഴാനി, പത്താഴക്കുണ്ട് എന്നീ രണ്ട് ഡാമുകളുണ്ടെങ്കിലും മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് ഈ പഞ്ചായത്തിൽ നിലനിൽക്കുന്നത്. വർഷത്തിൽ ശരാശരി 300 സെ. മീററർ മഴ ലഭിയ്ക്കുന്നുണ്ട്. മഴയുടെ 70 % കാലവർഷത്തിൽ നിന്നാണ് ലഭിയ്ക്കുന്നത്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏററവും കൂടുതൽ മഴ ലഭിയ്ക്കുന്നത്. ജനുവരിയിൽ കുറവും ലഭിയ്ക്കുന്നു. വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമവും അനുഭവപ്പെടുന്നു.

7 കുളങ്ങളും (പഞ്ചായത്തുവക) മലപ്രദേശങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന ജലം സംഭരിക്കുന്ന 10 ചിറകളും മൂന്നു ചെറുതോടുകളും വാഴാനി ഡാമിൽ നിന്നുള്ള കനാലുകളും ഉൾക്കൊള്ളുന്നതാണ് തെക്കുംകര പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ. കുളങ്ങളും തോടുകളും വേനൽക്കാലത്ത് വററുന്നവയാണ്. വാഴാനി, പത്തായക്കുണ്ട് ഡാമുകൾ മഴയെ മാത്രം ആശ്രയിക്കുന്നതിനാലും, സംഭരണശേഷി കുറവായതിനാലും വേനൽക്കാലത്ത് ആവശ്യമായ ജലസേചനത്തിനു പോലും മതിയാകാത്തതായി കാണുന്നു. പഞ്ചായത്തിലെ മലയോര മേഖലകളിൽ ഭൂഗർഭജല സമ്പത്ത് വളരെ കുറവാണ്. എന്നാൽ താഴ്‌വാരങ്ങളിലും സമതല പ്രദേശളിലും താരതമ്യേന നല്ല ഭൂഗർഭജല സ്രോതസ്സ് ഉണ്ട്. പക്ഷേ പഞ്ചായത്തിന് മതിയായ കുടിവെള്ളം പ്രദാനം ചെയ്യുവാൻ കഴിയുന്ന ജലസ്രോതസ്സുകൾ ഒന്നും തന്നെയില്ലെന്ന് ഇതു സംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നു.

## ജനപ്രകൃതി

1991ലെ കാനേഷുകുമാരി കണക്കുകൾ പ്രകാരം തെക്കുംകര പഞ്ചായത്തിലെ ജനസംഖ്യ 25898 ആണ്. ഇതിൽ 12611 പുരുഷൻമാരും 13287 സ്ത്രീകളുമാണ്. മൊത്തം 6400 വീടുകളാണുള്ളത്. ശരാശരി വീടൊന്നിന് 4.4 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്. ജനസാന്ദ്രത ചതുരശ്രകിലോമീററിന് 469 ആകുന്നു.

സാക്ഷരതാ നിരക്ക് 87.88% ആണ്. ഇതിൽ സ്ത്രീ സാക്ഷരത 84.02% ഉം പുരുഷ സാക്ഷരത 91.74% വും ആണ്. പൊതുവെ പറഞ്ഞാൽ 30% S. S. L. C. പാസ്സായവരാണ്. ബിരുദ ധാരികൾ 5%വും ബിരുദാനന്തര ബിരുദവും പ്രൊഫഷണൽ ബിരുദവും നേടിയവർ 1% ആണ്. സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ എണ്ണം ബിരുദധാരികളുടെ എണ്ണത്തെ അപേക്ഷിച്ച് കുറവാണ്. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു.

തൊഴിൽ പങ്കാളിത്തത്തെക്കുറിച്ചുള്ള പഠനത്തിൽ നിന്നും നാലിൽ ഒരാൾ വീതം ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നതായി മനസ്സിലാക്കാം.

തെക്കുംകര പഞ്ചായത്ത് ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പൊതുവെ ആറെണ്ണമാണെന്നുപറയാം. ഒന്നാമത്തേത് ജലസേചന സൗകര്യങ്ങളുടെ കുറവുമൂലം കാർഷിക മേഖലയുടെ പിന്നോക്കാവസ്ഥയും താഴ്ന്ന ഉല്പാദനക്ഷമതയുമാണ്. രണ്ടാമത്തേത് തൊഴിലില്ലായ്മയാണ്. മൂന്നുമതായി വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതുക്ഷേമ സൗകര്യങ്ങളുടെ ഗുണനിലവാരത്തകർച്ച. നാലാമത് ഗതാഗത സൗകര്യങ്ങളുടെ കുറവ്. അഞ്ച് വൈദ്യുതി വിതരണരംഗത്തെ അപര്യാപ്തത. ആറാമത്തേത് കാലാകാലങ്ങളായി മലയോരങ്ങളിൽ ജീവിച്ചുവരുന്ന കർഷകർക്കും മററുള്ളവർക്കും കൈവശഭൂമിക്ക് പട്ടയം ലഭിയ്ക്കാത്ത അവസ്ഥ എന്നിവയൊക്കെയാണ് പൊതുവെയുള്ളത്.



# കൃഷിയും ജലസേചനവും

തൃശൂർ ജില്ലയുടെ വടക്കേ അതിർത്തിയായ തലപ്പിള്ളി താലൂക്കിന്റെ തെക്കുകിഴക്ക് പഴയ കൊച്ചി രാജ്യത്ത് ചരിത്ര പ്രസിദ്ധമായ മച്ചാട് മല നിരകളുടെ താഴ്‌വരയിൽ കുന്നുകളും, മേട്ടുകളും തട്ടുകളുമായി സ്ഥിതി ചെയ്യുന്ന 55.20 ചതുരശ്ര കിലോമീററർ വിസ്തീർണ്ണമുള്ള പ്രദേശമാണ് തെക്കുംകര പഞ്ചായത്ത് കേരളത്തെ 11 കാർഷിക മേഖലകളായി തരം തിരിച്ചിട്ടുള്ളതിൽ സെൻട്രൽ സോൺ മേഖലയിലാണ് തലപ്പിള്ളി താലൂക്കിന്റെ നെല്ലറയായിരുന്ന ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്ത് ഏകദേശം വർഷം 300 സെ മീ മഴയാണ് ലഭിയ്ക്കുന്നത്. ഇതിൽ പകുതിയിൽ കൂടുതലും തെക്കുപടിഞ്ഞാറൻ കാലവർഷമായ ജൂൺ, ജൂലായ് മാസത്തിലെ ഇടവപ്പാതിയായാണ് ലഭിയ്ക്കുന്നത്. ഒക്ടോബർ, നവംബർ മാസങ്ങളിൽ വടക്കുകിഴക്കൻ കാലവർഷത്തിന്റെ ഭാഗമായി ഏകദേശം 60 % ത്തോളം തുലാവർഷമായി ലഭിച്ചു വരുന്നു. ബാക്കി ഡിസംബറിനു ശേഷം മെയ് വരെയുള്ള കാലയളവിൽ ഇടമഴയായി ലഭിച്ചു വരുന്നു.

ജൂൺ മുതൽ വീശുന്ന തെക്കുപടിഞ്ഞാറൻ കാററും ഒക്ടോബർ മുതൽ മാർച്ചു വരെ വീശുന്ന വടക്കു കിഴക്കൻ കാററും കൃഷിക്ക് പല പ്രകാരത്തിലും ഉപയോഗ പ്രദമാണ്. എന്നാൽ കാലവർഷത്തിനു ശേഷം ഈ കാററ് വരൾച്ചയ്ക്ക് ആക്കം കൂട്ടുന്നു. മകരമാസത്തിലെ മരം കോച്ചുന്ന മഞ്ഞ് ഇവിടെ തീവ്രമായനുഭവപ്പെടുന്നു.

1959ൽ വാഴാനി ഡാം വരുന്നതിനു മുമ്പ് മച്ചാട് ഒരു നെല്ലറയായിരുന്നു. തെങ്ങ്, കവുങ്ങ് എന്നീ ഫലവൃക്ഷങ്ങൾ ഒഴിച്ച് ബാക്കി എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ, പച്ചക്കറി എന്നിവയായിരുന്നു കൃഷി. ഇവയ്ക്കെല്ലാം തന്നെ പരമ്പരാഗത നാട്ടറിവുകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ കൃഷി രീതികളാണ് നടപ്പുണ്ടായിരുന്നത്. ഡാം വന്നതിനു ശേഷം മച്ചാട് മലയിൽ നിന്ന് വയലിലേയ്ക്കുള്ള നീരൊഴുക്ക് നിലച്ചപ്പോൾ നെൽകൃഷി സ്വാഭാവികമായി കുറയുകയും മററ് റബ്ബർ, അടയ്ക്ക, കുരുമുക് എന്നീ നാണ്യവിളകൾ ആ സ്ഥാനം കൈയടക്കുകയും ചെയ്തു. കൂടാതെ 'ഗൃഹ നിർമ്മാണ കൃഷിയും' പുരോഗമിച്ചു വരുന്നുണ്ട്. മലകളിൽ നിന്നൊലിച്ചു വരുന്ന വളം കലർന്ന വെള്ളത്തിന്റെ അഭാവം, ജൈവ വളങ്ങളുടെ ദൗർലഭ്യം, കാർഷിക കൂലിയിൽ വന്ന ഭീമമായ വർദ്ധന, അമിതവും അശാസ്ത്രീയവുമായ രാസവള, കീടനാശിനി പ്രയോഗങ്ങൾ എന്നിവ മൂലം മരിച്ച മണ്ണും, കുറഞ്ഞ വിളവും കൃഷിക്കാരെ നിരാശയുടെ നീർക്കയത്തിൽ മുക്കിയിരിക്കുന്നു.

ഭൂപരിഷ്കരണം മൂലം കൃഷി ഭൂമി കർഷകന്റേതായെങ്കിലും ഫലത്തിൽ തുണ്ടംതുണ്ടവും, ശിഥിലീകരിയ്ക്കപ്പെട്ട (Subdivissions & fragmentations) തുമായിത്തീർന്നു. ഇത് ശാസ്ത്രീയ കൃഷി രീതികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിയ്ക്കുന്നുണ്ട്. പത്തോ അമ്പതോ സെൻറ് സ്വന്തമായുള്ള കർഷകന് അന്യരുടെ ഭൂമിയിൽ പണിക്കു പോകുക എന്നത് ഒരു അപകർഷതാബോധമായി വന്നതു കൊണ്ടും കൃഷിപ്പണി ലാഭകരമല്ലാത്തതിനാലും കർഷകന് കൃഷി ചെയ്യിക്കുവാനുള്ള താത്പര്യം നഷ്ടപ്പെട്ടതിനാലും, നാട്ടു കൃഷിയോടുള്ള അഭികാമ്യമല്ലാത്ത മററവും കാർഷിക രംഗത്ത് അനാരോഗ്യകരമായ പല പ്രവണതകൾക്കും വഴിവെച്ചിട്ടുണ്ട്. ജന്മിമാരാൽ നിർമ്മിയ്ക്കപ്പെട്ട പല പൊതു കുളങ്ങളും സംരക്ഷിയ്ക്കുവാൻ ആളില്ലാത്തതിനാൽ ജലസേചന സൗകര്യം കുറഞ്ഞു.

## ഇന്നത്തെ കാർഷിക വികസന പരിപാടികൾ

'കാർഷികവൃത്തിയുടെ വിവിധ മേഖലകളിൽ പുരോഗതിയും സ്വയം പര്യാപ്തതയും കൈവരുത്തുന്നതിനായി സർക്കാർ അർദ്ധസർക്കാർ തലങ്ങളിൽ വ്യത്യസ്ത ഏജൻസികൾ അവരുടെ സേവനം ഈ തുറയിലേയ്ക്ക് ലഭ്യമാക്കുന്നുണ്ട്.

## കൃഷിഭവൻ

കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

## നെൽകൃഷി വികസന പദ്ധതി

പുതിയ ഇനം വിത്തുകൾ ഉദ്പാദിപ്പിക്കുന്നതിനുള്ള അംഗീകൃത വിത്തുൽപാദന പദ്ധതിയും വിതരണവും ഉണ്ട്. നെൽകൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രൂപ്പ്ഫാർമിംഗ് സമിതികൾ മുഖേന അൻപത് ശതമാനം സബ്സിഡി നിരക്കിൽ ട്രാക്ടർ, ട്രില്ലർ, സ്പെയർ, മെതിയന്ത്രം എന്നിവ നൽകി വരുന്നു. നെൽകർഷകർക്ക് ഓരോ പൂവിനും സമിതി മുഖേന ഉദ്പാദന ബോണസ് ഹെക്ടറിന് 250 രൂപ എന്ന നിരക്കിൽ വിതരണം ചെയ്യുന്നു. നെൽകൃഷിയ്ക്കു മാത്രമായുപയോഗിക്കുന്ന മോട്ടോറിന്റെ വൈദ്യുതിചാർജ്ജ് സൗജന്യമാക്കിയിട്ടുണ്ട്.

## തെങ്ങ്—സമഗ്രനാളികേര വികസന പദ്ധതി

ഗ്രൂപ്പ് മാനേജ്മെൻറ് പദ്ധതിയുടെ ഭാഗമായി കേരളസമിതി റജിസ്ററർ ചെയ്ത് പ്രവർത്തിക്കുന്നു. ചുരുങ്ങിയത് 30 സെൻറ് സ്ഥലവും 25 തെങ്ങും കൈവശമുള്ള കർഷകന് പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകുന്നു. വായ്പാ ബന്ധിതമായോ അല്ലാതെയോ കിണറുകൾ കുഴിയ്ക്കുന്നതിനും പമ്പുസെററുകൾ സ്ഥാപിക്കുന്നതിനും $33\frac{1}{3}$ സഹായധനമോ പരമാവധി 2500 രൂപയോ നൽകും. തെങ്ങിന് മരുന്ന് തളിയ്ക്കുന്നതിനായി ചവിട്ടുപമ്പ് വാങ്ങുന്നതിന് 1000 രൂപ സബ്സിഡിയും തെങ്ങു കയററ യന്ത്രങ്ങൾക്ക് 50 ശതമാനം സഹായധനമോ ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിയിൽ 50% സഹായധനമോ പരമാവധി പതിനായിരം രൂപയോ നൽകുന്നു. കൂടാതെ പച്ചിലവളച്ചെടിയുടെ വിത്ത് 50% സബ്സിഡിയിൽ വിതരണം ചെയ്യുന്നു. കണികജലസേചനം നടത്തുന്നതിന് 50% സബ്സിഡിയോ ഹെക്ടർ ഒന്നിന് പരമാവധി 15000 രൂപയോ നൽകുന്നു.

## നടീൽ വസ്തുക്കൾ

കൃഷിഭവനിലൂടെ WCT തെങ്ങിൻ തൈകളും T × D തൈകളും D × T തൈകളും വിതരണം ചെയ്യുന്നുണ്ട്. 1400 തെങ്ങിൻ തൈകൾ 1995-96ൽ വിതരണം ചെയ്തിട്ടുണ്ട്.

## കുരുമുളക്

കുറഞ്ഞത് 50 സെൻറ് കൃഷിഭൂമിയുള്ള കർഷകർക്ക് പുതുതായി കുരുമുളക് വെച്ചു പിടിപ്പിക്കുന്നതിന് മൂന്നു വർഷത്തേയ്ക്ക് രാസവളങ്ങളും, കീടനാശിനിയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

## നടീൽ വസ്തുക്കളുടെ വിതരണം

പദ്ധതി പ്രകാരം 10000 വേരുപിടിപ്പിച്ച കുരുമുളകുവള്ളികൾ 1996 ൽ വിതരണം ചെയ്തിട്ടുണ്ട്.

## കവുങ്ങ് കൃഷി

കവുങ്ങ് കൃഷിയുടെ ഉൽപാദനത്തെ ബാധിക്കുന്ന മഹാളി രോഗം നിയന്ത്രിക്കുന്നതിനായി സബ്സിഡി നിരക്കിൽ തുരിശു വിതരണം ചെയ്യുന്നു. ആയിരം മംഗള കവുങ്ങിൻ തൈകൾ സൗജന്യമായി 95-96ൽ വിതരണം ചെയ്തിട്ടുണ്ട്.

## പച്ചക്കറി കൃഷി

വിദ്യാർത്ഥികളിൽ കൃഷിയിൽ പ്രത്യേകിച്ച് പച്ചക്കറികൃഷിയിൽ താത്പര്യം വളർത്തിയെടുക്കുന്നതിനായി സൗജന്യമായി പച്ചക്കറി വിത്ത് സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

### ഫലവർഗ്ഗ കൃഷി

ഫലവർഗ്ഗകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു വരുന്നു.

### പ്രത്യേക ഘടക പദ്ധതി

പട്ടികജാതിക്കാർക്ക് കിണർ കുഴിയ്ക്കുവാൻ 6000 രൂപ സബ്സിഡി നൽകിവരുന്നു. കോളനികളിൽ കാർഷികോപകരണങ്ങൾ, പമ്പുസെററുകൾ മുതലായവയ്ക്ക് ധനസഹായം ലഭ്യമാണ്. പട്ടിക ജാതിക്കാർക്ക് ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിയ്ക്കാൻ 8900 രൂപ സബ്സിഡി നൽകുന്നു.

### ദുരിതാശ്വാസം

പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ട പരിഹാരത്തുക നൽകുന്നു.

### വിള ഇൻഷുറൻസ്

നിശ്ചിത പ്രീമിയം അടച്ച് വിവിധ കാർഷിക വിളകൾ ഇൻഷ്വർ ചെയ്യുന്ന കൃഷിക്കാർക്ക് വിളനാശം സംഭവിയ്ക്കുന്ന പക്ഷം ഇൻഷുറൻസ് ആനുകൂല്യം ലഭിയ്ക്കുന്നു.

### യുവജന തൊഴിൽ ദാന പദ്ധതി

ഈ പദ്ധതി പ്രകാരം കൃഷിഭവനിൽ നിന്നും അംഗത്വം നേടിയിട്ടുള്ള യുവജനങ്ങൾക്ക് വിവിധ കൃഷികൾക്കായി ആനുകൂല്യങ്ങൾ നൽകി വരുന്നു.

### മണ്ണുപരിശോധന

ശാസ്ത്രീയമായ വളപ്രയോഗം ഉറപ്പുവരുത്തുന്നതിന് മണ്ണുപരിശോധന സൗജന്യമായി ചെയ്തുകൊടുക്കുന്നു.

### നടീൽ വസ്തു വിതരണം

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 1500 | 1600 | 1400 |
| കശുമാവ് | 200 | 320 | 320 |
| കുരുമുളക് | 10000 | 10000 | 10000 |
| കവുങ്ങ് | 1000 | 1000 | 1000 |

## പാടശേഖര സമിതികളുടെ പട്ടിക

| | പേര് | വിസ്തീർണ്ണം /ഏക്കർ | 95-96ൽ കൊടുത്ത ബോണസ് | കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | കൂത്തുപാറ കർഷക സമിതി | 77.67 | 7767 | 87 |
| 2 | വരടം ചിറ | 60.54 | 6054 | 62 |
| 3 | വാഴാനി | 13.10 | 1310 | 13 |
| 4 | പേരെപ്പാടം | 29.99 | 2999 | 20 |
| 5 | തിരുവാണിക്കാവ് | 61.42 | 6142 | 74 |
| 6 | മലാകം | 33.02 | 3302 | 39 |
| 7 | കാക്കിനിക്കാട് | 43.34 | 4334 | 33 |
| 8 | മലാക്ക | 68.02 | 6805 | 54 |
| 9 | പുത്തുപ്പാടം | 52.04 | 5204 | 63 |
| 10 | മേപ്പാടം | 73.98 | 7398 | 65 |
| 11 | തെക്കുംകര | 75.96 | 7596 | 82 |
| 12 | അമ്പലപ്പാട് | 56.42 | 5642 | 52 |
| 13 | മണലിപ്പാടം | 70.69 | 7069 | 61 |
| 14 | ചിറമുക്ക് | 31.24 | 3124 | 39 |
| 15 | വെസ്റ്റ്പാടി (തല്ലംകുഴി) | 21.60 | 2160 | 23 |
| 13 | വടക്കും മൂലചിറ (കരുമത്ര) | 83.02 | 8302 | 91 |
| 17 | കല്ലമ്പാറ-പനങ്ങാട്ടുകര | 107.65 | 10765 | 111 |
| 18 | വിരുപ്പാക്ക | 35 74 | 3574 | 39 |
| 19 | പഴയന്നൂപ്പാടം | 91.38 | 9138 | 115 |
| 20 | പുന്നപ്പറമ്പ് | 55.65 | 5565 | 63 |

ചില പാടശേഖര സമിതികളുടെ പ്രവർത്തനത്തിൽ മുഴുവൻ കർഷകരും (നെല്ല്) ഉൾപ്പെട്ടിട്ടില്ല. പ്രവർത്തനം നാമമാത്രമായി ചുരുങ്ങി വരുകയാണ്. പ്രധാന കാരണം സാമ്പത്തിക പരാധീനതയാണ്. സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം ഉണ്ടെങ്കിൽ മാത്രമേ സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

കൃഷിഭവനിൽ നിന്നും ഒരു സംഘത്തിലേയ്ക്ക് അതിന്റെ പരിധിയിൽപെട്ട വിസ്തീർണ്ണമനുസരിച്ച് വളത്തിന് പെർമിററ് കൊടുക്കുന്നു. സമിതിയിൽപെട്ട എല്ലാ കൃഷിക്കാർക്കും ഒരേസമയം വളം വാങ്ങുവാൻ സാധിക്കുകയില്ല. ഒററയ്ക്കൊററയ്ക്കായി ബിൽ എഴുതി വളം നൽകാൻ സഹകരണ സംഘം തയ്യാറുമല്ല ഒന്നുകിൽ ഈ രീതിമാററുക അല്ലെങ്കിൽ സമിതിയ്ക്ക് ആവശ്യമായ സാമ്പത്തിക സുസ്ഥിരത ഉണ്ടാക്കുക.

## കേര വികസന സമിതി

ഇതിൽ 917 അംഗങ്ങളുണ്ട്. 20000 രൂപ അംഗത്വഫീസായി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ജനറൽ | (A) | 829 |
| ജനറൽ | (B) | 58 |
| പട്ടികജാതി | (A) | 25 |
| പട്ടികജാതി | (B) | 5 |
| | | 917 |

## കുരുമുളക് വികസന സമിതി

പറമ്പായി. വട്ടായി തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ പ്രവർത്തനം കാര്യക്ഷമമല്ല.

## റബ്ബർ പാൽ ഉൽപാദക സംഘം

മണലിത്തറ, കല്ലമ്പാറ, കാക്കിനിക്കാട്, വീരോലിപ്പാടം പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്നു. ഇവയുടെ പ്രവർത്തനം സജീവമാക്കേണ്ടതുണ്ട്.

## കൃഷിയും ജലസേചനവും

### ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം / ഹെക്ടർ |
|---|---|
| നിലം | 1465 |
| പുരയിടം | 3960 |
| കൃഷിയോഗ്യ തരിശ് | 8 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 12 |

## വിള വിസ്തീർണ്ണവും ഉദ്പാദനവും

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉൽപാദനം ഹെ. ടൺ | ഉൽപാദന ക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 690 | 1518 | 2.2. |
| നെല്ല് (രണ്ടാം വിള) | 710 | 1406 | 1.98 |
| നെല്ല് (മൂന്നാം വിള) | 500 | 1300 | 2.6. |
| പയർ | 88 | 44 | 0.5 M. T. |
| പച്ചക്കറികൾ | 60 | 114 | 1.9 M. T. |
| തെങ്ങ് | 615 | 39.98 ലക്ഷം | 40 എണ്ണം |
| നേന്ത്രവാഴ | 3110 | 3100 | 10 M. T. |
| മരച്ചീനി | 125 | 1500 | 12. M. T, |
| കുരുമുളക് | 210 | 168 | 0. 8, M. T. |
| പ്ലാവ് | 1.5 | 4200 എണ്ണം | 28 എണ്ണം |
| കശുമാവ് | 150 | 180 M. T. | 1.2 M. T. |
| മാവ് | 450 | 405 M. T. | 0. 9 M. T, |
| റബ്ബർ | 405 | 445.5 M.T- | 1. 1 M- T. |
| കവുങ്ങ് | 193 | 569.8 ലക്ഷം | 265 എണ്ണം |
| ഇഞ്ചി | 65 | 138 5 M. T. | 2,9 M. T. |
| മഞ്ഞൾ | 75 | 150. M. T. | 2. M. T. |
| പൈനാപ്പിൾ | 2 | 19. M. T. | 9. 5 M. T. |
| കൊക്കോ | 3 | 1.2. M. T. | 0.4 M. T. |

## രാസവള കീടനാശിനി വിപണനം

| | രാസവളം കീടനാശിനി | | | 1994—95 രാസവളം കീടനാശിനി | | | 1995—96 രാസവളം കീടനാശിനി | | |
|---|---|---|---|---|---|---|---|---|---|
| | M. T. | ദ്രവം ലിററർ | ഖരം കി. ഗ്രാം | M. T. | ദ്രവം ലിററർ | ഖരം കി. ഗ്രാം | M. T. | ദ്രവം ലിററർ | ഖരം കി. ഗ്രാം |
| നൈട്രജൻ | 38.27 | | | 48.40 | | | 60.24 | | |
| ഫോസ്ഫറസ് | 23.10 | 98.6 | 1512 | 37.90 | 110.9 | 1762.5 | 51,10 | 180.3 | 1812.8 |
| പൊട്ടാഷ് | 34.60 | | | 44.72 | | | 56.85 | | |
| ആകെ | 95.97 | | | 131.02 | | | 168.19 | | |

പഞ്ചായത്തിൻെറ പൊതുവായ ഭൂപ്രകൃതി- കുന്നിൻ പ്രദേശങ്ങളും, തട്ടുകളായി തിരിച്ചിട്ടുള്ള ഭൂമികളും, അതിന് താഴെ പരന്ന് കിടക്കുന്ന താഴ്‌വാര പ്രദേശങ്ങളുമാണ്. കുന്നിൻ ചെരിവുകളിൽ ചുവന്നമണ്ണും, മററുഭാഗങ്ങളിൽ കളിമണ്ണും, മണൽ കലർന്ന മണ്ണും ഇടകലർന്ന് കണ്ടുവരുന്നു. ഈ പഞ്ചായത്തിൻെറ കിഴക്കെ അററത്തായി വാഴാനി ജലസംഭരണി സ്ഥിതി ചെയ്യുന്നു. ജല സംഭരണിയുടെ താഴെ നിന്ന് ആരംഭിക്കുന്ന വടക്കാഞ്ചേരി പുഴ നെൽ വയലുകളുടെ മദ്ധ്യേ ഒഴുകുന്നു. വാഴാനി ഡാമിൻെറ ഇടതുകര കനാൽ പഞ്ചായത്തിൻെറ മദ്ധ്യത്തിൽ കുന്നിൻ ചെരിവിലൂടെ വാഴാനി പതിനൊന്നാം വാർഡ്, മണലിത്ര പത്താം വാർഡ്, പുന്നംപറമ്പ് അഞ്ചാം വാർഡ്, തെക്കുംകര നാലാം വാർഡ്, കുണ്ടുകാട് മൂന്നാം വാർഡ്, പനങ്ങാട്ടുകര ഒന്നാം വാർഡ് എന്നിവയെ സ്പർശിച്ച് കൊണ്ട് പടിഞ്ഞാട്ട് ഒഴുകുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടെ കൃഷി ചെയ്യുന്നത്. ഡിസംബർ മുതൽ ആരംഭിക്കുന്ന വേനൽ അതിശക്തിയായി അനുഭവപ്പെടുന്നതുകൊണ്ട് കൃഷിയേയും, കുടിവെള്ളത്തിനേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഈ വരൾച്ചയെ ആക്കം കൂട്ടാൻ വടക്ക് — കിഴക്കൻ കാലപാതം ശക്തിയായി വീശുന്നു. ഇത് ജലദൗർല്ലഭ്യം രൂക്ഷമാക്കുന്നു.

പഞ്ചായത്തിലെ മുഖ്യ വിള നെല്ലാണ്. പൊതുവെ ഫലപുഷ്ടികുറഞ്ഞ മണ്ണാണ് കണ്ട് വരുന്നത്. ഫലഭൂയിഷ്ടമാക്കുന്നതിനാവശ്യമായ ജൈവവളങ്ങൾ ആവശ്യത്തിന് ലഭ്യമല്ലാത്ത സ്ഥിതിയായത് കൊണ്ട് മണ്ണിൻെറ ഘടന മെച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. കാർഷിക മേഖലയ്ക്ക് അത്യാവശ്യമായ ഉഴവുമാടുകളെ വളർത്തുന്നതിന് ഇപ്പോഴുള്ള സ്ഥിതി അനുകൂലമല്ല. കാരണം ആവശ്യമായ മേച്ചിൽ സ്ഥലങ്ങളൊ, പ്രകൃതി

ദത്തമായ തീററപ്പുല്ലുകളോ ലഭ്യമല്ലാത്തതുകൊണ്ട് വളർത്തുന്നതിന് സാദ്ധ്യമല്ല. ഉയർന്ന നിലവാരത്തിലുള്ള തീററ വാങ്ങി കൊടുത്ത് കാലികളെ സംരക്ഷിക്കുന്നതിന് ചെറുകിട പരിമിത കൃഷിക്കാരായവർക്ക് കഴിയുന്നില്ല. ഇന്ന് ഉഴവിന് കന്നുകാലികൾക്ക് പകരം യന്ത്രസാമഗ്രികളാണ് ഉപയോഗിക്കുന്നത്. ഇവ കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനും മററും ആവശ്യമായ വഴികൾ ഇല്ലാത്തതുകൊണ്ട് ആവശ്യമായ സമയത്ത് കൃഷി ഇറക്കുന്നതിന് കഴിയാറില്ല. തുടർച്ചയായി നെല്ല് മാത്രം കൃഷി ചെയ്യുന്നത് മൂലം നെൽകൃഷിക്ക് ആവശ്യമുള്ള അപൂർവ്വ മൂലകങ്ങൾ (Trace Elments) നഷ്ടപ്പെടുകയും അതിനാൽ കാലക്രമത്തിൽ ഉല്പാദനക്ഷമത കുറഞ്ഞു വരുന്നു. ആവശ്യമുള്ള തോടുകളും, പുറംമ്പോക്ക് വെള്ളചാലുകളും കാലാ-കാലങ്ങളിൽ സംരക്ഷണമില്ലാതെ നാശോന്മുഖമായിരിക്കുകയും അന്യാധീനപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ വർഷകാലത്ത് വെള്ളം ഒഴിഞ്ഞുപോകാൻ നിവൃത്തിയില്ലാതെ വെള്ളപൊക്കം മൂലം കാർഷിക മേഖലയിൽ തുടർച്ചയായി നാശനഷ്ടങ്ങൾ ഉണ്ടാകുന്നു. വെള്ളം കുറഞ്ഞ സമയങ്ങളിൽ വെള്ളച്ചാലുകളിലൂടെ വെള്ളംതിരിച്ച് കൊണ്ടുപോകുവാൻ സൗകര്യപ്പെടാത്തത് കൊണ്ട് വരൾച്ചയും കൃഷിയെ നാശത്തിലേക്ക് നയിക്കുന്നു.

മേൽ പറഞ്ഞ കാരണങ്ങളാൽ കുറഞ്ഞ് കൊണ്ടിരിക്കുന്ന ഉൽപ്പാദന ക്ഷമത വർദ്ധിപ്പിച്ച് നെൽ കൃഷി ലാഭകരമാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങളും, നിർദ്ദേശങ്ങളും ഏററവും കൂടിയ വേഗത്തിൽ നിർവ്വഹിക്കേണ്ടതാണ്. യന്ത്രസാമഗ്രികൾ കൃഷി സ്ഥലത്തേക്ക് എത്തിക്കുന്നതിനും, അത് പോലെ തന്നെ കൃഷി ഉല്പന്നങ്ങൾ തിരിച്ചെത്തിക്കുന്നതിനും ആവശ്യമായ ഫാം റോഡുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഒന്നാം വാർഡിന്റെ വലിയ കുളത്തിന്റെ അടുത്ത് എത്തിനിൽക്കുന്ന വഴി വടക്കോട്ട് നീലച്ചിറ വരെനീട്ടുക. രണ്ടാം വാർഡ് കുററഞ്ചേരി, നായരങ്ങാടി, അഞ്ചീട്ടി, പുലിക്കപ്പുറം, അത്താണി വഴി ഫാം റോഡ് ഉണ്ടാക്കുക. നാലാം വാർഡിൽ വാഴാനി കനാലിന്റെ 8/2 ലുള്ള യു. ടി. യിൽ കൂടി വരുന്നവെള്ളം പെരിട്ടകാട് വഴി പോകുന്ന ചാല് വീതി കൂട്ടി സംരക്ഷിച്ച് വടക്കാഞ്ചേരി പുഴ വരെ നീട്ടുക. ഇതിന്റെ ഒരു ഭാഗം ഫാം റോഡാക്കി മാററുകയും ചെയ്യുക. വടക്കാഞ്ചേരി പുന്നംപറമ്പ് റോഡിന്റെ 3.800ൽ നിന്ന് കൃഷിയിടത്തിലേക്ക് ഇറങ്ങുന്നതിന് വഴി തുറക്കുക. രവിപുര മംഗലത്ത് എത്തി നിൽക്കുന്ന വഴി വടക്കാഞ്ചേരി പുഴക്ക് മീതെ മങ്കരക്ക് കൂട്ടി മുട്ടിക്കുക. രവിപുര മംഗലത്തിന്റെ പടിഞ്ഞാറ് വശത്ത് കൂടി വടക്കാഞ്ചേരി പുഴവരെ ഒരു ഫാം റോഡ് നിർമ്മിക്കുക. വാർഡ് XI-ൽ നിന്ന് തുടങ്ങി വിരുപ്പാക്ക മണലിത്ര, കരുമത്ര, കുളപ്പുര മംഗലം, പനങ്ങാട്ടുകര, വരെ ഒരു ഫാം റോഡ് നിർമ്മിക്കുക. വാർഡ് XI-ൽ വാഴാനി മെയിൻ റോഡിൽ നിന്ന് ശാസ്താക്ഷേത്രം പുഴയുടെമീതെ ഒരു ക്രോസ്‌വെ പണിയുക. വെള്ളം കുണ്ടി, പേരേപ്പാടം, ഫാം റോഡ് നിർമ്മിക്കുക. കാഞ്ഞിരം മണലിപ്പാടം ബന്ധിപ്പിക്കുന്ന ഫാം റോഡ് നിർമ്മിക്കുക. വിരുപ്പാക്ക - കരുമത്ര ബന്ധിപ്പിക്കുന്ന ഫാം റോഡ് നിർമ്മിക്കുക. വിരുപ്പാക്ക - മണലിത്ര ബന്ധിപ്പിക്കുന്ന ഫാം റോഡ് നിർമ്മിക്കുക.

വേനൽകാല ജലസേചനത്തിന് താഴെ പറയുന്ന കുളങ്ങൾ താഴ്ത്തി സംരക്ഷിക്കേണ്ടതാണ്.

**പൊതുകുളങ്ങൾ**

(1) തോൽക്കുളം, ward I പാലക്കുളം ward IV. ശങ്കരംകുളം, എറാംകുളം ward VI. നാലാംകോട് കുളം ward VII കുററിക്കാട്ചിറ ward VII. പൊട്ടക്കുളം, ചന്തുവിന്റെചിറ ward VIII താമരക്കുളം ward IX. പാലക്കൽ കുളം ward X പുവ്വത്തിങ്കൽ കുളം ward III വിരുപ്പാക്കകുളം ward XI, ചിപ്പ്ചിറ പുലിക്കപ്പുറം ചിറVI.

കൂടാതെ, സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതും, പൊതു പ്രസക്തിയുള്ളതുമായകുളങ്ങൾ. വല്ല്യകുളം ward I, ചെറുകുളം ward I വടക്കേചിറ ward I തെങ്ങും കുളം ward I. ഇല്ലികുളം ward IV. അന്ത്യംകുളം ward IV. അമ്പലപ്പാട്ട് ചിറ ward VI എന്നിവയും, പുതു

തായി പറത്താഴകുണ്ട്-കുളത്താഴം ഭാഗത്ത് മേപ്പാടം പുല്ലിക്കപ്പുറം, തളിയംകുണ്ട് എന്നീ പ്രദേശങ്ങളിലും മേപ്പാടത്തും ചിപ്പ്ചിറ പുലിക്കപ്പുറം ചിറ കൊളത്താശ്ശേരിയിലും, കുററികാട്ടും ഓരോകുളങ്ങൾ പുതുതായി നിർമ്മിക്കണം. കൂടാതെ വട്ടായി, കുണ്ട്കാട്, കൊററം കോട്, തച്ചംകുഴി, അടങ്ങളം എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കണം,

താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിയ ചിറകൾ നിർമ്മിക്കേണ്ടതും ചീർപ്പുകളിട്ട് സംരക്ഷിക്കേണ്ടതുമാണ്.

പഴയന്നൂർപ്പാടം. കൊളത്താശ്ശേരി, എടവനക്കാട്, ward VIII. കേരംചിറ, ആററുപ്പുറം ചിറ, പന്തിശ്ശേരിചിറ ward VI. പുന്നപറമ്പ്-കരുമത്ര റോഡിലുള്ള ഒവുകൾക്ക് പലകയിടുക. ഒമ്പതാം വർഡിൽ ഏകരമരി, ഈപ്പൻ എന്നിചിറകളുടെ കേടുപാടുകൾ തീർത്ത് ചീർപ്പിടേണ്ടതാണ് മുള്ളൻ ചിറ ചീർപ്പിട്ട് സംരക്ഷിക്കേണ്ടതാണ്. ward VIII

വാഴാനിയിൽ നിന്ന് ആരംഭിക്കുന്ന വടക്കാഞ്ചേരി പുഴ അഞ്ചാം വർഡിലെചെമ്പറ ചിറ വരെയുള്ള ഭാഗത്ത് അനഃധികൃത കയ്യേററക്കാരെ ഒഴിവാക്കി പുഴയുടെ ആഴവും വീതിയും കൂട്ടി ഇരുപുറവും കെട്ടിസംരക്ഷിച്ച് ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും ആവശ്യമായ കാര്യങ്ങൾ സ്വീകരിക്കുകയും, ഈ പുഴയിൽ ഇപ്പോഴുള്ള ചിറകൾ കേടുപാടുകൾ തീർത്ത് സ്ഥിരം ഷട്ടറിട്ട് ജലസേചനം വർദ്ധിപ്പിക്കേണ്ടതാണ്. ഇത് എല്ലാകാലത്തും തോട്ടിൽ നിന്നും ജലസേചനത്തിനും മണ്ണിന്നടിയിലെ ജലനിരപ്പ് ഉയർത്തുവാനും സഹായിക്കുന്നു.

ജലനിർഗ്ഗമനത്തിന് താഴെ പറയുന്ന ചാലുകൾ വീതി കൂട്ടി താഴ്ത്തി സംരക്ഷിക്കേണ്ടതാണ്. (1) വരടംചിറയിൽ നിന്ന് താമരകുളത്തിലേക്കുള്ള മൺചാല്, തമരകുളത്തിൽ നിന്ന് വടക്കാഞ്ചേരി പുഴയിൽ ചേരുന്ന ചാല്, കാക്കിനികാട് തടയണയിൽ നിന്നും, കിടാരം ചാട്ടത്തിൽ നിന്നും അണക്കെട്ടിലേക്ക് പോകേണ്ട വെള്ളം ശരിയായി എത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക. പേരേപ്പാറ മൈനർ ഇറിഗേഷൻ അണകെട്ട് ഉപയോഗശൂന്യമായും, കേസ്സിൽ തീർപ്പാകാതെയും കിടക്കുന്നു. പ്രസ്തുതകാര്യങ്ങൾ ഉടൻ പരിഹരിച്ച് അതിൽ നിന്നും വെള്ളം ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുക. മാനം കോട്ടിൽ നിന്ന് വരുന്ന വെള്ളം വട്ടവളപ്പ് എന്ന സ്ഥലത്ത് രണ്ടായിതിരിയുന്നതിനാൽ ഒന്ന് പടിഞ്ഞാറോട്ട് ഒഴുകി പുറംമ്പോക്ക് ചാലിൽക്കൂടി ആക്കതിരുത്തിചിറക്ക് സമീപം എത്തിക്കുവാനും, മറെറാരു കൈവഴി വാസുദേവപുരം ക്ഷേത്രത്തിന്റെ പിന്നിൽകൂടി പോകുന്നത് മണലിത്ര തോട്ടിൽ പതിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുക ഈ ചാലിൽ അനഃധികൃത കയ്യേററം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് അധികവെള്ളം ഒഴിഞ്ഞ് പോകുന്നതിനും കുറവ് വെള്ളം തിരിച്ചുകൊണ്ട് വരുന്നതിനും സഹായകരമായിരിക്കും. പറയൻതുരുത്തിയിൽ നിന്ന് ആരംഭിക്കുന്ന കാഡാചാല് വികസിപ്പിക്കുന്നപക്ഷം 250 ഏക്കർ സ്ഥലത്തേക്ക് കൂടി ജലസേചനത്തിന് സൌകാര്യമാകും

വാഴാനി കനാലിന്റെ (Ward IVൽ) സ്പൌട്ട് No : 19-ൽ നിന്ന് വരുന്ന ചാല് വടക്കാഞ്ചേരി പുഴ വരെ താഴ്ത്തി വീതി കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കേണ്ടതാണ്. സ്പൌട്ട് No : 20-ൽ നിന്ന് വരുന്ന ചാല് വടക്കാഞ്ചേരി പുഴ വരെ വീതികൂട്ടി സംരക്ഷിക്കേണ്ടതാണ്. ഒന്നാം വാർഡിൽ ചിലമ്പിയൻ ചോലയിൽ ചെക്ക് ഡാം നിർമ്മിക്കുകയും. ചോലയിൽ നിന്നുള്ള ചാല് താഴ്ത്തി വീതി കൂട്ടി രണ്ട് വശവും കെട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ ചീർപ്പുകളിട്ട് സംരക്ഷിക്കേണ്ടതാണ്. പ്രസ്ഥുത വെള്ളചാല് നീലറ തോട് വരെ നീട്ടി സംരക്ഷിക്കേണ്ടതാണ് പേരേപ്പാറ മാനാംകോട് ചിറ കെട്ടിനിർത്തി ചീർപ്പിട്ട് കരുമത്ര താമരക്കുളം വരെ ജലസേചന സൗകര്യവും നിർവ്വഹിക്കാവുന്നതാണ്. ഈ മൈനർ ഇരിഗേഷൻ ഡാം പ്രവർത്തന ക്ഷമമായാൽ XI-ാം വാർഡിലെ കുടിവെള്ള ക്ഷാമം പകുതി

യോളം പരിഹരിക്കാവുന്നതുമാണ്. പത്താഴകുണ്ട് ഡാമിൽ ഉള്ള ചോർച്ച തടയുകയും, ഡാമിൽ 50 H. P. പമ്പ് സെററ് സ്ഥാപിച്ച് ചെപ്പാറ, പറമ്പായി, കൂത്തുപ്പാറ, പുലിപ്പുറം, വെടിപ്പാറ എന്നിവിടങ്ങളിലേയ്ക്ക് പൈപ്പ് വഴി വെള്ളം എത്തിക്കുക. പറമ്പായിലുള്ള സോണാ പൈപ്പ് ഫാക്ടറിയിൽ നിന്നുള്ള H. K. V. ലൈനിൽ നിന്ന് ഒരു കിലോ മീററർ നീട്ടി നായരങ്ങാടിയിലേക്ക് ട്രാൻസ് ഫോമർ സ്ഥാപിക്കുക. കൂത്തുപ്പാറ, കുളത്താഴം, അഞ്ചീട്ടി, പറമ്പായി, ചെല്ലി, ചെപ്പാറ എന്നിവിടങ്ങളിലേക്ക് വൈദ്യുതി എത്തിച്ചാൽ കൃഷികർക്ക് വളരെയധികം ഉപകരിക്കുന്നതാണ്. വാഴാനി ഡാമിൽ നിന്നുള്ള മെയിൻ കനാലിൽ നിന്ന് (3/400 ൽ) മലാക്ക വഴി പന്നിശ്ശേരി, ആററുപുറം, പേര എന്നിവിടങ്ങളിലേക്ക് ഒരു ബ്രാഞ്ച് കനാൽ ഉണ്ടാക്കുന്ന പക്ഷം മേൽപറഞ്ഞ കൃഷി സ്ഥലങ്ങളിൽ വെള്ളം എത്തിക്കുവാൻ കഴിയും. പീച്ചി, വാഴാനി പദ്ധതികളുടെ കനാലുകളെ ബന്ധിപ്പിച്ച് കൊണ്ട് ഉദ്ദേശം 3 കി. മീററർ ദൂരം കുണ്ടുകാടിന്റെ മേൽ ഭാഗത്ത് കൂടി ഒരു പുതിയ ബ്രാഞ്ച് കനാൽ നിർമ്മിക്കുക. അത് പോലെ തന്നെ വാഴാനി കനാലിൽ നിന്ന് കല്ലംപാറ, പല്ലിക്കാട് വഴി ഒരു ബ്രാഞ്ച് കനാൽ നിർമ്മിക്കുക, വളരെയധികം കൃഷിക്ക് ജലം ഉപകരിക്കുന്നതാണ്.

## ഒന്നാം വിള

690 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. പൊതുവെ അത്യുല്പാദന ശേഷിയുള്ള ചുവന്ന ത്രിവേണി, ജോതി, 0.10, എന്നിവയും, നാടൻ ഇനങ്ങളായ കട്ടമേടൻ, ചീര എന്നിവയാണ് ഇപ്പോൾ കൃഷി ചെയ്ത് വരുന്നത്.

## രണ്ടാം വിള

710 ഹെക്ടർ സ്ഥലത്ത് നെല്ല് കൃഷി ചെയ്യുന്നു. ഇതിൽ കൂടുതലായി കൃഷി ചെയ്യുന്നത് നാടൻ ഇനമായ ചിററാനിയും, അത്യുല്പാദന ശേഷിയുള്ള ചുവന്ന ത്രിവേണിയും, ജോതിയുമാണ്.

## മൂന്നാം വിള

വാഴാനി ഡാമിൽ നിന്ന് ലഭിക്കുന്ന ജലലഭ്യത അനുസരിച്ചാണ് മൂന്നാം വിള കൃഷി ചെയ്യുന്നത്. കൃഷിചെയ്യുവാൻ കഴിയുന്ന കാലഘട്ടത്തിൽ 500 ഏക്കറോളം സ്ഥലത്ത് കൃഷി ചെയ്യാറുണ്ട്. ഇതിന് പൊതുവെ നാടൻ ഇനമായ ചീരയും, അത്യുല്പാദന ശേഷിയുള്ള ചുവന്ന തിവേണിയുമാണ് കൃഷി ചെയ്യുന്നത്.

പൊതുവെ നെല്ലിന്റെ ഉല്പാദന ക്ഷമത കുറവാണ്. പഴയ നാടൻ ഇനങ്ങളും, പുതിയ അത്യുല്പാദന ശേഷിയുള്ള വിത്തുകളും, തുണ്ടുതുണ്ടായി കിടക്കുന്ന കൃഷിസ്ഥലങ്ങളിൽ ഇടകലർത്തിയാണ് കൃഷി ചെയ്യുന്നത്. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ രണ്ട്-മൂന്ന് തവണ കൃഷി ചെയ്യുമ്പോൾ ഉല്പാദന ക്ഷമത കുറഞ്ഞ് വരുന്നു. കൃഷിയിടങ്ങളിൽ ഒരേ തരം വിത്ത് പണിയുകയും, അതിന് ഉല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിക്കാർക്ക് ആവശ്യത്തിന് ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം.

## വളം

ജൈവ വളങ്ങളായ പച്ചില കാര്യമായി ലഭിക്കാനില്ല. പുരയിടങ്ങളുടെ അതിരുകളിലും മററും നിൽക്കുന്ന ശീമകൊന്ന, തുടങ്ങി അപൂർവ്വമായി കുറച്ചൊക്കെ ലഭ്യമാണെങ്കിലും ആവശ്യത്തിനനുസരിച്ച് ലഭ്യമല്ലാത്തത് കൊണ്ട് ജൈവ വളങ്ങൾ ആവശ്യത്തിന് ലഭ്യമാകാവുന്ന സ്ഥിതി വിശേഷം ഉണ്ടാക്കേണ്ടതാണ്. കന്നുകാലി സമ്പത്ത് വളരെ പരിമിതമാകയാൽ കൃഷിക്കാവശ്യമുള്ള ചാണകം തീരെ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാർക്ക് ചെയ്യാവുന്ന എല്ലാ ഘടകങ്ങളും ചെയ്ത് കൊടുക്കേണ്ടതാണ്. ഇതിന് ഇന്ന് രാസവളങ്ങളാണ് കൃഷിക്കാർ ഉപയോഗിച്ച് വരുന്നത്. വാസ്തവത്തിൽ മണ്ണ് പരിശോധിച്ച് അതിന്റെ ഘടനക്ക് അനുസൃതമായ രീതിയിലല്ല രാസവളപ്രയോഗം നടത്തുന്നത്. ഏകോപിച്ചുള്ള രാസവള പ്രയോഗവും നടത്താറില്ല.

മണ്ണിന്റെ ഘടന പുഷ്ടിപ്പെടുത്തുന്നതിനുള്ള കുമ്മായം ആവശ്യത്തിന് ലഭ്യമാകുന്നില്ല. ലഭ്യമാകുകയാണെങ്കിൽ വിലക്കൂടുതൽ കൊണ്ട് കാര്യമായി കൃഷിക്കാർ ഉപയോഗിക്കാറില്ല.

## കീടനാശിനി

നെൽകൃഷി ആരംഭിക്കുന്നതോടൊപ്പം തന്നെ പലതരത്തിലുള്ള കീടങ്ങളും കുമിൾ രോഗങ്ങളും കണ്ടുവരുന്നു. ഇതിൽ പ്രധാനമായി കണ്ട് വരുന്നത് ഓലചുരുട്ടിപ്പുഴു, തണ്ട്തുരപ്പൻ, ചാഴി എന്നീ കീടങ്ങളും, ബ്ലാസ്ററ്, ഇലപ്പുള്ളിരോഗം തണ്ട്ചീയൽ എന്നിവയുമാണ് കണ്ടു വരുന്നത്. ഇപ്പോൾ മാർക്കററിൽ നിന്ന് ലഭിക്കുന്ന കീടനാശിനിയും കുമിൾ നാശിനിയുമാണ് ഉപയോഗിക്കുന്നത്. ഇന്ന് ശാസ്ത്രീയാടിസ്ഥാനത്തിലല്ല, ആവശ്യാനുസരണവുമല്ല, ഏകീകൃത സ്വഭാവത്തിൽ കൂടിയുമല്ല. ഇതുകൊണ്ട് തന്നെ കീടനാശിനികൾ ഉപയോഗിച്ചാൽ തന്നെ അതിന്റെഫലം ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ ശാസ്ത്രീയാടിസ്ഥാനത്തിൽ, ഏകീകൃതമായി ചെയ്യുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

## കൃഷി ഉപകരണം

ആദ്യ കാലങ്ങളിൽ കന്ന് കാലികളെ കൊണ്ടാണ് കൃഷിഭൂമി ഉഴവ് നടത്തിവന്നിരുന്നത്. കന്നുകാലികൾ ഇല്ലാത്തതുകൊണ്ട് ഇന്ന് ട്രാക്ടർ, ട്രില്ലർ എന്നിവ ഉപയോഗിച്ചാണ് ഉഴവ് നടത്തുന്നത്. എന്നാൽ യന്ത്ര സാമഗ്രികൾ ആവശ്യ സമയത്ത് ആവശ്യമുള്ള യന്ത്രങ്ങൾ ലഭിക്കാറില്ല. അതിനാൽ ആവശ്യമുള്ള സമയങ്ങളിൽ യന്ത്രസാമഗ്രികൾ കൃഷിക്കാർക്ക് പാടങ്ങളിൽ ഉഴുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. ഇന്ന് മേൽ പറഞ്ഞ തരത്തിലുള്ള ട്രാക്ടറുകൾ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതാണ്. അതുകൊണ്ട് തന്നെ ആവശ്യത്തിന് കിട്ടാതെവരികയും, ഏകീകരിച്ചുള്ള ഉഴവു കൂലിയുമല്ലാ വാങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരമായി പൊതുവായിട്ടുള്ള തരത്തിലുള്ള യന്ത്രസാമഗ്രികൾ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കണം. കൃഷിയിടങ്ങളിലേക്ക് അനായാസം യന്ത്രസാമഗ്രികൾ കൊണ്ട് പോകുന്നതിനാവശ്യമായവഴികൾ ഫാം റോഡുകൾ ഉണ്ടാക്കേണ്ടതാണ്.

## വിപണന സൌകര്യം

കൃഷിക്കാരുടെ കാർഷികോല്പന്നങ്ങൾക്ക് വിപണനത്തിനാവശ്യമായ സൌകര്യങ്ങൾ ഇന്ന് പഞ്ചായത്തിലില്ല. ഈ വിപണനങ്ങൾ നടത്തുന്നത് സ്വകാര്യ വ്യക്തികളാണ്. വിളവെടുപ്പ് കാലത്ത് ഉല്പന്നങ്ങൾ കുറഞ്ഞ വിലക്ക് വിൽക്കാൻ കൃഷിക്കാർ നിർബ്ബന്ധിതരാകുന്നു. കൃഷി ഇറക്കുന്നതിനുമുൻപ് തന്നെ സ്വകാര്യ വ്യക്തികളിൽ നിന്ന് കൃഷിക്കാർ മുൻകൂറായി പണം കടംവാങ്ങുന്ന ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. ഇതിന് പരിഹാരമായി ലളിതമായ രീതിയിലും കുറഞ്ഞ പലിശക്കും പണം ലഭ്യമാക്കുന്നതിനാവശ്യമായ പൊതുസംരംഭങ്ങൾ കൂടുതൽ ഉണ്ടാകേണ്ടതുണ്ട്. വിളവെടുപ്പ് കാലഘട്ടങ്ങളിൽ സാധനങ്ങൾ വാങ്ങുന്നതിനും വിപണനത്തിനും ആവശ്യമായ മൂന്നോ—നാലോ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്.

## കർഷകതൊഴിലാളി

ആവശ്യത്തിന് കർഷകതൊഴിലാളികളെ ലഭിയ്ക്കുന്നില്ല ചെറുപ്പക്കാർ ആരും തന്നെ ഈ രംഗത്തേക്ക് വരുന്നതിന് ഇഷ്ടപ്പെടുന്നില്ല കർഷകതൊഴിലാളികളുടെ എണ്ണം കുറയുന്നത് കൊണ്ട് കൂലിനിരക്ക് ഈ മേഖലക്ക് താങ്ങാൻ കഴിയാവുന്നതിൽ കൂടുതൽ വർദ്ധനവ് വരുന്നു. അതേ സമയം തൊഴിലാളികളുടെ സേവന വ്യഗ്രത കുറഞ്ഞ് വരുന്നു. കാർഷിക മേഖലയിലേക്ക് കൂടുതൽ ആൾക്കാർ കടന്നുവരാതിരിക്കാനുള്ള ഒരു കാരണം കർഷികമേഖല ഒരു 'മാന്യതമേഖല' യായി പൊതുവെ കാണുന്നില്ല. കർഷകവൃത്തിയുടെ മാന്യത വെള്ളക്കോളർ സമൂഹം അംഗീകരിക്കണം. ഇതിന് പരിഹാരമായി ഗവൺമെൻറും മററ് ഏജൻസികളും അവാർഡുകൾ പ്രഖ്യാപിച്ച് കൊണ്ട് മുമ്പോട്ട് വരുന്നുണ്ടെങ്കിലും ഉദ്ദേശിച്ചത്ര പുരോഗതി രംഗത്തുണ്ടായിട്ടില്ല. അതുകൊണ്ട് ഈ മേഖലക്ക് മാന്യസ്വഭാവം കൈവരുത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാക്കു

കയും കൂടുതൽ ആളുകളെ മേഖലയിലേക്ക് ആകർഷിക്കുന്നതിന് പ്രേരിതമാകുന്ന അവസ്ഥ സംജാതമാകുകയും ചെയ്യേണ്ടതാണ്. കൂടാതെ കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ കയററി ഇറക്കുന്നതിനുള്ള സ്വാതന്ത്ര്യം കർഷകരിലും കർഷകതൊഴിലാളികളിലും ഏററവും കൂടിയ വേഗത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് ജോലി സുസ്ഥിരമാക്കുന്നതിനുള്ള സംവിധാനങ്ങൾ ആവശ്യമായ നടപടികൾ എല്ലാം തന്നെ ഉണ്ടാക്കേണ്ടതാണ്.

## ഊർജ്ജം

കൃഷിക്കാവശ്യമായ വെള്ളം ലഭിക്കുന്നതിന് മോട്ടോർ പമ്പ്സെററ് എന്നിവ അടിയന്തിര പ്രധാനമായും അനുവദിക്കുകയും ഇന്ന് നില വിലുള്ള പവർ അലോക്കേഷൻ ഒഴിവാക്കുകയും മേൽപറഞ്ഞ മോട്ടോർ, പമ്പ്സെററുകൾ സബ് സിഡിയായി അനുവദിക്കുകയും, കൃഷിക്കാർക്ക് മുൻഗണനാ അടിസ്ഥാനത്തിൽ വൈദ്യുതി കൊടുക്കുവാനും കഴിയണം. കൃഷിക്കാർക്ക് വൈദ്യുതി നിരക്ക് ഒഴിവാക്കി കൊടുക്കുകയും വേണം. ഏതെങ്കിലും കൃഷിയിടങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സോളാർ വൈദ്യുതി പമ്പ് സെററുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## സാമ്പത്തിക സഹായം

ഏററവും പ്രാധാന്യമർഹിക്കുന്ന കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ പൊതു പണമിട പാട് സ്ഥാപനങ്ങളുടെ കുറവുണ്ട്. S.B.T. അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ് പഞ്ചായത്തിൽ ഉള്ളത്. സാമ്പത്തിക ഭദ്രതക്കുവേണ്ടി സ്വകാര്യ വ്യക്തികളിൽ നിന്നും അമിത പലിശക്ക് പണം വാങ്ങുന്നതുമൂലം ഉൽപ്പന്നങ്ങൾ വില കൂടുന്നതുവരെ സൂക്ഷിച്ചു വെക്കാൻ സാധിക്കാതെ വിളവെടുപ്പു സമയത്തു തന്നെ ഉൽപ്പന്നങ്ങൾ വിൽക്കുവാൻ നിർബന്ധിത മായിത്തീരുന്നു. അതുകൊണ്ട് ഈ വിപുലമായ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ആവശ്യ മായിട്ടുണ്ട്, കാർഷിക സഹകരണ സംഘങ്ങൾ രൂപം കൊടുക്കുകയും സമയാസമയങ്ങളിൽ ഏററവും ലളിതമായ രീതിയിലും കുറഞ്ഞ പലിശക്കും (സ്ഥാപനത്തിന് നഷ്ടവും ലാഭവു മില്ലാത്ത വിധത്തിൽ) വായ്പാ ലഭ്യമാക്കുന്നതി നാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## രണ്ടാമത്തെ മുഖ്യവിളയായ തെങ്ങ്.

പഞ്ചായത്തിൽ ലഭ്യമായ വിവരമനുസരിച്ച് 615 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തി വരുന്നു, പുരയിടങ്ങളിൽ മിശ്രവിള രൂപത്തിലും ചെറിയ-ചെറിയ തുണ്ടുകളിലും. തോട്ടം അടിസ്ഥാനത്തിലും കൃഷിചെയ്ത് വരുന്നു, തെങ്ങ് കൃഷിക്ക് അനുകൂലമായ മണ്ണിന്റെ ഘടനയല്ല. ചില സ്ഥലങ്ങളിൽ നീർവാർച്ച കുറവും പലേ സ്ഥങ്ങളിൽ ജലലഭ്യതയും, കുറവാണ് തെങ്ങ് ഒരു മുഖ്യവിള എന്ന നിലയിലുള്ള പരിഗണന പൊതുവെ കൊടുത്ത് കാണുന്നില്ല. ഈ കാരണങ്ങളാൽ തന്നെ ഉല്പ്പാദനക്ഷമത വളരെ കുറവാണ്. ശരാശരി വർഷം 30-35 തേങ്ങ മാത്രമാണ് ലഭ്യമായി കാണുന്നത്. നെൽകൃഷിയുടെ മേഖലയിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് പലരും തെങ്ങ് കൃഷി ചെയ്യുവാൻ ആരംഭിച്ചു കാണുന്നുണ്ട്. തെങ്ങ് കൃഷി ഫലപ്രദമായി ചെയ്യുന്നതിന് ആവശ്യമായ നല്ലയിനം തെങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കുക, ജലസേചനത്തിനും വളപ്രയോഗത്തിനും കൂടുതൽ പരിഗണന കൊടുക്കുകയും ഉല്പന്നത്തിന് നല്ലവില ലഭ്യമാകുന്നതിനും വേണ്ട നടപടി സ്വീകരിക്കുകയും, പാഴായി പോകുന്ന സാധനങ്ങളുടെ (ചിരട്ട, ചകിരി, തടി) പുതിയ സംസ്ക്കരണ യൂണിററുകൾ കണ്ടെത്തുകയും, വിപുലീകരിക്കുകയും വേണ്ടുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ് തേങ്ങാസംഭരണത്തിനും സംസ്ക്കരണത്തിനുമായി കൊപ്രാ ഡ്രയർ യൂണിററ് ആരംഭിക്കേണ്ടതാണ്. ചിരട്ട കത്തിച്ചുകൊണ്ടുള്ള കൊപ്ര നിർമ്മാണം, ചിരട്ടഓയിൽ വേർതിരിച്ചെടുക്കൽ.

തങ്ങാവെള്ളം കൊണ്ട് നിർമ്മിക്കാവുന്ന "നാററാ ഡി കൊ ക്കൊ" എന്നിവയുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന ഒരു പൂർണ്ണ സംസ്ക്കരണ യൂണിററ് സഹകരണ അടിസ്ഥാനത്തിൽ (കേര ഫെഡ്, നാളികേര വികസന ബോർഡ് എന്നിവ യുമായി സഹകരിച്ച്) സ്ഥാപിക്കുക.

കേരളാ ഗവൺമെൻറ് കൃഷിവകുപ്പ് ആവി ഷ്ക്കരിച്ച് നടപ്പാക്കിയതിൻെറ ഭാഗമായി ഈ പഞ്ചായത്തിലും കേരവികസന സമിതി രൂപീ കരിക്കുകയും ഒരു താൽക്കാലിക കമ്മററി രൂപീ കരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാ കുന്നു, ഉദ്ദേശം 917 പേർ അംഗങ്ങളായി ചേർ ന്നിട്ടുണ്ട്. എന്നാൽ ഇപ്പോഠം ഈ സമിതിയുടെ പ്രവർത്തനം പൂർണ്ണരൂപത്തിൽ നടക്കുന്നില്ല. അതുകൊണ്ട് സമിതിയിൽ ചേർന്നിട്ടുള്ള ഗുണ ഭോക്താക്കഠംക്ക് കാര്യമായ ആനുകൂല്യങ്ങഠം ഒന്നും തന്നെ ലഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഈ സമിതിയുടെ പ്രവർത്തനം കാര്യക്ഷമതയിലും പൂർണ്ണ മായ അർത്ഥത്തിലും നടപ്പിലാക്കുന്നതി നാവശ്യമായ നടപടി അടിയന്തിര സ്വഭാവത്തോട് കൂടി നടപ്പിലാക്കേണ്ടതാണ്,

തെങ്ങിന് സാധാരണയായി കാണുന്ന രോഗ ങ്ങഠം ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, കൊമ്പൻ ചില്ലികളുടെ ആക്രമണം എന്നിവ ചെറിയതോ തിൽ കണ്ടുവരുന്നു. ഇത്തരം കാര്യങ്ങഠം പരിഹ രിക്കുന്നതിന് ആവശ്യമായ നടപടികഠം സ്വീക രിക്കേണ്ടതാണ്. കൂടാതെ പഴയ തെങ്ങുകഠം മുറിച്ച് മാററി പുതിയ തൈകഠം വെക്കുന്നതിന് ആവശ്യമായ ആനുകൂല്യങ്ങഠം ലഭ്യമാക്കണം. ഉല് പാദിപ്പിക്കുന്ന നാളികേരത്തിന് ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി വില ലഭ്യമാകു ന്നില്ല. കാലാനുസൃതമായി വില ലഭ്യമാകുന്ന തിന് ആവശ്യമായ കാര്യങ്ങഠം ചെയ്യേണ്ടതാണ്.

## കവുങ്ങ് കൃഷി

പഞ്ചായത്തിൽ കിട്ടിയ വിവരമനുസരിച്ച് 173 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിചെയ്യു ന്നുണ്ട്. കുടിയിരുപ്പ് പറമ്പുകളിൽ വിവിധ യിനം വൃക്ഷങ്ങഠംക്കിടയിലും ചെറിയ - ചെറിയ തോട്ടങ്ങളായും കൃഷി ചെയ്യുന്നുണ്ട്. സാധാരണ യായി നാടൻ തൈകളാണ് കൃഷി ചെയ്ത് വരു ന്നത്. പുതിയ ഇനം (മംഗളം) കവുങ്ങ് വളരെ അപൂർവ്വമായി കൃഷി ചെയ്ത് വരുന്നു. ജല സേചനത്തിൻെറ കുറവ്, ജലസൗകര്യം ഉള്ളിടത്ത് വൈദ്യുതിയുടെ അഭാവം ഇവ കൊണ്ട് തന്നെ കവുങ്ങ് കൃഷി കൂടുതൽ ചെയ്യുവാൻ സാധിക്കു ന്നില്ല. സാധാരണയായി കവുങ്ങിൻ തോട്ടങ്ങഠം കാലാ-കാലങ്ങളിൽ സ്വകാര്യ വ്യക്തികഠംക്ക് കരാറായി കൊടുക്കുന്നു. അദ്ധ്വാനിക്കുന്നതിന നുസരിച്ച് കൃഷികാരന് പ്രതിഫലം ലഭിക്കു ന്നില്ല. സഹകരണാടിസ്ഥാനത്തിൽ അടയ്ക്കാ കച്ചവടം ചെയ്യുന്നതിനുള്ള സൗകര്യങ്ങഠം ഉണ്ടാ കണം.

കവുങ്ങിന് സാധാരണയായി കായ്ഫല മുള്ളപ്പോഴാണ് മഹാളിരോഗം കണ്ട് വരുന്നത്. മഹാളി രോഗത്തിന് തളിക്കുന്നതിനുള്ള മരുന്ന്, തെളിക്കുന്നതിനുള്ള റോക്കർ സ്പെയർ എന്നിവ വളരെ ചുരുങ്ങിയ വിലക്ക് കൃഷിക്കാർക്ക് ലഭി ക്കുന്നതിനുള്ള സൌകര്യങ്ങഠം ഉണ്ടാക്കണം.

കവുങ്ങ് കൃഷിക്കാർക്ക് ശരിയായ വില ലഭിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ കളിയടക്കാനിർമ്മാണവും ; അതു പോലെ തന്നെ കൊട്ടടയ്ക്കയിൽ നിന്ന് സുപ്പാരി എന്നിവ നിർ മ്മിക്കാവുന്നതാണ്. ഇതിനെല്ലാം ചിലവുകുറവും കൂടുതൽ തൊഴിലവസരങ്ങഠം ഉണ്ടാക്കുവാനും, കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കുവാനും കഴിയും. കളിയടക്കക്ക് അടയ്ക്ക എടുത്തുകഴി ഞ്ഞാൽ അതിൻെറ തോട് സംസ്ക്കരിച്ചെടുത്താൽ അതിൽ നിന്ന് ടാനിൻ നിർമ്മിക്കുവാൻ കഴിയും. വസ്ത്ര വ്യാപാര രംഗത്ത് ചായം നിർമ്മിക്കുന്ന തിന് ഉപകരിക്കുന്നതാണ് ഇത്. നെൽ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഇന്ന് പലരും കവുങ്ങ് കൃഷി ചെയ്യുവാൻ തുടങ്ങിയിട്ടുണ്ട്.

## നേന്ത്രവാഴ - മററ് വാഴകളും

പഞ്ചായത്തിൽ കിട്ടിയ കണക്കനുസരിച്ച് 310 ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്യു

ന്നുണ്ട്. വിവിധയിനം വാഴകൾ കൂടിയിരുപ്പ് പറമ്പുകളിലും കവുങ്ങിൻ തോട്ടങ്ങളുടെ ഇട യിലും തെങ്ങിൻ തോപ്പുകളിലും കുന്നിൻ പ്രദേ ശങ്ങളിലും കൃഷി ചെയ്യുന്നുണ്ട്. സാധാരണ നേന്ത്രവാഴ കൃഷിയെ പോലെയുള്ള സംരക്ഷ ണവും പരിചരണവും ചെയ്യാറില്ല.

നേന്ത്രവാഴ കൃഷി ഇന്ന് ഇരുപ്പുനിലങ്ങ ളിലും തോടുകൾ കീറി കൃഷി ചെയ്ത് വരു ന്നുണ്ട്. തൈ വെയ്ക്കുന്നത് മുതൽ ധാരാളം പണമുടക്കുള്ള കൃഷിയാണ്. നല്ല ആദായകര മായ കൃഷിയാണ്. സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ കുറുനുമ്പ് രോഗം, ഊന്ന്ക്കൽ, ഇല മഞ്ഞളിപ്പ്, വെള്ള് രോഗം, കൂമ്പ് ചീയൽ എന്നിവയാണ്. ഇന്ന് കമാൻറ് ഏരിയാ അതോ റിററി മുഖാന്തിരം ചില ഭാഗങ്ങളിൽ വാഴക്ക് സബ്സിഡി കൊടുത്ത് വരുന്നുണ്ട്. ആയത് തുക വർദ്ധിപ്പിക്കുകയും, കീടനാശിനികൾ ചുരുങ്ങിയ നിരക്കിന് കൃഷിക്കാർക്ക് ലഭിക്കുന്ന തിനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കണം.

കാലവർഷ കെടുതി മൂലം, കാററടിച്ച് ഒടിഞ്ഞും, മറിഞ്ഞും പോകുന്ന സ്ഥിതിയും, അതുപോലെ തന്നെ വെള്ളം കെട്ടി നിന്ന് വാഴ നാശമാകുന്ന സ്ഥിതിയും ഉണ്ടാകാറുണ്ട്. ഇതിന് സൗജന്യമായി പഞ്ചായത്ത് ഓഫീസ്സ് വഴി സൗജന്യഇൻഷ്വറൻസ് ഏർപ്പെടുത്തുകയും നാശം വന്ന വാഴകൾക്ക് ഇന്ന് ഉള്ളതിനേക്കാൾ കൂടു തൽ സാമ്പത്തിക സഹായം അനുവദിച്ച് കൊടു ക്കുകയും വേണം.

നേന്ത്രാവാഴ കൃഷി വിളവെടുപ്പ് സമയങ്ങ ളിൽ സാധാരണ സ്വകാര്യ വ്യക്തികളാണ് നേന്ത്രക്കായ വിലകൊടുത്ത് പോകാറ്. അത് കൊണ്ട് തന്നെ കൃഷികാർക്ക് ന്യായമായ വില ലഭിക്കാറില്ല. വിളവെടുപ്പ് കാലഘട്ടത്തിൽ പഞ്ചായത്തുകളിൽ ചിപ്സ് ജാം ഉണ്ടാക്കുന്ന തിന് യൂണിററുകൾ ഉണ്ടാക്കുകയും, സാധന ങ്ങൾ കൃഷിക്കാർക്ക് നഷ്ടമില്ലാത്ത നിരക്കനു സരിച്ച് വില ലഭിക്കുന്നതിന് വേണ്ടുന്ന സംവി ധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

## റബ്ബർകൃഷി

ലഭ്യമായ വിവരമനുസരിച്ച് 405 ഹെക്ടറോളം സ്ഥലത്ത് ഇപ്പോൾ റബ്ബർകൃഷി ചെയ്തുവരുന്നുണ്ട്. R.R. 1-105, No. 600, R. R. 1-235 നാടൻ ഇനം ഇത്തരം ജനുസ്സുക ളാണ് കൃഷി ചെയ്തു വരുന്നത്. ഇപ്പോൾ ഉയർന്ന ഉല്പാദനക്ഷമതയില്ല, കുറെക്കൂടി ശ്രദ്ധിച്ച് കൃഷി ചെയ്യുവാൻ കഴിയുകയാണെങ്കിൽ ഉല്പാദനം കൂടുവാൻ കഴിയും. വിപുലമായ രീതിയിൽ റബ്ബർ കൃഷി ചെയ്യുവാൻ സാദ്ധ്യത കളുണ്ട്. അതിന് കൃഷിക്കാർക്ക് വേണ്ടുന്ന പ്രോ ത്സാഹനവും, സാമ്പത്തികസഹായവും വർദ്ധി പ്പിക്കേണ്ടതുണ്ട്. റബ്ബർ കൃഷിയെ കുറിച്ച് കുറച്ചുകൂടി ജനങ്ങളെ ബോധവൽക്കരിക്കുകയാ ണെങ്കിൽ കൂടുതൽ കൃഷിക്കാർ ആ രംഗത്തേക്ക് വരുന്നതിനുള്ള സാദ്ധ്യതകളുണ്ട്, റബ്ബറിന് ന്യായമായ വില ലഭിക്കുന്നതിനുള്ള പഞ്ചായത്തു കളിൽ അതിന് മാർക്കററിംങ്ങ് ഉണ്ടാക്കേണ്ടതാണ്. റബ്ബർ കൃഷി മേഖലയുടെ വളർച്ചക്ക് റബ്ബർ കൊണ്ട് ഉണ്ടാക്കാവുന്ന വളരെ സാങ്കേതിക പരി ജ്ഞാനവുമില്ലാതെ, മുടക്ക് മുതൽ അധികം കൂടാതെ ബലൂൺ, റബ്ബർബാൻറ് മുതലായ റബ്ബർ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയും, അത്തരം രണ്ട്-മൂന്ന് യൂണിററുകൾ പഞ്ചായത്തിൽ സ്ഥാ പിക്കുകയും. ആവശ്യമുള്ള സാങ്കേതിക പരിജ്ഞാനവും, ബോധവല്കരണവും കൊടുക്കുന്ന തിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണം. കൂടുതൽ ആദായകരമല്ലാത്ത മിശ്ര വിളകളും, പാഴ്മരങ്ങളും നില്ക്കുന്ന സ്ഥലങ്ങളിൽ കൂടി കൃഷി വ്യാപിപ്പിച്ചാൽ വളരെ വിപുലമായ ഒരു റബ്ബർ കൃഷി മേഖലയാക്കി മാററുന്നതിന് കഴിയും.

## കുരുമുളക് (കറുത്തപൊന്ന്)

ലഭ്യമായ കണക്കനുസരിച്ച് 110 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്ത് വന്നി രുന്നു. ദ്രുതവാട്ടം എന്ന രോഗം ബാധിച്ചു ഇന്ന് ഈ കൃഷി നാമാവശേഷമായി കൊണ്ടിരിക്കുന്ന അവസ്ഥയാണ്. ഈ മഹാരോഗത്തിന് തരണം ചെയ്യാൻ പുതിയ ഇനം കണ്ടെത്തുകയും അതിന്റെ

പ്രചരണവും, കൃഷിക്കാവശ്യമായ സാമ്പത്തിക സഹായവും ചെയ്യുകയാണെങ്കിൽ വീണ്ടും ആ കൃഷിയെ മെച്ചപ്പെടുത്തുവാൻ കഴിയും. അതിന് വേണ്ടുന്ന കാര്യങ്ങൾക്ക് സംവിധാനമുണ്ടാക്കണം.

## കശുമാവ്

150 ഹെക്ടറോളം സ്ഥലത്ത് കശുമാവ് കൃഷി ചെയ്ത് വളരുന്നുണ്ട്. കൂടുതൽ കശുമാവും ഉല്പാദന ശേഷിക്കുറഞ്ഞ നാടൻ ഇനങ്ങളാണ്, അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും കൃഷിക്കാവശ്യമായ സബ്സിഡികളും, സൗജന്യങ്ങളും ലഭിക്കുകയാണെങ്കിൽ വിദേശ നാണ്യം നേടിതരുന്ന ഈ കൃഷി വിപുലമായ തോതിൽ മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളുണ്ട്. അത്തരം സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉല്പാദനവുമായി ബന്ധപ്പെടുത്തി ന്യായമായ വില സ്ഥിരമായി ലഭിക്കുന്ന സ്ഥിതി വിശേഷം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. സബ്സിഡി നിരക്കിൽ വളങ്ങൾ, കീടനാശിനികൾ അത് പ്രയോഗിക്കുന്നതിനുള്ള ഉപകരണങ്ങൾ കൂടുതൽ ലഭ്യമാക്കേണ്ടതാണ്. സീസൺ കാലത്ത് പൂകരിച്ചിൽ, തടിയുടെ ഉള്ളിലുള്ള തടി തുരപ്പൻ, പുഴു മൂലമുണ്ടാകുന്ന കീടങ്ങൾക്കും, രോഗങ്ങൾക്കും ശാശ്വതമായ പരിഹാരം കാണേണ്ടതാണ് സീസൺ കാലത്ത് പഞ്ചായത്തുകളിൽ നാല് കേന്ദ്രങ്ങളിലെങ്കിലും വിപണന സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണ്ടതാണ്. പാഴായി പോകുന്ന കശുമാങ്ങ ശാസ്ത്രീയമായരീതിയിൽ സംസ്ക്കരിച്ചെടുത്ത് പലേ ഉല്പന്നങ്ങളും ഉണ്ടാക്കുവാൻ കഴിയും കുറച്ച് പേർക്ക് ജോലി സാദ്ധ്യതയും ഉണ്ട്. ഇതിന് ആവശ്യമായ യൂണിററുകൾ സ്ഥാപിക്കുകയും വേണം.

## മാവ്

ലഭ്യമായ വിവരമനുസരിച്ച് 460 ഹെക്ടർ സ്ഥലത്ത് മാവ് കൃഷി ചെയ്ത് വരുന്നു. കൂടുതലും നാടൻ ഇനങ്ങളാണ്. നല്ലയിനങ്ങളിൽപ്പെട്ട മമ്പഴം അപൂർവ്വമാണ് പുരയിടങ്ങളിലും മററും ഒരു മിശ്രവിള എന്ന നിലയിലാണ് കൃഷി ചെയ്ത് വരുന്നത്. നാടൻ ഇനങ്ങളായ പുളിമാവ്, ഗോമാവ്, തുടങ്ങിയവയും മൂവ്വാണ്ടൻ എന്ന ഇനവുമാണ് സാധാരണയായി കണ്ട് വരുന്നത്. എന്നാൽ ചില സ്ഥലങ്ങളിൽ അപൂർവ്വമായി അത്യുല്പാദന ശേഷിയുള്ള ഒട്ടുമാവിനങ്ങളും കണ്ട് വരുന്നു. അയൽ സംസ്ഥാനങ്ങളിലേക്കും, വിദേശത്തേക്ക് പോലും കയററ് മതി സാദ്ധ്യതയുള്ള ഒരു ഉല്പന്നമാണ് മാമ്പഴം ഒരു കൃഷി എന്ന നിലയിൽ മാവ് വളർത്തുവാൻ കഴിഞ്ഞാൽ വളരെ പുരോഗതിയും, വരുമാനവും വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യതയുണ്ട്. വളരെയധികം കീടശല്ല്യം മാവിനെ ബാധിച്ച് കാണുന്നില്ല. എന്നാൽ മാവ് പൂവണിയുന്ന സമയത്ത് പൂക്കുല നശിപ്പിക്കുന്ന ഒരു കീടത്തിന്റെ ഉപദ്രവം സർവ്വസാധാരണയായി കണ്ട് വരുന്നു. അതിന് പരിഹാര നിർദ്ദേശങ്ങളും ബോധവല്കരണവും ഈ കൃഷിയുടെ വ്യാപനത്തിന് ആവശ്യമാണ്. നാടൻ ഇനങ്ങളുടെ സ്ഥാനത്ത് അത്യുല്പാദനശേഷിയുള്ളവ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുകയും നല്ലയിനം തൈകൾ വിതരണം നടത്തേണ്ടതുമാണ്. മിക്കമാവുകൾക്കും ഒന്നിടവിട്ട് കായ്ക്കുന്ന സ്വഭാവമാണ് കണ്ട് വരുന്നത്. ശാസ്ത്രീയമായ രീതി പ്രയോഗിച്ച് തുടർച്ചയായി വരഷങ്ങളിൽ മാവ് പൂക്കുന്നതിനുള്ള സാങ്കേതികവിദ്യ പ്രാവർത്തികമാക്കിയാൽ ഈ വിളവ് ഒന്നോ രണ്ടോ ഇരട്ടി വർദ്ധിപ്പിക്കുവാൻ കഴിയും മാങ്ങ കൊണ്ട് ഉണ്ടാക്കാവുന്ന മററ് ഉല്പന്നങ്ങളും, സാങ്കേതിക പരിജ്ഞാനവും കൊടുത്ത് രണ്ട് മൂന്ന് യൂണിററുകൾ ആരംഭിക്കുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്യേണ്ടതാണ്.

## പച്ചക്കറി കൃഷി

പഞ്ചായത്തിൽ മൊത്തം 65 ഹെക്ടർ സ്ഥലത്താണ് പച്ചക്കറി കൃഷി ചെയ്ത് വരുന്നത്. പാവൽ വെള്ളരി പയറ്, കുമ്പളം, മത്ത, പടവലം എന്നിവയും കിഴങ്ങ് വർഗ്ഗങ്ങളായ ചേന, ചേമ്പ്, കൂർക്ക എന്നിവയാണ് സാധാരണയായി കൃഷി ചെയ്ത് വരുന്നത്. വർഷകാല കൃഷിയാണ് കൂടുതൽ കാര്യക്ഷമമായ രീതിയിൽ

പച്ചക്കറികൃഷി നടത്തുന്നില്ല. രോഗ-കീട ബാധയുടെ ആധിക്യമാണ് ഈ കൃഷിയുടെ വർദ്ധനവിന് തടസ്സമായി നില്ക്കുന്നത്. അത്യുല്പാദന ശേഷിയുള്ള നല്ലയിനം വിത്തുകൾ ആവശ്യത്തിന് ലഭ്യമല്ല. അതും വേനൽക്കാല കൃഷിക്ക് ജലദൌർല്ലഭ്യവുമാണ് കൃഷി വളർച്ചക്ക് തടസ്സമായിട്ടുള്ളത്.

## നിർദ്ദേശങ്ങൾ

നല്ലയിനം വിത്തുകൾ ലഭ്യമാക്കുക,

ജലസേചന സൗകര്യം വർദ്ധിപ്പിക്കുക,

പച്ചക്കറി കൃഷി ശാസ്ത്രീയമായി ചെയ്യുന്നതിന് ആവശ്യമായ ബോധവൽകരണം നടത്തുക.

വിപണന സൗകര്യം വർദ്ധിപ്പിക്കുക, സ്ഥിരമായിട്ടുള്ള ആഴ്ച ചന്തകളും, അന്തിചന്തകളും പഞ്ചായത്തിനെ കേന്ദ്രീകരിച്ച് നടപ്പാക്കുക.

ജൈവ വള നിർമ്മാണം, സാങ്കേതികവിദ്യ പ്രചരിപ്പിക്കുക. രാസ-കീടനാശിനികളുടെ ഉപയോഗം കുറച്ചു കൊണ്ട് വരികയും, തൽ സ്ഥാനത്ത് ജൈവ കീടനാശിനികൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ഫലപ്രദമായ പ്രചരണം നടത്തുകയും ചെയ്യുക

മഞ്ഞൾ, ഇഞ്ചി എന്നിവയും, പൈനാപ്പിൾ, കൊക്കൊ, എന്നിവയും കൃഷി ചെയ്ത് വരുന്നു. ഇവ വികസിപ്പിക്കുന്നതിന് വളരെയധികം സാദ്ധ്യതകളുണ്ട്.

### ഔഷധ സസ്യങ്ങൾ

ഔഷധ സസ്യങ്ങൾ ഇന്ന് വളരെ വിരളമായെ ലഭിക്കുന്നുള്ളൂ. സാദൃശ്യ സ്വഭാവമുള്ള മററു സസ്യങ്ങൾക്കു പുറമെ മായം ചേർക്കൽ രൂപേണയും ഔഷധ സസ്യങ്ങൾ മരുന്നുകളിൽ ചേർക്കുന്നുണ്ട്. എല്ലാ വീടുകളിലും തന്നെ കുറച്ചു സ്ഥലത്തെങ്കിലും പ്രത്യേകിച്ചും വേലികളിലും വളർത്താവുന്ന ഔഷധ സസ്യങ്ങൾ ധാരാളം ഉണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

നീലമരി, കച്ചോലം, അടപതിയൻ, കുവളം, കരികുറിഞ്ഞി, ശംഖുപുഷ്പം, വെളുത്തകുന്നി, കൊടുവേലി, സർപ്പഗന്ധി, രാമച്ചം, ഇരുവേലി, ശതാവരി, നിർബ്രഹ്മി, മുത്തങ്ങ, വേലിപ്പരത്തി, ചങ്ങലപ്പെരണ്ട, ദശമൂലം, നറുനീണ്ടി, വേപ്പ്, കാഞ്ഞിരം, തുളസി, കിഴാർനെല്ലി, കുരുന്തോട്ടി, ചിററമൃത്, വള്ളിപ്പാല മുതലായവ.

### പ്രധാന പ്രശ്നങ്ങൾ

1 കൃഷി മിക്കവാറും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. ജലസേചന സൗകര്യങ്ങൾ ഇല്ല.
2 വൈദ്യുതി ക്ഷാമം മൂലം ഉള്ള ജലവും ഉപയോഗിക്കാൻ കഴിയാതെ വരുന്നു.
3 കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
4 വേതനം താങ്ങാനാവാത്തവിധം വർദ്ധിച്ചിരിക്കുന്നു. മററ് കൃഷി ചെലവുകളിലും ക്രമാതീതമായി വർദ്ധനവ് ഉണ്ടായിരിക്കുന്നു.
5 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്.
6 നല്ല ഇനം നടീൽവസ്തുക്കൾ ലഭിക്കുന്നില്ല.
7 അശാസ്ത്രീയമായ വളം — കീടനാശിനി പ്രയോഗങ്ങൾ.
8 ജൈവ വളങ്ങൾ ലഭ്യമല്ല.
9 കൃഷിയോടുള്ള പൊതു താല്പര്യ കുറവ്.
10 കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
11 കാട്ടു മൃഗങ്ങളുടെ ശല്യം;
12 മതിയായ സാമ്പത്തിക സഹായം ആവശ്യമായ സമയത്ത് ലഭ്യമല്ല.
13 കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ കുറവ്.
14 സംയോജിത രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ചുള്ള അജ്ഞത.
15 സ്വന്തം ഭൂമിയായതുകൊണ്ടും മററാരോടും കണക്കു പറയേണ്ടാത്തതുകൊണ്ടും ഉൽപാദനക്ഷമത ശ്രദ്ധിക്കാതെ 'ഉണ്ടായതു മതി' എന്ന മനോഭാവം
16 ഗതാഗത സൗകര്യങ്ങളുടെ കുറവ്

17 കൃഷിഭവന്റെ സേവനം വേണ്ടത്ര അളവിൽ ലഭ്യമല്ല.

18 കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന കാർഷിക സഹായ പദ്ധതികൾ യഥാസമയം കർഷകരിൽ എത്തുന്നില്ല.

19 ചേതനത്തിന് ആനുപാതികമായ സേവനം ലഭിക്കുന്നില്ല.

20 കാർഷിക വൃത്തി "മാന്യതയുള്ളത്" ഒരു തൊഴിലായി കാണുന്നില്ല.

21 കൃഷിയിടങ്ങളിലെ മണ്ണൊലിപ്പ്.

## നിർദ്ദേശങ്ങൾ

1 നിലവിലുള്ള ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമാക്കുക

2 ഉപയോഗ ശൂന്യമായി കിടക്കുന്ന എല്ലാ ജലാശയങ്ങളും വൃത്തിയാക്കി ജലസേചനയോഗ്യമാക്കി തീർക്കുക

3 ജലസേചനത്തിന് മുൻഗണനാ ക്രമത്തിൽ വൈദ്യുതി ലഭ്യമാക്കുക

4 നിലവിലുള്ള NOC സമ്പ്രദായം നിർത്തലാക്കുക.

5 വാർഡുകളിൽ നിന്നും വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചിറകളും, തോടുകളും ചോലകളും, കുളങ്ങളും നിർദ്ദേശിച്ച രീതിയിൽ സംരക്ഷിച്ച് ഉപയോഗപ്പെടുത്തുക

6 മണ്ണ് പരിശോധന നടത്തുക.

7 കാർഷിക ഉപകരണങ്ങൾ ചുരുങ്ങിയ വാടകക്ക് ലഭ്യമാക്കുക.

8 ജൈവ വള നിർമ്മാണം ആരംഭിയ്ക്കുന്നതിനുള്ള സഹായങ്ങൾ നല്കുക.

9 അടികാടുകളിൽ നിന്ന് അരിഞ്ഞ് എടുത്ത് ജൈവ വള ലഭ്യത കൂട്ടുക.

10 കാർഷിക ജോലിക്കാവശ്യമായ തൊഴിലാളികളെ ലഭ്യമാക്കുന്ന 'കാർഷിക തൊഴിലാളി ബാങ്ക്' സ്ഥാപിക്കുക. റജിസ്ട്രേഷൻ നിർബന്ധമാക്കുക

11 കാർഷിക ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്തുന്നതിനുള്ള കേന്ദ്രം ആരംഭിക്കുക.

12 കാർഷികാധിഷ്ഠിത വ്യാവസായങ്ങൾ ആരംഭിക്കുക.

13 സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

14 കൃഷിഭവന്റെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വായനശാലകളെയും, സന്നദ്ധസംഘടനകളെയും കൃഷി വിജ്ഞാനകേന്ദ്രങ്ങളാക്കി മാററുക.

15 കൃഷിവായ്പാ സൗകര്യം ശക്തമാക്കുക സഹകരണ സംഘത്തിന്റെയും ധനകാര്യ സ്ഥാപനങ്ങളുടെയും കൃഷി വായ്പയോടുള്ള സമീപനത്തിൽ മാററം വരുത്തണം.

16 തെരഞ്ഞെടുത്ത വീടുകളിൽ ഔഷധ സസ്യങ്ങൾ വളർത്തുക.

17 ഫാം റോഡുകൾ നിർമ്മിയ്ക്കുക.

18 ജലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ കശുമാവ് കൃഷി നടത്തുക.

19 ഗ്രാമീണ റോഡുകളുടെ മുഖം അടച്ച് തോട്ടവിളകൾ കൃഷി ചെയ്യുന്നത് നിർത്തലാക്കുക. റോഡുകളുടെ തുടർച്ചയായി ഫാം റോഡുകൾ നിർമ്മിക്കുക.

20 പച്ചക്കറി കൃഷി വിപുലമാക്കുക.

21 കാർഷിക ഉല്പന്നങ്ങളുടെ കയററിറക്കിനുള്ള സ്വാതന്ത്ര്യം കർഷകർക്ക് തന്നെ നൽകുക

22 കൃഷി ഒരു വ്യവസായമായി അംഗീകരിച്ച് വ്യവസായത്തിനു നൽകുന്ന ആനുകൂല്യങ്ങളും മാന്യതയും നൽകുക.

23 കൃഷിയിടങ്ങളിലെ മണ്ണൊലിപ്പ് ഫലപ്രദമായി തടയുക. വടക്കാഞ്ചേരി പുഴയുടെ ഓരങ്ങൾ ബലപ്പെടുത്തി തോട്ടിൽനിന്ന് വർഷക്കാലത്ത് വെള്ളം കയറുന്നത് തടയുക. വയലുകളിലേക്ക് ജലസേചനത്തിനും ജലം തുറന്നുവിടുന്നതിനും സ്ഥിരമായ ചാലുകൾ നിർമ്മിക്കുക.

24 വാഴാനി ഡാമിലെ എക്കൽ മണ്ണ് നീക്കി കൃഷിയിടങ്ങളിൽ നിക്ഷേപിക്കുക.

25 കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക.

26 "വാട്ടർ ഹാർവെസ്ററ്" പദ്ധതികൾ ആവിഷ്കരിക്കുക.

27 ചിമ്മിനി ഡാമിൽ നിന്നുള്ള വെള്ളം കനാൽ വഴി പിച്ചിയിലേക്കും അവിടെ നിന്ന് വാഴാനിയിലേക്കും എത്തിയ്ക്കുക.

28 മണലിത്തറ പട്ടിയാംകുന്ന് പാലത്തിന് ഏകദേശം 250 മീറ്റർദൂരത്തിൽ പുതുപ്പാടം, വിരുപ്പാക്കപ്പാടം എന്നിവ ബന്ധിപ്പിക്കുന്ന നടപ്പാലവും, ഓവുചാലും പണിയുക.

★

## വാഴാനി ജലസേചന പദ്ധതി

| | | |
|---|---|---|
| 1 | പണി പൂർത്തിയായ വർഷം | 1959 |
| 2 | അണകെട്ടിന്റെ നീളം | 792.48 മീറ്റർ |
| 3 | ഇടതുകര മെയിൻ കനാൽ | 39.20 കി.മീറ്റർ |
| 4 | പാർലിക്കാട് ബ്രാഞ്ച് കനാൽ | 10.60 കി.മീറ്റർ |
| 5 | കുറാഞ്ചേരി ബ്രാഞ്ച് കനാൽ | 1.80 കി.മീറ്റർ |
| 6 | മുണ്ടൂർ ബ്രാഞ്ച് കനാൽ | 6.20 കി.മീറ്റർ |
| 7 | ഡാമിന്റെ സംഭരണ ശേഷി (ഡെഡ് സ്റ്റോറേജ് കഴിച്ച്) | 16.76 മീറ്റർ |
| 8 | ഡാമിന്റെ ഉയരം | 25.91 മീറ്റർ |
| 9 | വലതു കനാൽ | വടക്കാഞ്ചേരി പുഴ |
| 10 | പുഴയിലെ ചിറകൾ | 25 എണ്ണം |

11 വാഴാനി ഡാമിലെ വെള്ളം ഉപയോഗിക്കുന്ന പഞ്ചായത്തുകൾ — വടക്കാഞ്ചേരി, തെക്കുംകര, മുണ്ടത്തിക്കോട്, വേലൂർ, ചൂണ്ടൽ, കണ്ടാണിശ്ശേരി, കടങ്ങോട്, എരുമപ്പെട്ടി, എലവള്ളി, തോളൂർ, അവണൂർ.

12 സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം

| | |
|---|---|
| അടിത്തട്ട് ലെവൽ | 39.62 മീറ്റർ |
| മുകൾത്തട്ട് ലെവൽ | 65.53 മീറ്റർ |

13 ജലസേചനം നടത്തുന്ന ആകെ സ്ഥലം = 4313 ഹെക്ടർ

# മൃഗസംരക്ഷണം

കാർഷികവൃത്തി പ്രധാന തൊഴിലായുള്ള ഇവിടെ മൃഗസംരക്ഷണം ആദ്യകാലത്ത് ഒരു തൊഴിൽ തന്നെയായിരുന്നു. മൃഗപരിപാലനത്തിനാവശ്യമായ മേച്ചിൽ സ്ഥലങ്ങളും, തീററകളും ലഭ്യവുമായിരുന്നു. കൃഷിക്കാവശ്യമായ ജൈവവളം (ചാണകം) മനുഷ്യന് വേണ്ട പോഷകാഹാരത്തിന് വേണ്ട ക്ഷീരവും, ക്ഷീരോല്പന്നങ്ങളും, കാർഷികോല്പന്നങ്ങളും അസംസ്കൃത വസ്തുക്കളും അതാത് സ്ഥലങ്ങളിലേക്ക് എത്തിക്കുവാനുള്ള വാഹനങ്ങൾ വലിക്കുന്നതിനും, സർവ്വോപരി മനുഷ്യ സവാരിക്കും മൃഗസമ്പത്ത് ഇവിടെ സഹായകമായിരുന്നു. കാലഘട്ടത്തിന്റെ തിരിച്ചിലിൽ കൃഷിയിലും ജീവിത രീതിയിലും ചുററുപാടുകളിലും മാററം വന്നപ്പോൾ മൃഗസംരക്ഷണം വളരെ ബുദ്ധിമുട്ടുള്ള സ്ഥിതിയിലായി. എന്ന് മാതൃമല്ല ജൈവവളങ്ങളും പോഷകമൂല്യങ്ങളുള്ള ആഹാരവും തന്നിരുന്ന മൃഗങ്ങൾ പലതരത്തിലും ഇല്ലാതായികൊണ്ടിരിക്കുകയാണ്. മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായതും, രാസവളങ്ങളുടെയും കീടനാശിനികളുടെയും, അശാസ്ത്രീയമായ ഉപയോഗം മൂലം വയ്ക്കോൽ തീററയിലൂടെയും മററും മൃഗങ്ങൾക്ക് പലതരം രോഗങ്ങളും പിടിപെടുന്നു. മൃഗങ്ങളുടെ തീററക്കൂലി വർദ്ധിക്കുകയും പാലിന് ആനുപാതികമായി വില ലഭിക്കാതിരിക്കുന്ന ഒരു സാഹചര്യവും നിലവിലുണ്ട്. ചുരുക്കത്തിൽ മൃഗങ്ങളെ വളർത്തുന്ന കാര്യം ബുദ്ധിമുട്ടുള്ളതായി തീരുകയും കാലി വളർത്തലിൽ നിന്ന് ജനങ്ങൾ പിന്തിരിയാൻതുടങ്ങിയിരിക്കുകയും ചെയ്യുന്നു.

പോഷക പ്രാധാന്യമുള്ള ഭക്ഷണമായ പാൽ, പാൽ ഉല്പന്നങ്ങൾ, ഇറച്ചി, മുട്ട എന്നവക്ക് വേണ്ടി മൃഗസംരക്ഷണം അവശ്യം ആവശ്യമാണ്, ക്ഷീരോല്പാദനശേഷി കൂടുതലുള്ള സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടെ ജനങ്ങൾ പശുവളർത്തലിൽ കൂടുതൽ താൽപര്യം കാട്ടിതുടങ്ങി. സ്വഭാവികമായും ക്ഷീരോല്പാദനം വർദ്ധിച്ചു. എന്നാൽ പൊതു മേച്ചിൽ സ്ഥലങ്ങൾ ഇല്ലാത്തതും മാർക്കററിൽ കിട്ടുന്ന കാലിതീററയുടെ വിലവർദ്ധനയും മററും കാരണം ഈ രംഗത്ത് ലാഭം വളരെ കുറഞ്ഞു വരും. അതുകൊണ്ട് തന്നെ ജനങ്ങൾക്ക് ഈ തൊഴിലിലുള്ള പ്രതിപത്തി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ അന്യ പ്രദേശങ്ങളിൽ നിന്ന് ഇറച്ചിയും, മുട്ടയും നമ്മുടെ നാട്ടിലേക്ക് വരാൻ തുടങ്ങിയിരിക്കുന്നു. കാർഷിക രംഗത്ത് അത്യുല്പാദന ശേഷിയുള്ള വിത്ത് ഉപയോഗിക്കുന്നത് മൂലം കാലിത്തീററയായ വയ്ക്കോൽ ഉല്പാദനം വളരെ കുറവാണ്. അതിനാൽ വയ്ക്കോലിന് വില വളരെയധികം വർദ്ധിച്ചു. കാലിതീററയുടെ വിലയിലും ക്രമാതീതമായ വിലവർദ്ധനവുണ്ടായി. തൻമൂലം കാലി വളർത്തൽ ആദായകരമല്ലാതായി തീർന്നിട്ടുള്ളതാണ്. ഈ പ്രസ്ഥാനം ഒരു പ്രതിസന്ധിയെ നേരിടുന്നു. രണ്ടാം വിളക്ക് പഴയ വിത്തിനമായ ചിറേറാനി കുറേ കൃഷിക്കാരെങ്കിലും ഉപയോഗിക്കുന്നതുകൊണ്ട് നല്ല വയ്ക്കോൽ അല്പമായിട്ടെങ്കിലും കിട്ടുവാനുണ്ട്. അതിനു വില വളരെ കൂടുതലുമാണ്.

മുട്ടയുല്പാദനത്തിന് വേണ്ടിയുള്ള കോഴി കൃഷി ഇവിടെ നല്ലരീതിയിൽ നടക്കുന്നില്ല. കൂടുതൽ വീടുകളിലും ബാക്ക്യാർഡ് ഫീഡിംങ്ങ് വഴിയാണ് കോഴി വളർത്തൽ നടക്കുന്നത്. അതിനാൽ മുട്ടയുടെ ആവശ്യം നിറവേററുന്നത് 90 %വും മററ് സ്റേററുകളെ അപേക്ഷിച്ചാണ്.

ഇറച്ചിക്കോഴികളെ വളർത്തുന്ന മൂന്ന് ചെറിയ യൂണിററുകൾ ഈ പഞ്ചായത്തിലുണ്ട്. പോരാത്തത് മററു സ്ഥലങ്ങളിൽ നിന്ന് കൊണ്ട് വന്ന് വിപണനം നടത്തുകയാണ്. വീടുകളിൽ ലഭ്യമാകുന്ന ഉപയോഗ ശൂന്യമാകുന്ന ജൈവ വസ്തുക്കൾ ഉപയോഗിച്ച് പന്നി വളർത്തൽ കൃഷി നല്ല നിലയിൽ നടത്താൻ സാധിക്കുന്നതാണ്. അങ്ങിനെയൊരു കൃഷി ഇപ്പോഴില്ല. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളായ മരച്ചീനി, തവിട്, തേങ്ങാപിണ്ണാക്ക്, എള്ളിൻ പിണ്ണാക്ക് എന്നിവയും പുറത്ത് നിന്ന് പരുത്തിക്കുരു, കടലപിണ്ണാക്ക്, ചോളതവിട്, ഗോതമ്പ് തവിട് എന്നിവ കൊണ്ട് ഈ പഞ്ചായത്തിൽ കാലിതീററ നിർമ്മാണ യൂണിററ് ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

ക്ഷീരോല്പാദകർക്ക് തീററപ്പുൽ കൃഷിയെ കുറിച്ച് ബോധവല്ക്കരണം നടത്തേണ്ടതും അതിനാവശ്യമായ എല്ലാ സഹായങ്ങളും ചെയ്ത് കൊടുക്കേണ്ടതുമാണ്.

പഞ്ചായത്തിൽ പലേ വീടുകളിലും നാടൻ ആടുകളെ വളർത്തുന്നുണ്ട്. ചിലയിടങ്ങളിൽ മലബാറി എന്നൊരു പ്രത്യേക ഇനം ആടുകളെ വളർത്തുന്നുണ്ട്. ആടുകളെ വളർത്തുന്നത് കൂടുതലും ഇറച്ചിയുടെ ആവശ്യത്തിന്നാണ്. പാലിൻെറ ആവശ്യത്തിന് കൂടി ആട് വളർത്തൽ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

സങ്കരയിനം പശുക്കൾ കൂടുതൽ പാലുല്പാദിപ്പിക്കുന്നുണ്ടെങ്കിലും വളരെ വേഗം അവ രോഗങ്ങൾക്ക് ഇരയായി തീരുന്നു. അവയിൽ പ്രധാനപ്പെട്ടവ അകിടുവീക്കം F. H. ഡിസീസ്സ്, പനി എന്നിവയാണ്. കൂടാതെ ഇവയ്ക്ക് പ്രജനന ശേഷി വളരെ കുറവാണ്. പലേ പ്രാവശ്യം കൃത്രിമ ബീജസങ്കലനം നടത്തിയാൽ മാത്രമെ ഒരു പ്രാവശ്യം ചെന പിടിക്കുകയുള്ളു.

ഈ പഞ്ചായത്തിലുള്ള മൊത്തം കാലികളുടെ ചികിത്സക്കായി ഒരു മൃഗാശുപത്രിയാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ 20സ്ഥലത്ത് മാടുകളെ അറുത്ത് ഇറച്ചി വില്പന നടത്തുന്നുണ്ട്. ഇത് ഗൗരവമായ ആരോഗ്യ പ്രശ്നത്തെ സൃഷ്ടിക്കുന്നു. അതുകൊണ്ട് പഞ്ചായത്തിൽ തന്നെ ആധുനികരീതിയിലുള്ള കശാപ്പ് ശാലകൾ സ്ഥാപിച്ച് മാടുകളെ അറുത്ത് ശുദ്ധമായ മാംസം വിതരണം ചെയ്യുകയും അവയുടെ തോൽ സംസ്കരിക്കാനും, സംസ്കരിച്ച തോൽ ഉപയോഗിച്ച് ഒരു വ്യവസായ സ്ഥാപനവും തുടങ്ങുന്നത് വളരെ നന്നായിരിക്കും.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാല് നാല് സഹകരണ സംഘങ്ങളിലൂടെ സംഭരിക്കുന്നു. ഇതിൽ കല്ലംപാറ ക്ഷീരവ്യവസായ സഹകരണസംഘം അവർ സംഭരിക്കുന്ന പാൽ പ്രാദേശികമായിതന്നെ വിതരണം ചെയ്യുന്നു. മററ് മൂന്ന് സംഘങ്ങളും പാൽ മിൽമയ്ക്ക് കൈമാറുന്നു.

## മൃഗസംരക്ഷണ ക്ഷീരോല്പാദന രംഗത്ത് ഇന്ന് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ

1 മേച്ചിൽ സ്ഥലങ്ങളുടെ അഭാവം

2 കാലിതീററയുടെ വില വർദ്ധന

3 നല്ല വയ്ക്കോലിൻെറ ദൌർല്ലഭ്യം

4 മൃശസംരക്ഷണത്തിന് സാങ്കേതികവും, ശാസ്ത്രീയവുമായ അറിവുകളുടെ കുറവ്.

5 പ്രജനന ശേഷിയിലുള്ള കുറവ്

6 രോഗ പ്രതിരോധ ശേഷിയിലുള്ള കുറവ്.

7 ഉല്പാദകന് വളർത്ത് ചിലവിന് ആനുപാതികമായ വില പാലിന് ലഭിക്കുന്നില്ല.

8 പാൽ സംഭരണ കേന്ദ്രങ്ങളിലേക്ക് അഞ്ചും ആറും കിലോമീററർ ദൂരം പോകേണ്ടി വരുന്നു.

9 പൊതു അറവുശാലയുടെ അഭാവം(ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്നു.)

10 കോഴി മുട്ടയും, കോഴി ഇറച്ചിയും മിതമായ വിലക്ക് ലഭ്യമല്ല,

11 നല്ല ഇനം കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ ആവശ്യത്തിന് ലഭിക്കുന്നില്ല.

12 അറവു മൃഗങ്ങളെ പരിശോദിച്ച് രോഗമില്ലെന്ന് ഉറപ്പു വരുത്താതെയാണ് ഇറച്ചിയാക്കുന്നത്. ഈ ഇറച്ചി രോഗ സംക്രമണത്തിന് കാരണമാകുന്നു.

## നിർദ്ദേശങ്ങൾ

1 പൊതുവായ മേച്ചിൽ സ്ഥലങ്ങൾ ഉണ്ടാക്കണം.

2 പഞ്ചായത്തിൽ ഒരു കാലിതീററ ഉല്പാദന യൂണിററ് പ്രവർത്തിക്കണം.

3 നല്ലയിനം വയ്ക്കോൽ ക്ഷീരോല്പാദക സഹകരണ സംഘം വഴി ശേഖരിച്ച് ഉല്പാദകർക്ക് വിതരണം ചെയ്യുക.

4 മലയോര പ്രദേശമായ കൊത്താശ്ശേരി ഒരു മൃഗാശുപത്രി കൂടി സ്ഥാപിക്കേണ്ടതാണ്.

5 കൂടുതൽ രോഗപ്രതിരോധ ശേഷിയുള്ള ഉരുക്കളെ വിതരണം ചെയ്യുക.

6 പശുക്കളുടെ വന്ധ്യതാ നിവാരണത്തിനുള്ള കാര്യങ്ങൾ തുടക്കം മുതലേ ചെയ്യേണ്ടതാണ്.

7 പാലിന് കൂടുതൽ വില ലഭിക്കുവാൻ വേണ്ട കാര്യങ്ങൾ ചെയ്യുക.

8 സംഘത്തിൽ നിന്ന് കിട്ടുന്ന അതേ വിലയ്ക്ക് തന്നെ നാട്ടിൻപുറത്ത് തന്നെ വേണ്ടത്ര വിപണി കണ്ടെത്തുക.

9 പഞ്ചായത്തിൽ കളക്ഷൻ സെൻററുകൾ ഇല്ലാത്ത എല്ലാ വാർഡുകളിലും പുതുതായ കളക്ഷൻ സെൻററുകൾ തുറന്നു പ്രവർത്തിപ്പിക്കുക.

10 പഞ്ചായത്തിൽ ശാസ്ത്രീയമായ രീതിയിലുള്ള ഒരു പൊതു അറവ് ശാല സ്ഥാപിക്കുക. അതിൽ നിന്ന് മാത്രം മാംസം വിതരണം ചെയ്യുക.

11 തുകൽ ഊറക്കിടുന്നതിനും തുകൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ഓരോ വ്യവസായ യൂണിററ് തുടങ്ങുക.

12 മുട്ട കോഴികളേയും, ഇറച്ചി കോഴികളേയും വളർത്തുവാൻ പ്രോത്സാഹനം നൽകുകയും, അതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

13 താല്പര്യമുള്ള കർഷകർക്ക് പന്നിവളർത്തലിനു സഹായം ചെയ്ത് കൊടുക്കുകയും, പന്നികുട്ടികളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും വേണ്ടതാണ്.

## 91-ലെ കാററിൽ സെൻസസ് പ്രകാരം

# കന്നുകാലി സമ്പത്ത്—തെക്കുംകര പഞ്ചായത്ത്

| പോത്ത് | എരുമ | കിടാരികൾ | ആകെ | ആടുകൾ | | | കോഴി | താറാവ് | ആകെ |
|---|---|---|---|---|---|---|---|---|---|
| | | | | കൊററൻ | പെണ്ണ് | ആകെ | | | |
| 41 | 121 | 102 | 264 | 958 | 1583 | 2541 | 9078 | 125 | 9203 |

| പശുക്കൾ | | | | കാളകൾ | | | | പന്നി | നായ |
|---|---|---|---|---|---|---|---|---|---|
| നല്ലയിനം | നാടൻ | കിടാരികൾ | ആകെ | സങ്കരം | നാടൻ | കിടാരികൾ | ആകെ | | |
| 1326 | 1551 | 1235 | 4112 | 101 | 1401 | 527 | 2029 | 73 | 57 |

# മത്സ്യബന്ധനം

തെക്കുംകര പഞ്ചായത്തിൽ മത്സ്യകൃഷി വാഴാനി അണക്കെട്ടിലാണ് പ്രധാനമായി നടത്തുന്നത്. ഇവിടെ സർക്കാരിന്റെ കീഴിൽതന്നെ ഒരു ഫിഷറീസ്സ് സഹകരണസംഘം പ്രവർത്തിക്കുന്നു. ആവശ്യമുള്ള ഓഫീസോ, മററു ജോലിക്കാരും, മത്സ്യം പിടിക്കുന്നതിനുള്ള വല തുടങ്ങിയ ഉപകരണങ്ങളും ഉണ്ട്. ഡാമിലേക്ക് ഇറങ്ങി മത്സ്യം പിടിക്കുവാൻ ആവശ്യമായ നാല് വഞ്ചികൾ ഉണ്ട്. ഒരു വഞ്ചിയിൽ നാലു പേർക്കേ പണിയെടുക്കാൻ സാധിക്കുകയുള്ളൂ. 4 വഞ്ചികളിൽ 16 പേർക്ക് ജോലിയുണ്ട്. സഹകരണ സംഘത്തിൽ ആകെ 52 മെമ്പർമാർ ഉണ്ട്. (Sc.St) 16 പേരൊഴിച്ച് ബാക്കിയുള്ളവർക്ക് ഈ രംഗത്ത് ജോലിയില്ല. അണക്കെട്ടിൽ വളർത്തുന്ന മത്സ്യങ്ങൾ മൃഗാല, കട്ല, പിലോപ്പിയ എന്നിവയാണ്. ഈ മത്സ്യങ്ങളുടെ വിപണനം തികച്ചും അശാസ്ത്രീയമാണ്. ഓരോ ദിവസവും പിടിക്കുന്ന മത്സ്യത്തിന്റെ വിലയിൽ ചെറിയൊരു ഭാഗം മാത്രമെ സർക്കാർ ട്രഷറിയിൽ എത്തുന്നുള്ളു.

ഈ പഞ്ചായത്തിലേക്ക് വടക്കാഞ്ചേരിയിൽ നിന്നും ദിവസേന ചുരുങ്ങിയത് ആയിരം കിലോ കടൽ മത്സ്യം വിവിധ വില്പനക്കാരിലൂടെ വരുന്നുണ്ട്. അത്കൊണ്ട് തന്നെ ഈ പഞ്ചായത്തിൽ മത്സ്യകൃഷി വളരെ ലാഭകരമായി നടത്തിക്കൊണ്ട് പോകുവാൻ സാധിക്കുന്നതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് നിലവിലുള്ള കുളങ്ങളിൽ മത്സ്യകൃഷി നടത്താവുന്നതാണ്. അതിനാവശ്യമായ ബോധവൽകരണവും സാങ്കേതിക സാമ്പത്തിക സഹായവും നൽകേണ്ടതാണ്. വളർത്തുന്നതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളേയും വിതരണം ചെയ്യേണ്ടതാണ്. ഭൂരിഭാഗം ജനങ്ങളുടെയും ആഹാരത്തിൽ മത്സ്യം ഒരു ഭാഗമായത് കൊണ്ട് വിപണനത്തിന് വേണ്ടി ബുദ്ധിമുട്ട് വരില്ല.

പത്താഴകുണ്ട് ഡാമിൽ ഇപ്പോൾ മത്സ്യം വളർത്തുന്നുണ്ട്. മൈനർ ഇറിഗേഷൻ വകുപ്പ് ഡാമിലെ മത്സ്യം സ്വകാര്യ വ്യക്തികൾക്ക് അഞ്ച് കൊല്ലത്തേക്ക് വീതം ലേലം ചെയ്ത് കൊടുക്കുകയാണ് പതിവ്. ഈ രീതി മാററി ലാഭകരമായ മത്സ്യം വളർത്തലിനും,- വിപണനത്തിനും വേണ്ടി പരിസരവാസികളുടെ ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

വീടുകളിൽ ചെറിയ അക്വേറിയങ്ങളിൽ വളർത്തുന്നതിനാവശ്യമായ അലങ്കാര മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനാവശ്യമായ തരത്തിൽ വളർത്തിയെടുക്കുന്ന ഒരു യൂണിററ് പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

സാമ്പത്തിക സ്ഥിതി ഭദ്രതയുള്ള ചില വീടുകളിൽ ഇത്തരം അക്വേറിയങ്ങൾ (ഗ്ലാസ് പെട്ടികളിൽ) ഉണ്ട്. മത്സ്യകൃഷിക്കാവശ്യമായ തീററ നിർമ്മാണത്തിന് ഉള്ള ഒരു യൂണിററും ഈ പഞ്ചായത്തിൽ തന്നെ തുടങ്ങണം. ആവശ്യമായ അസംസ്കൃത വസ്തുക്കൾ വേണ്ടുവോളമുണ്ട്.

നാടൻ മത്സ്യങ്ങളിൽ പ്രധാനിയായ വരാൽ കഴിഞ്ഞ രണ്ട്—മൂന്ന് കൊല്ലങ്ങളായി രോഗം പിടിപെട്ട് നാമാവശേഷമായ നിലയിലാണ്. മത്സ്യ വിപണനത്തിന് ഈ പഞ്ചായത്തിൽ ഒന്നോ—രണ്ടോ പൊതു മാർക്കററുകൾ ആവശ്യമാണ്.

മററ് നാടൻ മത്സ്യങ്ങളായ മൊയ്യ്, കടു, ചികു, മുണ്ടത്തി പരൽ തുടങ്ങിയവയെല്ലാം തന്നെ നഷ്ട പ്രായമായിരിക്കുന്നു. ഈ പാരമ്പര്യ മത്സ്യങ്ങളെ വൻതോതിൽ വളർത്തുന്നതിനുള്ള സാഹചര്യങ്ങളെ കുറിച്ച് ഗൗരവ പൂർവ്വം ചിന്തിക്കേണ്ടതാണ്.

★

# വിദ്യാഭ്യാസം

സാഹിത്യം, കല, രാഷ്ട്രീയം, നിയമം, സംസ്ക്കാരം, സാമൂഹ്യ പ്രവർത്തനം തുടങ്ങി വിവിധ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തികൾ ഉൾക്കൊള്ളുന്നതാണ് ഈ പഞ്ചായത്തിലെ ജനത. ആദ്യകാലത്ത് ഈ പഞ്ചായത്തിലെ എല്ലാ ഗ്രാമങ്ങളിലും എഴുത്തശ്ശൻ മാരുടെ കീഴിൽ കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. പിൽക്കാലത്ത് പുന്നംപറമ്പിൽ ഔപചാരിക വിദ്യാഭ്യാസത്തിനായി 81 വർഷങ്ങൾക്കു മുമ്പ് അതായത് 1091—എടവം 16 ശ്രീ: വട്ടേക്കാട്ട് നാരായണമേനോനാണ് ഒരു വിദ്യാലയം സ്ഥാപിച്ചത്. ഒന്നും രണ്ടും ക്ലാസ്സുകളിലായി നാല് അദ്ധ്യാപകരോടുകൂടി ആരംഭിച്ച ആ സ്ക്കൂൾ അന്ന് 'എയ്ഡഡ് സെൻട്രൽ സ്ക്കൂൾ' എന്നാണ് അറിയപ്പെട്ടത്. ഈ വിദ്യാലയമാണ് ഇന്ന് വട്ടേക്കാട്ട് നാരായണമേനോൻ മെമ്മോറിയൽ ഹയർ സെക്കൻററി സ്ക്കൂളായി വളർന്നിരിക്കുന്നത്. ഈ ഗ്രാമപഞ്ചായത്തിലെ ജന മനസ്സുകളിൽ അറിവിൻെറ കൈത്തിരിയുമേന്തി കടന്നുവന്ന പരേതനായ ശ്രീ: വട്ടേക്കാട്ട് നാരായണമേനോനെ ഇത്തരുണത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഇന്ന് ഈ വിദ്യാലയത്തിൽ 1391 വിദ്യാർത്ഥികൾ പഠിക്കുന്നു. വിശദാംശ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു. ഭരണ സൗകര്യത്തിനായി 1964ൽ എൽ. പി. വിഭാഗം വേർപ്പെടുത്തി പ്രത്യേക സ്ക്കൂളാക്കി. അതാണ് ഗവ: എൽ. പി. സ്ക്കൂൾ, മച്ചാട്,

1927 ൽ എം. എൻ. ഡി. സ്ക്കൂൾ തെക്കുംകര തിരുവാണിക്കാവ് ക്ഷേത്രത്തിന് പടിഞ്ഞാറുവശത്താണ് ആരംഭിച്ചത്. അന്ന് ഇത് തോപ്പിൽ സ്ക്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. 1930ൽ ആണ് സ്ക്കൂൾ കല്ലംപാറയിലേക്ക് മാററിയത്. അദ്ധ്യാപകരുടെയും കുട്ടികളുടെയും വിശദാംശ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

1952ൽ ആരംഭിച്ച എ. യു. പി. എസ്. അമ്പലപ്പാടും, 1954ൽ ആരംഭിച്ച മണലിത്ര ജനകീയ വിദ്യാലയവും, 1957 ൽ ആരംഭിച്ച G P L P S. കാക്കിനിക്കാടും, 1964ൽ തുടങ്ങിയ എ. എൽ. പി. എസ്. വീരോലിപ്പാടവും, 1968ൽ ആരംഭിച്ച നിർമല ഹൈസ്ക്കൂൾ കുണ്ടുകാടുമാണ് ഈ പഞ്ചായത്തിലെ ഗവ: അംഗീകൃത വിദ്യാലയങ്ങൾ. ഇവയിലെല്ലാം കൂടി 3877 കുട്ടികൾ പഠിക്കുന്നു. 138 അദ്ധ്യാപകർ പഠിപ്പിക്കുന്നു.

മാറി മാറി വന്ന സർക്കാരുകളുടെ വികലമായ വിദ്യാഭ്യാസ നയവും സാമൂഹ്യ വിരുദ്ധരുടെ കടന്നു കയററവും ഈ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തകർത്തു കൊണ്ടിരിക്കുകയാണ്. ഇത് സ്ഥാപനങ്ങളുടെ വളർച്ചക്കും, വിദ്യാഭ്യാസ പുരോഗതിക്കും, വിദ്യാർത്ഥികളുടെ വ്യക്തിത്വ വികാസത്തിനും, സമൂഹത്തിൻെറ മൊത്തം നൻമക്കും വിലങ്ങു തടിയായി തീർന്നിരിക്കുന്നു. ഇതിന് ഒരു മാററം ആവശ്യമാണ്. ആരോഗ്യപരമായ ഈ മാററം നടക്കണമെങ്കിൽ സമൂഹം സ്വയം സന്നദ്ധമാവുക തന്നെ വേണം.

ഇതിന്ന് ഒരു മുന്നോടി എന്ന നിലയിൽ തൃശൂർ ജില്ലാ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള ''വിദ്യാജ്യോതി'' വളരെ ഫലപ്രദമാണ്. ഒരു ബ്ലോക്കിൽ ഒരു പഞ്ചായത്ത് എന്ന നിലയിലാണ് ഈ വർഷം ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വടക്കാഞ്ചേരി ബ്ലോക്കിൽ തെക്കുംകര ഗ്രാമപഞ്ചായത്തിനെയാണ് തെരെഞ്ഞെടുത്തിരിക്കുന്നത്.

വിദ്യാഭ്യാസം ഇന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും, ക്ലാസ്സ് മുറികളും മാത്രം ഉൾകൊള്ളുന്ന ഒരു പ്രക്രിയയായി മാറിയിരിക്കുകയാണ്. ഇത് മാററുക എന്നതാണ് ''വിദ്യാഭ്യാസ ജ്യോതി''യുടെ ലക്ഷ്യം. രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തം ഈ രംഗത്തില്ലാത്തതാണ് ഇന്ന് കാണുന്ന മൂല്യച്യുതിയുടെ കാരണം. ആയതിനാൽ സമൂഹത്തിന് പൊതുവെ ഈ കാര്യത്തിൽ ബോധവല്ക്കരണം നല്കുക എന്നത് അത്യാവശ്യമാണ്. ഇതിന്നുപോല്ബലകമായി വാർഡുതലത്തിൽ വിദ്യാഭ്യാസ യൂണിററുകൾ രൂപം കൊടുത്ത് പ്രവർത്തിപ്പിക്കുന്നത് നല്ലതാണ്.

''വിദ്യാജ്യോതി''യുടെ പ്രാരംഭ പ്രവർത്തനത്തിൽ ഈ പഞ്ചായത്തിൽ 4—ാം ക്ലാസ്സിൽ വിദ്യാർത്ഥികളിൽ 46.8% വേണ്ടത്ര അക്ഷരാഭ്യാസം ഇല്ലാത്തവരാണ് എന്ന് കണ്ടെത്തി. അവരുടെ പഠന നിലവാരം ഉയർത്താൻ വേണ്ടതായ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്ത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു,

ഇതിനു പുറമെ ഔപചാരിക വിദ്യാഭ്യാസം കിട്ടിയവർക്ക് അത് നിലനിർത്താനും, വർദ്ധിപ്പിക്കാനും, അതില്ലാത്തവർക്ക് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ പുരോഗതിക്ക് ഒരു ഭാഗഭാക്കായി മാറുവാനും സഹായകമായ ആദ്യത്തെ സ്ഥാപനമാണ് ''മച്ചാട് വിദ്വാൻ എളയത് സ്മാരക വായന ശാല.'' പഞ്ചായത്തിന്റെ മററു ഭാഗങ്ങളിലായി '7' വായന ശാലകൾ പ്രവർത്തനമാരംഭിക്കുകയും, അനൗപചാരിക വിദ്യാഭ്യാസം നല്കുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, ഇതര മാധ്യമങ്ങളുടെ കടന്നു കയററവും അത് ജനങ്ങളിലുണ്ടാക്കുന്ന സ്വാധീനവും സമൂഹത്തെ വായനശാലകളിൽ നിന്നും തീർത്തും മാററിയിരിക്കുന്നു. അതുകൊണ്ടു തന്നെ വായനശാലകളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

# വാർഡുതലത്തിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ

## പോരായ്മകൾ, നിർദ്ദേശങ്ങൾ

### വാർഡ് 1

വാർഡിൽ ഒരു L.P. സ്ക്കൂളും, 3 അംഗൻ വാടികളും, ഒരു വായനശാലയും, സ്വകാര്യ വ്യക്തി നടത്തുന്ന ഒരു നഴ്സറി സ്ക്കൂളും ഉണ്ട്.

അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. വിദ്യാർത്ഥികൾക്ക് സ്ക്കൂളിൽ എത്തിച്ചേരുവാൻ യാത്രാസൗകര്യം അപര്യാപ്തമാണ്. (പണ സൗകര്യങ്ങളുടെ പോരായ്മയും ഉണ്ട്.)

യാത്രാസൗകര്യം മെച്ചപ്പെടുത്താൻ കനാലിനു കുറുകെ സ്ക്കൂളിന് സമീപം വടക്കുഭാഗത്ത് പാലം പണിയേണ്ടതാണ്. പി. ടി. എ. പ്രവർത്തനം മെച്ചപ്പെടുത്തുകയും പഞ്ചായത്ത് കൂടുതൽ ശ്രദ്ധിക്കുകയും വേണം. കുടിവെള്ളം, കളിസ്ഥലം, ഉച്ചഭക്ഷണ വിതരണം, സ്ററാഫിന്റെ അപര്യാപ്തത നികത്തൽ, പാഠോപകരണങ്ങൾ ലഭ്യമാക്കൽ എന്നീ കാര്യങ്ങളിൽ ബന്ധപ്പെട്ടവർ മുൻകൈ എടുത്ത് നടത്തണം.

സ്ക്കൂളിന്റെ വിശദമായ വിവരങ്ങൾക്ക് ഇതോടുകൂടി ചേർക്കുന്ന ചാർട്ട് നോക്കുക.

### വാർഡ്—2

ഈ വാർഡിൽ രണ്ട് അംഗൻവാടികൾ മാത്രമാണ് ഉള്ളത്.

വാർഡിൽ സ്ക്കൂളുകൾ ഇല്ലാത്തതുകൊണ്ട് വിദ്യാർത്ഥികൾക്ക് വിദൂര സ്ഥലങ്ങളിൽ പോയി പഠിക്കേണ്ടി വരുന്നു. വായന ശാലകളും ഗ്രന്ഥശാലകളും ഇല്ല. അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

കുത്തുപാറ ഭാഗത്ത് ഒരു L. P സ്ക്കൂൾ സ്ഥാപിക്കണം. ബാലവാടികളും സ്ഥാപിക്കേണ്ടതാണ്. ഒരു വായന ശാലയെങ്കിലും വാർഡിൽ സംഘടിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ചെയ്യുക.

### വാർഡ് 3

ഈ വാർഡിൽ ഒരു ഹൈസ്ക്കൂൾ, ഒരു യു. പി. സ്ക്കൂൾ, രണ്ട് അംഗൻ വാടികൾ, 2 നഴ്സറി, ഒരു ട്യൂട്ടോറിയൽ കോളേജ് ഒരു വായനശാല എന്നിവക്കുപുറമെ ഒരു ടൈപ്പ് റൈററിംഗ് ഇൻസ്ററിററ്യൂട്ടും ഉണ്ട്.

വിദ്യാർത്ഥികൾക്കുള്ള യാത്രാ സൗകര്യങ്ങൾ വിരളമാണ്. പാഠോപകരണങ്ങളുടെ പോരായ്മയുണ്ട്. സ്ക്കൂളിൽ പ്രാഥമിക സൗകര്യങ്ങൾ വേണ്ടത്ര ഇല്ല. ഈ വാർഡിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് പരിഗണിക്കുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഴുവൻ തന്നെ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലത്തേയ്ക്ക്

നാഴികകളോളം നടന്ന് പഠിക്കുവാനുള്ള സൗകര്യം വാർഡിന്റെ വിദൂരമായ മൂലകളിൽ കിടക്കുന്ന കുട്ടികൾക്ക് അസാദ്ധ്യമാണ്.

യാത്രാ സൗകര്യം വർദ്ധിപ്പിക്കുക, പ്രൈവററ് ബസ്സുകൾക്കുപുറമെ K.S.R.T.C. ബസ്സുകൾ കൂടി ഈ വാർഡിൽ കൂടി—പ്രത്യേകിച്ച് മലയോര പ്രദേശമായതുകൊണ്ട് വികസനത്തിന് വേണ്ടി—സർവ്വീസ് നടത്തണം. സ്ക്കൂളിനു ഗ്രൗണ്ടും, ദൃശ്യശ്രാവ്യ ഉപകരണങ്ങളടക്കമുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്, ''വിദ്യാജ്യോതി'' പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം, വാർഡിന്റെ വിസ്തൃതി കണക്കിലെടുത്ത് വിദൂര സ്ഥലമായ ''അടങ്ങളം'' പ്രദേശത്ത് ഒരു അംഗൻവാടി പ്രവർത്തിപ്പിക്കണം.

## വാർഡ് 4

സ്ക്കൂളുകൾ ഒന്നുംതന്നെയില്ല, 2 അംഗൻവാടികളും ഒരു വായനശാലയുമുണ്ട്. ഇതിൽ ഒരംഗൻവാടിയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. കളിപ്പാട്ടങ്ങളും പാചകത്തിനുള്ള പാത്രങ്ങളും ഇല്ല.

സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടിയ്ക്ക് എത്രയും പെട്ടെന്ന് സ്ഥലമെടുത്ത് കെട്ടിടം നിർമ്മിക്കുക. കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങളും, പാത്രങ്ങളും, ഫർണിച്ചറുകളും രണ്ട് അംഗൻവാടികളിലേക്കും ആവശ്യത്തിന് ലഭ്യമാക്കുക, സാക്ഷരതാപ്രവർത്തനം തുടർന്നു നടത്തുക. ഈ വാർഡിലെ കുട്ടികൾ പഠിക്കുവാൻ പോകുന്ന മച്ചാട് ഹൈസ്ക്കൂളിൽ വേണ്ടത്ര എല്ലാ സൗകര്യങ്ങളും നടപ്പിലാക്കുക.

## വാർഡ് 5

ഈ വാർഡിൽ ഒരു പ്രൈമറി സ്ക്കൂളും ഇതിനോടനുബന്ധിച്ച് ഒരു നഴ്സറി സ്കൂളും, ഒരു ഹയർ സെക്കൻററി സ്കൂളും ഉണ്ട്. അനൗപചാരിക വിദ്യാഭ്യാസത്തിന് സുപ്രധാനമായ പങ്കു വഹിച്ച ഒരു വായനശാലയുമുണ്ട്.

സ്കൂളിലെ വിദ്യാഭ്യാസ നിലവാരം പൊതുവെ മോശമാണ്. വിജയശതമാനവും കുറവാണ്. അദ്ധ്യാപകരുടെ കുറവ്, പഠനോപകരണങ്ങളുടെ ദൗർലഭ്യം, കളിസ്ഥലത്തിന്റെ അഭാവം ഇവ പൊതുവെ പഠനത്തിനെ പ്രതികൂലമായി ബാധിക്കുന്നു,

വിദ്യാഭ്യാസ വർഷാരംഭത്തോടെ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും, പഠനോപകരണങ്ങളും ഫർണീച്ചറും ലഭ്യമാക്കുകയും ചെയ്യുക. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുവായ പെരുമാററച്ചട്ടം ബാധകമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും യൂണിഫോം ഏർപ്പെടുത്തുക. പ്രമോഷൻരീതി പരിഷ്ക്കരിക്കുക. പഠിപ്പിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ''വിദ്യാജ്യോതി'' വഴി പ്രത്യേക പഠന സൗകര്യം ഏർപ്പെടുത്തുക. അൺ എയിഡഡ് സ്ക്കൂളുകൾ അനുവദിക്കാതിരിക്കുക. പ്രൈമറി സ്ക്കൂളിന്റെ ഷിഫ്ററ് സമ്പ്രദായം നിർത്തലാക്കാൻ ശ്രമിക്കുക. സ്കൂളിന് സുരക്ഷിതത്വം ഏർപ്പെടുത്തുക. P.T.A. തീരുമാനങ്ങൾ കാലതാമസം ഇല്ലാതെ നടപ്പിലാക്കുക. പഠന കാര്യങ്ങളിൽ P.T.A. കൂടുതൽ ശ്രദ്ധ ചെലുത്തുക. സ്കൂളിൽ കളിസ്ഥലം ലഭ്യമാക്കുക. തുടർ സാക്ഷരതാ പരിപാടിക്കുവേണ്ട ഉപാധികൾ കൈക്കൊള്ളുക. കോളനി പ്രദേശത്തെ അംഗൻവാടി പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക. പഠന സൗകര്യാർത്ഥം L.P., U.P വിഭാഗങ്ങൾ ഒരു ഹെഡ്മാസ്ററുടെ കീഴിലും, H. S. ഹയർ സെക്കൻററി ഇവ ഒരു പ്രിൻസിപ്പാളിന്റെ കീഴിലും കൊണ്ടുവരണം.

## വാർഡ് 6

3 അംഗൻ വാടികൾ മാത്രമാണ് ഈ വാർഡിലുള്ളത്. ഒരു വായന ശാലയുമുണ്ട്.

അംഗൻ വാടികളിൽ യാതൊരുവിധ സൗകര്യങ്ങളും ഇല്ല.

അമ്പലപ്പാട്—മിച്ചഭൂമി ഭാഗത്ത് ഒരു അംഗൻ വാടി സ്ഥാപിക്കണം. സാങ്കേതിക

വിദ്യാഭ്യാസത്തിനായി ഒരു കംപ്യൂട്ടർ ഇൻസ്ററി റ്റ്യൂട്ടും, ഒരു ടൈപ്പ്റൈററിങ്ങ് ഇൻസ്ററി റ്റ്യൂട്ടും ആവശ്യമാണ്. മലാക്ക, അമ്പലപ്പാട്, കിഴക്കേക്കര കോളനി ഇവിടങ്ങളിൽ ഓരോ വായനശാല സ്ഥാപിക്കണം. തുടർ സാക്ഷരത പ്രവർത്തനം നിർബന്ധമായും നടപ്പാക്കണം.

വാർഡ് 7

ഒരു പ്രൈമറി സ്കൂളും, ഒരു അംഗൻ വാടിയുമുണ്ട്.

സ്ക്കൂളിന് കളിസ്ഥലമില്ല. പ്രാഥമിക സൗകര്യങ്ങൾ കുറവാണ്, യാത്രാസൗകര്യങ്ങൾ തുലോം തുച്ഛമാണ്. ഉന്നത വിദ്യാഭ്യാസ ത്തിന് ദൂരസ്ഥങ്ങളിലേക്ക് പോകേണ്ടതുണ്ട്.

സ്കൂളിലെ പ്രാഥമിക സൗകര്യങ്ങൾ ഏർ പ്പെടുത്തുകയും, ഒരു കളിസ്ഥലം ലഭ്യമാക്കു കയും ചെയ്യേണ്ടതാണ്. പ്രൈമറി സ്കൂൾ അപ്പർ പ്രൈമറി ആക്കി ഉയർത്തേണ്ടതാണ്.

വാർഡ് 8

2 അംഗൻവാടികളും ഒരു വായനശാലയു മുണ്ട്.

അംഗൻ വാടിയ്ക്ക് സ്വന്തമായി കെട്ടടമില്ല. ജനങ്ങളിൽ നിരക്ഷരർ വളരെ അധികമാണ്. വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ദൂര സ്ഥലങ്ങളിലേക്ക് പോകാൻ വേണ്ട യാത്രാ സൗകര്യങ്ങൾ ഇല്ല.

അംഗൻവാടിയ്ക്ക് സ്വന്തമായി കെട്ടിടവും മററ് ഉപകരണങ്ങളും ലഭ്യമാക്കുക. ഉചിതമായ ഭാഗത്ത് ഒരു L.P. സ്ക്കൂൾ നിർബന്ധമായും സ്ഥാപിക്കുക, യാത്രാസൗകര്യം വർദ്ധിപ്പി ക്കാൻ വേണ്ടത് ഉടനെചെയ്യുക. ഈ വാർഡിലെ കുട്ടികൾ പഠിക്കുന്ന കട്ടിളപൂവം, കുണ്ടുകാട്, മച്ചാട് എന്നിവിടങ്ങളിലെ സ്ക്കൂളുകളിൽ പഠന നിലവാരം ഉയർത്തേണ്ടതാണ്. സാക്ഷരതാ പ്രവർത്തനവും, തുടർ സാക്ഷരതാ പ്രവർത്ത നവും ബഹുജന പങ്കാളിത്തത്തോടെ നടത്തണം.

വാർഡ് 9

2 അംഗൻവാടികളും, ഒരു വായനശാലയും ഒരു ക്രഷും ആണ് ഈ വാർഡിലുള്ളത്. ഒരു അൺഎയിഡഡ് ആൻറ് അൺ റക്കഗ്നൈസ്ഡ് പ്രൈമറി സ്കൂളും നഴ്സറി സ്കൂളുമുണ്ട്.

ഈ വാർഡിലെ വിദ്യാർത്ഥികൾ പഠി ക്കുന്ന മച്ചാട് സ്കൂളിലെ പഠന നിലവാരം താരതമ്യേന മോശമാണ്. വായനശാല ശോച്യാവ സ്ഥയിലാണ്. അൺ എയിഡഡ് സ്കൂളിന് വ്യക്തമായ സിലബസ്സോ ചട്ടങ്ങളോ ഇല്ലാത്ത തിനാൽ ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല.

''വിദ്യാജ്യോതി'' പ്രവർത്തനവും വിദ്യാ ഭ്യാസ പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനു വേണ്ടി വാർഡുതലത്തിൽ സെമിനാറുകളും ബോധവല്ക്കരണവും നടത്തേണ്ടതാണ്. വാർഡു തലത്തിൽ വിദ്യാഭ്യാസ യൂണിററുകൾക്ക് രൂപം കൊടുക്കുന്നത് നന്നായിരിക്കും. അംഗൻ വാടിക്ക് സ്വന്തമായ കെട്ടിടവും സൗകര്യങ്ങളും ലഭ്യമാക്കുക. മച്ചാട് സ്കൂളിലെ പഠന നില വാരം കൂടുതൽ കാര്യക്ഷമമാക്കണം. അൺ എയിഡഡ് സ്കൂളിന് ലക്ഷ്യപ്രാപ്തി ഉണ്ടാകണം.

വാർഡ് 10

രണ്ട് അംഗൻവാടിയും, ഒരു L.P. സ്കൂളും, ഒരു വായനശാലയുമുണ്ട്.

ഈ സ്ഥാപനങ്ങൾക്കൊന്നിനും തന്നെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. സ്കൂളിലേക്കുള്ള യാത്രാ സൗകര്യം ക്ലേശകര മാണ്.

അംഗൻ വാടിയ്ക്ക് സ്വന്തമായ കെട്ടിടവും മററ് സൗകര്യങ്ങളും ലഭ്യമാക്കുക. സ്ക്കൂളിൻെറ യാത്രാസൗകര്യം പരിഹരിക്കുന്നതിനുവേണ്ടി മണലിത്തറയിലേക്ക് കൂടുതൽ ബസ്സുകൾ ഏർ പ്പെടുത്താൻ പരിശ്രമിക്കുകയും, വിരിപ്പാക്ക- മണലിത്തറ ലിങ്ക് റോഡ് ഉടൻ നിർമ്മിക്കുകയും ശതാഗത യോഗ്യമാക്കേണ്ടതും ചെയ്യേണ്ടതാണ്. മണലിത്തറ കിഴക്കേക്കര കോളനി ബന്ധിപ്പിച്ചു കൊണ്ട് ഇന്നുള്ള വരമ്പു വികസിപ്പിച്ച് വാഹന ഗതാഗതത്തിന് ഉപയുക്തമാക്കണം.

വാർഡ് 11

2 അംഗൻ വാടികളും, ഒരു ട്രൈബർ L.P. സ്ക്കൂളും മാത്രമാണുള്ളത്.

സ്വന്തമായി കെട്ടിടം അംഗൻവാടികൾക്കില്ല. സ്കൂളിൽ വേണ്ടത്ര അധ്യാപകരോ, കളി സ്ഥമോ, പഠന സാമഗ്രികളോ, കുടിവെള്ളം പോലുമോ ഇല്ല.

അംഗൻ വാടിക്ക് സ്വന്തമായി കെട്ടിടവും പഠന സാമഗ്രികളും, കളിക്കോപ്പുകളും ലഭ്യ മാക്കുക. സ്കൂളിൽ വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുക, കുടിവെള്ളം ലഭ്യമാക്കുക, മററു ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക,

## തെക്കുംകര ഗ്രാമപഞ്ചായത്ത്.

### കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം 96

| പ്രായം | നോർമൽ | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| 1 വയസ്സിൽ താഴെ | 185 | 175 | 360 |
| 1.2 വയസ്സ് | 225 | 220 | 445 |
| 3.6 വയസ്സ് | 450 | 380 | 830 |

### ഗർഭിണികളുടെയും കുട്ടികളുടെയും പ്രതിരോധ കുത്തിവെയ്പ് 96

| കുട്ടികൾ | BCG | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 D | 2 D | 3 D | BD | 1 D | 2 D | 3 D | BD | 1 D | 2 D | 3 D | BD | |
| 1 വയസ്സിൽ താഴെ | 317 | 295 | 275 | 254 | ... | 295 | 275 | 254 | ... | ... | ... | | ... | 174 |
| 1-3 വയസ്സ് | ... | ... | ... | ... | 324 | ... | ... | ... | 324 | 46 | ... | ... | ... | ... |
| 3-6 വയസ്സ് | ... | ... | ... | ... | ... | ... | ... | ... | ... | ... | 342 | ... | ... | ... |

### ടെററനസ് ടോക്സോയിസ് '96

| ഗർഭിണികൾ | 1 D | 2 D | B D |
|---|---|---|---|
| 273 | 224 | 191 | 47 |

### 1992-93 മുതൽ 95-96 വരെ ചികിത്സയിൽ ഉണ്ടായിരുന്ന കുഷ്ഠരോഗികളുടെ കണക്ക്

| 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| 14 | 21 | 20 | 19 |

**ഇപ്പോൾ ചികിൽസയിൽ ഉള്ള രോഗികൾ 6**

വാർഡുതല ഗ്രാമസഭകരം ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

## പ്രശ്നങ്ങൾ

1 ഗവ; സ്കൂളുകളിൽ അദ്ധ്യാപക നിയമനം സമയത്ത് നടക്കാതിരിക്കുന്നു.

2 പഴഞ്ചൻ ബോധനരീതിയോട് വിദ്യാർത്ഥികളുടെ താല്പര്യക്കുറവ്.

3 സമൂഹത്തിൽ മഹാ ഭൂരിപക്ഷവും വിദ്യാർത്ഥികളുടെ പഠനകാര്യത്തിൽ ശ്രദ്ധിക്കാതിരിക്കുക.

4 അശാസ്ത്രീയമായ പരീക്ഷാസമ്പ്രദായം.

5 പാഠ്യേതര പ്രവർത്തനങ്ങളോട് ഗവ: സ്കൂളുകളുടെ താല്പര്യക്കുറവ്.

6 ആനുകാലിക പിരശോധനയുടെ അപര്യാപ്തത.

7 മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യം വേണ്ടത്ര ഇല്ല.

8 അൺ എയ്ഡഡ്-അൺ റക്കക്കൈനെസ്ഡ് സ്കൂളുകളുടെ ഒരു മാനദണ്ഡവും കണക്കാക്കാതെയുള്ള വർദ്ധന പൊതു വിദ്യാലയങ്ങളുടെ നിലനില്പിനു തന്നെ ഭീഷണി ഉയർത്തുന്നു.

9 പഞ്ചായത്തുകളിൽ നിന്നും സമീപ പട്ടണങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക്.

10 പല സ്കൂളുകളിലും പി. ടി. എ. യും മാതൃ സംഗമവും വേണ്ടത്ര പ്രവർത്തിക്കാതിരിക്കുക.

## സാധ്യതകൾ: - (നിർദ്ദേശങ്ങൾ)

1 മധ്യവേനൽ അവധിക്കാലത്തുതന്നെ അധ്യാപക നിയമനവും പാഠ പുസ്തക വിതരണവും പൂർത്തിയാക്കുക.

2 അധ്യാപകർക്കും വിദ്യാർത്ഥികരംക്കും യൂണിഫോമും വ്യക്തമായ ഒരു പെരുമാററ ചട്ടവും ഉണ്ടാക്കുകയും അത് പാലിക്കുന്നുണ്ടോ എന്ന് പി. ടി. എ. യും പഞ്ചായത്തും പരിശോധിക്കുകയും ചെയ്യുക.

3 പാഠ്യ പദ്ധതികളുടെ വിസ്തൃതി കുറച്ച് ആഴം കൂട്ടുക.

4 കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചക്ക് ഓരോ സ്കൂളിലും കളിസ്ഥലം നിർമ്മിക്കുക.

5 അയൽപക്ക വിദ്യാലയ സമ്പ്രദായം നടപ്പിൽ വരുത്തുകയും ഫീഡിങ്ങ് സ്കൂളുകരം ഏതെല്ലാമെന്ന് നേരത്തെ തന്നെ നിശ്ചയിക്കുകയും ചെയ്യുക.

6 പഞ്ചായത്തു തല സ്ക്കൂരം കോംപ്ലെക്സ് സംഘടിപ്പിക്കുക.

7 സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്താൻ നടപ്പാക്കിയിട്ടുള്ള ''വിദ്യാജ്യോതി'' പൂർണ വിജയമാക്കാൻ സമൂഹത്തിന്റെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകുക. അതിനായി വാർഡുതല വിദ്യാഭ്യാസ യൂണിററുകരം രൂപീകരിക്കുക.

8 ആർട്ടിസ്സാൻ മേഖലയിൽ നൈപുണ്യം വർദ്ധിക്കുന്നതിനുതകുന്ന ഒരു ടെക്കനിക്കൽ സ്കൂരം സ്ഥാപിക്കുക.

9 സ്ക്കൂരം സാമൂഹ്യ കേന്ദ്രമാക്കി മാററുക.

10 L. P., U. P., H. S. വിഭാഗത്തിലെ ഓരോ ബാച്ച് വിദ്യാർത്ഥികരംക്കും തുടക്കം മുതൽ ഒടുക്കം വരെ ഒരേ അദ്ധ്യാപകൻ തന്നെ ക്ലാസ് ടീച്ചറായിരിക്കുക.

11 മച്ചാട് ഹയർ സെക്കണ്ടറി സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതലെങ്കിലും തൊഴിൽ അധിഷ്ഠിത കോഴ്സുകരം തുടങ്ങുക.

12 സ്കൂരം ലൈബ്രറികളിൽ നിലവിലുള്ള സൗകര്യം അപര്യാപ്തമാണ്. സ്കൂരം ലൈബ്രറികരം പരിപോഷിപ്പിക്കുകയും ചാർജ്ജുള്ള അദ്ധ്യാപകന് പ്രത്യേക അലവൻസ് നൽകി പുസ്തക വിതരണം സുഗമമാക്കുക,

13 പഞ്ചായത്ത് തലത്തിൽ ഒരു ലൈബ്രറി സ്ഥാപിക്കുവാൻ നടപടി സ്വീകരിയ്ക്കുക,

**N.B.** ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ കാര്യങ്ങളെ കുറിച്ചുള്ള സ്ഥിതി വിവര കണക്കുകരം 6 പട്ടികകളായി ഇതോടൊപ്പം ചേർത്തിരിക്കുന്നു.

★

പട്ടിക 6 SSLCക്ക് കഴിഞ്ഞ അഞ്ച് വർഷം ഇരുന്ന, ജയിച്ച കുട്ടികളുടെ വിവരം

| വർഷം | നിർമല ഹൈസ്കൂൾ, കുണ്ടുകാട് | | | | | | ഗവ. ഹയർ സെക്കൻററി സ്കൂൾ മച്ചാട് | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പരീക്ഷക്ക് ഇരുന്ന കുട്ടികൾ | | | വിജയിച്ച കുട്ടികൾ | | | പരീക്ഷക്ക് ഇരുന്ന കുട്ടികൾ | | | വിജയിച്ച കുട്ടികൾ | | |
| | Boys | Girls | Total | B | G | T | B | G | T | B | G | T |
| 1992 മാർച്ച് | 83 | 85 | 168 | 73 | 68 | 141 | 93 | 85 | 178 | 14 | 24 | 38 |
| 1993 .. | 101 | 99 | 200 | 68 | 68 | 136 | 77 | 95 | 172 | 18 | 24 | 42 |
| 1994 ,, | 96 | 95 | 191 | 79 | 63 | 142 | 92 | 105 | 197 | 15 | 8 | 23 |
| 1995 ,, | 92 | 92 | 184 | 64 | 62 | 126 | 80 | 103 | 183 | 8 | 21 | 29 |
| 1996 ,, | 97 | 100 | 197 | 64 | 64 | 128 | 62 | 92 | 154 | 10 | 16 | 26 |
| ആകെ | 469 | 471 | 940 | 348 | 325 | 673 | 404 | 480 | 884 | 65 | 93 | 158 |

## അക്കാദമിക്ക് സൗകര്യങ്ങൾ — ഇനി ആവശ്യമുള്ളവ :

പട്ടിക 3

| സ്ക്കൂളിന്റെ പേര് | പാഠനോപകരണങ്ങൾ | ബ്ലാക്ക് ബോർഡ് | ഡസ്ക്ക് | ബഞ്ച് | മേശ | കസേര | അലമാര | മാതൃസംഗം | ക്ലാസ് റൂം പി.ടി.എ. |
|---|---|---|---|---|---|---|---|---|---|
| G.H.S.S. മച്ചാട് പുന്നംപറമ്പ് | കണക്കിന്റെ ഉപകരണങ്ങൾ | 5 | 120 | 15 | 20 | 30 | 5 | തൃപ്തികരമല്ല | ഇല്ല |
| GTLPS കാക്കിനിക്കാട് | ... | 1 | ... | ... | ... | ... | 1 | ഉണ്ട് | ഇല്ല |
| GLPS മച്ചാട് പുന്നംപറമ്പ് | ... | 4 | ... | 20 | 2 | 10 | 1 | ഉണ്ട് | ഇല്ല |

### സ്ക്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

പട്ടിക 4

| തരം | ശ. ശ. ദൂരം കി. മീ. | പരമാവധി ദൂരം കി. മീ. |
|---|---|---|
| ലോവർ പ്രൈമറി സ്ക്കൂൾ | 0.9 | 1.8 |
| അപ്പർ പ്രൈമറി സ്ക്കൂൾ | 1.8 | 2.0 |
| ഹൈസ്ക്കൂൾ | 2.4 | 4.0 |

### S S L C വിജയശതമാനം 5 വർഷങ്ങളിൽ

പട്ടിക 5

| സ്ക്കൂൾ | 92 മാർച്ച് | 93 മാർച്ച് | 94 മാർച്ച് | 95 മാർച്ച് | 96 മാർച്ച് |
|---|---|---|---|---|---|
| GHSS മച്ചാട് | 34 | 26 | 20 | 17 | 18 |
| നിർമല H. S. | 84 | 65 | 74 | 70 | 65 |

പട്ടിക 1 — വിദ്യാലയ വിവരങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര്, | മാനേജ്മെന്റ് | അദ്ധ്യാപകരുടെ എണ്ണം | | | വിദ്യാർത്ഥികളുടെ എണ്ണം | | | SC/ST കുട്ടികൾ | | | 5 വർഷത്തിനുള്ളിൽ പഠനം നിർത്തിയവൻ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | M | F | T | B | G | T | B | G | T | |
| 1 | G.H.S.S. മച്ചാട് പുന്നംപറമ്പ് | ഗവ. | 9 | 36 | 45 | 699 | 692 | 1391 | 105 | 110 | 215 | 206 |
| 2 | നിർമ്മല ഹൈസ്ക്കൂൾ കുണ്ടുകാട് | എയ്ഡ്. | 8 | 20 | 28 | 390 | 354 | 744 | 31 | 39 | 70 | 185 |
| 3 | G. T. L. P. S. കാക്കിനിക്കാട് | ഗവ. | ... | 2 | 2 | 42 | 56 | 98 | 12 | 9 | 21 | 4 |
| 4 | M. N. D. S. പനങ്ങാട്ടുകര | എയ്ഡ്. | ... | 10 | 10 | 163 | 120 | 283 | 6 | 2 | 8 | 11 |
| 5 | GLPS. മച്ചാട് പുന്നംപറമ്പ് | ഗവ. | 1 | 10 | 11 | 53 | 54 | 107 | 51 | 45 | 96 | 47 |
| 6 | J. V. മച്ചാട് മണലിത്ര | എയ്ഡ്. | 2 | 9 | 11 | 170 | 194 | 364 | 18 | 18 | 36 | 2 |
| 7 | ALPS വീരോലിപ്പാടം | ,, | 4 | 5 | 9 | 128 | 124 | 252 | 20 | 13 | 33 | 52 |
| 8 | AUPS അമ്പലപ്പാട് | ,, | 1 | 21 | 22 | 376 | 262 | 638 | 47 | 40 | 87 | 36 |

പട്ടിക 2 — വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | വിസ്തീർണ്ണം സെന്റിൽ | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബൊറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | GHSS മച്ചാട് പുന്നംപറമ്പ് | 150 | ഉണ്ട് | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 2 | നിർമല H. S. കുണ്ടുകാട് | 300 | ഉണ്ട് | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | 2 | ,, | ,, | ,, | ,, |
| 3 | GTLPS കാക്കിനിക്കാട് | 56 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | 1 | ,, | ഇല്ല | ,, | ,, |
| 4 | MNDS പനങ്ങാട്ടുകര | 42 | ഉണ്ട് | ഇല്ല | ഇല്ല | ഒന്ന് | 1 | ,, | ,, | ,, | ,, |
| 5 | GLPS മച്ചാട് പുന്നംപറമ്പ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഒന്ന് | 1 | ,, | ഉണ്ട് | ,, | ,, |
| 6 | JV മച്ചാട് മണലിത്ര | 80 | ഇല്ല | ഇല്ല | ഇല്ല | ഒന്ന് | 1 | ,, | ,, | ,, | ,, |
| 7 | ALPS വീരോലിപ്പാടം | 80 | ഉണ്ട് | ഇല്ല | ഇല്ല | ഒന്ന് | 1 | ,, | ഇല്ല | ,, | ,, |
| 8 | AUPS അമ്പലപ്പാട് | 78 | ഉണ്ട് | ഇല്ല | ഇല്ല | രണ്ട് | 1 | ,, | ഉണ്ട് | ,, | ,, |

# കുടിവെള്ളവും പൊതുജനാരോഗ്യവും

മച്ചാട് മലകളുടെ ഇടയിൽ സ്ഥിതി ചെയ്യുന്ന കുന്നുകളും, ചരിവു പ്രദേശങ്ങളും, തട്ടുകളും, താഴ്വരകളും നിറഞ്ഞതാണ് നമ്മുടെ ഗ്രാമ പഞ്ചായത്ത്. അതു കൊണ്ടുതന്നെ ഉയർന്ന കുന്നിൻ പ്രദേശങ്ങളിലും, ചരിവുകളിലും തട്ടുകളിലും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്നു. ഇതിൽ നിന്നും വ്യക്തമായ ഒരു വാർഡു പോലും തെക്കുംകര ഗ്രാമപഞ്ചായത്തിലില്ല. 90% ജനങ്ങളും കുടിനീരിനുവേണ്ടി കിണറുകളെ ആശ്രയിക്കുന്നതിനാൽ ഈ വരൾച്ച രോഗങ്ങളെ വിളിച്ചു വരുത്തുന്നു. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും മറ്റൊരു കാരണമാണ്.

തുറന്ന സ്ഥലത്തു പ്രവർത്തിക്കുന്ന 20-ൽ അധികം അറവുശാലകളുള്ളതിൽ, അവയുടെ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള ഒരിടം പോലും പഞ്ചായത്തിലില്ല. മാലിന്യങ്ങൾ തുറന്ന സ്ഥലങ്ങളിലും, തോടുകളിലും വെള്ളച്ചാലിലും വലിച്ചെറിയുന്നതു കൊണ്ടും ജലമലിനീകരണത്തിനും അന്തരീക്ഷ മലിനീകരണത്തിനും തദ്വാരാ രോഗത്തിനും കാരണമാകുന്നു.

തെക്കുംകര ഗ്രാമപഞ്ചായത്തിൽ ഒരു PHC, യും ഒരു ആയൂർവ്വേദ ഡിസ്പെൻസറിയും, ഒരു ഹോമിയോ ഡിസ്പെൻസറിയും 7 FWC യും, 22 അംഗൻ വാടികളും ആരോഗ്യ രക്ഷയ്ക്കായ് പ്രവർത്തിക്കുന്നുണ്ട്. 28392 ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഈ സംവിധാനം അപര്യാപ്തമാണ്.

ഗ്രാമസഭകളിൽ നിന്നും, ജലക്ഷാമം പരിഹാരത്തിന് പല നിർദ്ദേശങ്ങളുണ്ടെങ്കിലും ശുദ്ധജല ക്ഷാമത്തിന്ന് ശാശ്വതമായ പരിഹാരം വാഴാനി സമഗ്ര ശുദ്ധജല വിതരണ പദ്ധതി തന്നെയാണ്. അതു കൊണ്ട് ഈ പദ്ധതി ഈ വർഷത്തിൽ തന്നെ പൂർത്തിയാക്കുന്നതിന് ഗവൺമെൻറിൻെറ സത്വര ശ്രദ്ധ പതിയേണ്ടതാണ്.

### വാർഡുതലത്തിലുള്ള കുടിവെള്ള സൗകര്യം, പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ:—

### വാർഡ് 1

ഈ വാർഡിൽ പൊതുവെ എല്ലാ ജനങ്ങളും കുടി വെള്ളത്തിനു വേണ്ടി കിണർ വെള്ളത്തിനെയാണ് ആശ്രയിക്കുന്നത്.

വേനൽക്കാലത്ത് കല്ലംപാറ കോളനി, പള്ളിപ്പറമ്പ്, കനാൽ പ്രദേശം, പനങ്ങാട്ടുകര സെൻറർ, വായനശാല പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ രൂക്ഷമായ ശുദ്ധജല ക്ഷാമം നേരിടുന്നുണ്ട്.

പനങ്ങാട്ടുകര ക്ഷേത്രക്കുളത്തിന്നടുത്ത് പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ച് ശുദ്ധജല വിതരണം നടപ്പിലാക്കണം. വടക്കാഞ്ചേരി പഞ്ചായത്തിൽ നിന്നും പനങ്ങാട്ടുകരയിലേക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കാൻ ശ്രമിക്കണം. കല്ലംപാറ ഭചാലയിലും കൊളത്താഴം ചോലയിലും തടയണ നിർമ്മിച്ച് ജലദൗർലഭ്യത്തിന് പരിഹാരം കാണണം. കോട്ടകുന്നത്തും, സ്ക്കൂൾ പരിസരം, പനങ്ങാട്ടുകര സെൻറർ, കനാൽ പരിസരം എന്നിവിടങ്ങളിൽ കുഴൽകിണർ അനുവദിക്കണം, ''തെക്കുകര സമഗ്ര ശുദ്ധജല വിതരണ പദ്ധതി'' സമയ ബന്ധിതമായി നടപ്പിലാക്കണം.

### വാർഡ് 2

ഈ വാർഡിൽ കുടിവെള്ളത്തിന് കുറച്ച് കിണർ വെള്ളവും, 4 കുഴൽ കിണറുകളിൽ നിന്നുള്ള വെള്ളവുമാണ് ഉപയോഗിക്കുന്നത്. ഇവയിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല.

വേനൽ കാലത്ത് കുടിവെള്ളം രൂക്ഷമാകുമ്പോഠം ഒന്നും, രണ്ടും കി.മീ നടന്ന് വെള്ളം കെട്ടി ചുമന്ന് കൊണ്ടുവരുന്ന ഗതികേടാണുള്ളത്. കുഴൽ കിണറിൽ ഇരുമ്പു പൈപ്പുകളിട്ടിരിക്കുന്നതു മൂലം വേനൽക്കാലത്ത് ലഭിക്കുന്ന വെള്ളം ഉപയോഗ ശൂന്യമാണ്.

കുഴൽ കിണറിലെ ''ഇരുമ്പ് പൈപ്പ്'' മാററി ''പ്ളാസ്ററിക് പൈപ്പു''കഠം സ്ഥാപിക്കുക. പത്താഴകുണ്ട് ഡാമിന്നടുത്ത് കുളം നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് കുടി വെള്ള ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം, കിള്ളന്നൂർ പഞ്ചായത്തിൽനിന്നും പൂമല-കെൽട്രോൺ പൈപ്പ് ലൈൻ പുലിക്കപ്പുറം ഭാഗത്തേക്ക് നീട്ടി ടാപ്പുകഠം സ്ഥാപിക്കണം. മൂക്കിലക്കാട് ഭാഗത്ത് കുടിവെള്ളം ലഭിക്കുന്നതിനും ഇത് സഹായകമാവും.

## വാർഡ് 3

600—ഠം ഓളം വീടുകളുള്ള ഈ വാർഡിൽ 300—ഠഓളം വിടുകഠംക്കും സ്വന്തമായി കിണറുകളുണ്ട്. പക്ഷെ ഇവയിലെ ജല ലഭ്യത വളരെ കുറവാണ്. കൂടാതെ തെക്കുംകര പമ്പ് ഹൗസിൽ നിന്നും രണ്ട് ടാപ്പുകളും ഇവിടെയുണ്ട്.

പൊതു ജല വിതരണ സംവിധാനം ഇല്ലാത്തതിനാൽ ജനങ്ങഠം അയൽ വക്കത്തുള്ള കിണറുകളെ ആശ്രയിക്കുന്നു. വേനൽക്കാലത്ത് എല്ലാവർക്കും ശുദ്ധ ജലമെത്തിക്കാൻ ഈ കിണറുകഠം അപര്യാപ്തമാണ്. അതുകൊണ്ട് തന്നെ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കുടിവെള്ളത്തിന് വേണ്ടി വട്ടായി—വട്ടപ്പാറ എന്നിവിടങ്ങളിലെ ജനങ്ങഠം രണ്ടും മൂന്നും കി.മീ. സഞ്ചരിക്കേണ്ടതായി വരുന്നു.

ഈ വാർഡിന്റെ എല്ലാ ഭാഗത്തേക്കും പൈപ്പ് വെള്ളം ലഭ്യമാക്കണം.

## വാർഡ് 4

ഈ വാർഡിൽ കുറച്ചു വീടുകളിൽ മാത്രം സ്വന്തമായി കിണറുകളുള്ളതും, തെക്കുംകര പമ്പ് ഹൗസിൽ നിന്നുള്ള 16 ടാപ്പുകളും ആണ് ശുദ്ധ ജല ലഭ്യതാ കേന്ദ്രങ്ങഠം.

പമ്പ് ഹൗസിൽ നിന്നുള്ള Supply തൃപ്തികരമല്ല. പൈപ്പുകഠം പല സ്ഥലത്തും കേടു വന്നിരിക്കുന്നു. ചെമ്പോട് ഭാഗത്തുള്ള ''ആശാരിക്കട്ട'' ചെമ്പേഴ് നിന്ന് തെക്കോട്ട് കനാൽ വരെയുള്ള വീട്ടുകാർ, ലക്ഷംവീട്, കുന്നത്തു ചാക്കുവിന്റെ വീടിനു താഴെയുള്ള വീട്ടുകാർ, മെയിൻ റോഡിൽ നിന്ന് ലക്ഷംവീട് കോളനി ഭാഗത്തേക്കും, പടിഞ്ഞാറ്—വടക്കു ഭാഗത്തു താമസിക്കുന്ന വീട്ടുകാർ ഇവർക്കെല്ലാം ഏകദേശം 2 കി.മീ. ദൂരം നടന്ന്ചെന്ന് വേണം വെള്ളം കോരി കൊണ്ടുവരുവാൻ.

പാലിശ്ശേരി അച്യുതൻ നായരുടെ വീടിന്നു മുൻവശത്തുള്ള മെയിൻ റോഡിൽ കുഴിച്ചിട്ടുള്ള ''ബോർ വെൽ''—ൽ നിന്ന് പൈപ്പിട്ട് മേൽ സൂചിപ്പിച്ചവർക്കെല്ലാം കുടിവെള്ളം എത്തിക്കാൻ വേണ്ട നടപടികഠം കൈകൊള്ളണം.

## വാർഡ് 5

ഈ വാർഡിൽ സ്വന്തമായി കിണറുകളുള്ള വീടുകഠം കുറവാണ്. കരുമത്ര പമ്പ് ഹൗസിൽ നിന്നും ഉള്ള 14 ടാപ്പുകളിൽ നിന്നുള്ള ജലവും കിണർ വെള്ളവുമാണ് ഇവിടുത്തെ ശുദ്ധജലത്തിനുള്ള ആശ്രയം.

ഈ വാർഡിന്റെ പൊതുവെ എല്ലാ ഭാഗങ്ങളിലും പ്രത്യേകിച്ചും, കല്ലുംകൂട്ടം, കാര്യാട്, പുന്നംപറമ്പ് കോളനി, മേപ്പാടത്തിന്റെ ഒരു ഭാഗം, പുന്നംപറമ്പിന്റെ പടിഞ്ഞാറേ അററം, കനാലിന്റെ മുകളിലുള്ള ഭാഗങ്ങഠം എന്നിവിടങ്ങളിൽ—ശുദ്ധജല ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

ഇല്ലിക്കുളം വൃത്തിയാക്കി പമ്പ് ഹൗസ് സ്ഥാപിച്ചും. നിലവിലുള്ള പൈപ്പ് ലൈൻ മററ് സ്ഥലങ്ങളിലേക്ക് നീട്ടിയും ശുദ്ധജല ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും. വാഴാനി ശുദ്ധജല വിതരണ

പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കേണ്ടതാണ്. തെക്കുംകര 4–ാം വാർഡിലെ കിഴക്കേ അററത്തുള്ള കുഴൽ കിണറിൽനിന്നും പൈപ്പുവഴി വെള്ളം ലഭ്യമാക്കണം.

### വാർഡ് 6

കിണർ വെള്ളമാണ് കുടിനീരിന്നു വേണ്ടി ആശ്രയം, ഭൂരിഭാഗം വീടുകളിലും കിണറുകളില്ല.

ഈ വാർഡിൽ മൊത്തമായും മലാക്ക, കിഴക്കേക്കര കോളനി, അമ്പലപ്പാട് മിച്ചഭൂമി കോളനി കല്ലുംകൂട്ടം, മലാക്ക പുനരധിവാസ കേന്ദ്രം, ഊരോക്കാടിന്റെ ഒരു ഭാഗം, കാര്യാട് എന്നിവിടങ്ങളിൽ പ്രത്യേകിച്ചും കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

ഇല്ലിക്കുളം നേരെയാക്കി പമ്പ് ഹൗസ് സ്ഥാപിച്ചും, പുത്തൂർപാടത്ത് കുളം കുഴിച്ച് അതിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ഈ വാർഡിന്റെ ഭൂരിഭാഗ പ്രദേശത്തേക്കും ശുദ്ധജലം എത്തിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### വാർഡ് 7

പകുതിയോളം വീടുകളിൽ കിണറുകളുണ്ട്, ഈ കിണറുകളിൽ നിന്നും, കുറെ ദൂരം നടന്ന് മററ് വാർഡുകളിലെ ജല സ്രോതസ്സുകളിൽ നിന്നുമാണ് വർഷക്കാലത്ത് കുടിവെള്ളം ശേഖരിക്കുന്നത്.

വേനൽക്കാലത്ത് ഈ കിണറുകളിൽ 90% വും പൂർണ്ണമായി വററുന്നു. ജലസ്രോതസ്സുകളും വരൾച്ചയെ നേരിടുന്നു. വേനൽക്കാലത്ത് ഈ വാർഡിൽ പൊതുവെയും, കുററിക്കാട്, കൊളത്തുശ്ശേരി,, വീരോലിപ്പാടം—മുണ്ട്യാകുന്ന് ലക്ഷം വീട് കോളനി, മുള എന്നിവടങ്ങളിൽ പ്രത്യേകിച്ചും ജലക്ഷാമം അസഹനീയമാണ്.

''കുററിക്കാട് ചിറ'' ശുദ്ധജല സംഭരണിയായി സംരക്ഷിക്കുകയും, മുള ഭാഗത്ത്കൂടി ഒഴുകുന്ന നീർച്ചാൽ തടയണ കെട്ടി ശുദ്ധജലം സംഭരിക്കുകയും ചെയ്ത് വെള്ളം പമ്പ് ചെയ്ത് കുററിക്കാടിന്റെ കുറച്ചുഭാഗം, മലാകം, മുള, പഴയന്നൂർപ്പാടം എന്നിവടങ്ങിലെ ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കും. അതിന് ശ്രമിയ്ക്കണ്ടതാണ്. ''വാഴാനി സമഗ്ര ശുദ്ധജല വികസന പദ്ധതി''യുടെ ഉപകാരം ഈ വാർഡിലേക്ക് ലഭ്യമാക്കാൻ ഈ പഞ്ചായത്തിന്റെ ഏററവും ഉയർന്ന പ്രദേശമായ കുററിക്കാട് കുന്നിൻ മുകളിൽ ''ടാങ്ക്'' സ്ഥാപിച്ച് ജല വിതരണം നടത്തേണ്ടതാണ്. ഈ ടാങ്കിൽ നിന്നും പഞ്ചായത്തിന്റെ മറ്റെല്ലാ ഭാഗത്തേക്കും സുഗമമായ ജല വിതരണം അസാധ്യമാണ്. ടാങ്കിനാവശ്യമുള്ള സ്ഥലം ജനങ്ങൾ വിട്ടുതരാൻ സന്നദ്ധരാണ്. വീരോലിപ്പാടം സെൻററിൽ നിർമ്മിച്ചിട്ടുള്ള കുഴൽ കിണറും ടാങ്കും പ്രവർത്തനക്ഷമമാക്കുകയും, അതിൽ നിന്ന് കുഴലുകൾ വഴി വെള്ളം മററുഭാഗങ്ങളിലേക്ക് എത്തിക്കേണ്ടതുമാണ്. വാർഡിന്റെ മുഴുവൻ ഭാഗത്തേക്കും പൈപ്പ് ലൈൻ എത്തിക്കേണ്ടതാണ്—സമഗ്ര പദ്ധതിയിൽ നിന്ന്.

### വാർഡ് 8

ഈ വാർഡിൽ പകുതിയോളം വീടുകളിൽ വർഷക്കാലത്തെ രണ്ടോ മൂന്നോ മാസം മാത്രം വെള്ളം ലഭിക്കുന്ന കിണറുകൾ മാത്രമാണുള്ളത്. അതുകൊണ്ടു തന്നെ കുടിവെള്ള ക്ഷാമം ഏററവും കൂടുതൽ അനുഭവപ്പെടുന്ന വാർഡാണിത്. വേനൽക്കാലത്ത് പഞ്ചായത്ത്, ടാങ്കർ ലോറികളിൽ എത്തിക്കുന്ന വെള്ളമാണ് ആശ്രയം.

3 കി.മീ ദൂരത്തോളം നടന്നിട്ട് വേണം വെള്ളം എടുക്കാൻ.

എടവനക്കാട് എന്ന സ്ഥലം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് വേങ്ങലക്കുണ്ട് കുന്നിൻ മുകളിൽ സംഭരിച്ച് വിതരണം ചെയ്ത് ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ സത്വരമായി ശ്രമിക്കണം. വാഴാനി സമഗ്ര ശുദ്ധജല വികസന പദ്ധതി ഉടൻ നടപ്പാക്കിയും, കുടിവെള്ള പ്രശ്നം പരിഹരിക്കണം.

### വാർഡ് 9

ഈ വാർഡിൽ പകുതിയോളം വീടുകളിൽ കിണറുകളുണ്ട്. വേനൽക്കാലത്ത് ചില കിണറുകൾ വററുമ്പോൾ അയൽവക്കത്തുള്ള മററ് കിണറുകളെ ആശ്രയിക്കുന്നു. വാട്ടർ അതോറിററിയുടെ കീഴിൽ പ്രവർത്തിക്കുന്ന പമ്പ് ഹൗസിൽ നിന്നും പത്ത് പൊതുടാപ്പുകളിൽ കൂടിയും ജലവിതരണം നടക്കുന്നുണ്ട്. എന്നാലും വേനൽക്കാലത്ത് വാർഡിന്റെ പല ഭാഗത്തും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പ്രത്യേകിച്ചും വടക്കും പടിഞ്ഞാറും ഭാഗങ്ങൾ, മങ്കര, പെരുവക്കാട് കാപ്പി എന്നീ പ്രദേശങ്ങൾ.

വാട്ടർ അതോറിററിയുടെ കീഴിലുള്ള കുളം, പരിപൂർണ്ണമായും വൃത്തിയാക്കി ചുററും മതിൽ കെട്ടി വെള്ളം ശുദ്ധി ചെയ്ത് വിതരണം ചെയ്യുകയും നിലവിലുള്ള പൈപ്പുകൾ മററ് സ്ഥലങ്ങളിലേക്ക് നീട്ടി കൂടുതൽ സ്ഥലങ്ങളിലേക്ക് ജലം എത്തിക്കുവാനും തയ്യാറാവണം. വാഴാനി സമഗ്ര ശുദ്ധ ജല വികസന പദ്ധതി ഉടൻ നടപ്പിലാക്കി പൊതുവായ ജലക്ഷാമം ഉടൻ പരിഹരിക്കണം. കരുമത്ര കോളനിയിൽ ടാങ്ക് പണിയുക, Delivery & Distribution pipes വേറെയാക്കുക, മങ്കര, പഴയകോളനി റോഡ്, കാപ്പിറോഡ്, താമരക്കുളംറോഡ് എന്നീ ഭാഗങ്ങളിലായി 11 ടാപ്പുകൾ കൂടി സ്ഥാപിക്കണം.

### വാർഡ് 10

കിണറുകളാണ് മുഖ്യ ഉറവിടം. വേനൽക്കാലത്ത് ചില സ്ഥലങ്ങളിൽ ജലക്ഷാമമനുഭവപ്പെടുന്നുണ്ട്.

വാർഡിന്റെ ഉയർന്ന ഭാഗങ്ങളിൽ വേനൽക്കാലത്ത് വെള്ളക്ഷാമം രൂക്ഷമാണ്.

വാർഡിന്റെ കിഴക്കേ അററത്ത് പൂത്തുപ്പാടത്ത് കുളം കുഴിച്ച് വെള്ളം പമ്പുചെയ്ത് വാർഡിന്റെ എല്ലാ ഭാഗത്തേക്കും ജലം എത്തിക്കാവുന്നതാണ്. അതു നടപ്പിലാക്കണം. പുന്നംപറമ്പിൽ വന്നു നില്ക്കുന്ന പൈപ്പ് ലൈൻ മണലിത്തറ പടിഞ്ഞാറെ ഭാഗത്തേക്കുകൂടി നീട്ടി ജലവിതരണം നടത്തേണ്ടതാണ്. സമഗ്രശുദ്ധ ജലവിതരണ പദ്ധതി ഉടൻ നടപ്പിലാക്കണം

### വാർഡ് 11:

കിണറുകളും 11 പൊതു വിതരണ ടാപ്പുകളുമാണ് ശുദ്ധ ജലത്തിന് ആധാരം.

വേനൽക്കാലത്ത് ഈ വാർഡിന്റെ ഉയർന്ന പ്രദേശങ്ങളിലെല്ലായിടത്തും വെള്ളം ക്ഷാമം അനുഭവപ്പെടുന്നതുകൊണ്ട് താഴ്വര പ്രദേശത്തു നിന്നു വെള്ളം കോരി 300–400 അടി മുകളിലേക്ക് ചുമന്നു കൊണ്ടു പോകുന്നു. ''പമ്പ് ഹൗസ്'' ന്റെ പ്രവർത്തനശേഷി കുറവായതുകൊണ്ട് ഉയർന്ന പ്രദേശങ്ങളിലേക്ക് വെള്ളം കയറുന്നില്ല.

പതിനൊന്നാം വർഡിൽ മില്ലിലേക്ക് വിട്ടു കൊടുത്ത ചക്കുംകുളം തിരിച്ചെടുത്ത് പൂർണ്ണമായും നേരെയാക്കി അതിൻ നിന്നും പമ്പ്വെച്ച് ഈ വാർഡിലെ പകുതി ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം. സമഗ്രശുദ്ധ ജലവിതരണ പദ്ധതി അടിയന്തിരമായി നടപ്പിലാക്കണം പേരേപ്പാറ അണക്കെട്ട് പ്രവർത്തന ക്ഷമമാക്കി അവിടെ വെള്ളം കെട്ടിനിർത്തിയാൽ ഉറവകളിൽ കുടിവെള്ളം എത്തി വാർഡിന്റെ മണ്ണിലെ ജലവിതാനം ഉയരുകയും ജലക്ഷാമം പരിഹരിക്കാൻ സാധിക്കുകയും ചെയ്യും. വെള്ളാംകുണ്ടിയിൽ സ്ഥിതി ചെയ്യുന്ന പമ്പ് ഹൗസിന്റെ Delivery & Distribution pipes വേറെ ആക്കണം. എങ്കിൽ മാത്രമെ വിതരണം കാര്യക്ഷമമാകൂ.

## തെക്കുംകര പഞ്ചായത്തിലെ കുടിവെള്ള പ്രശ്നങ്ങൾ

1 ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും 7 മാസക്കാലം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

### നിർദ്ദേശങ്ങൾ

1 പഞ്ചായത്തിൽ നിലവിലുള്ള മൂന്ന് പമ്പ് ഹൗസുകളുടെയും, കുളങ്ങൾ, കിണറുകൾ പരിപൂർണ്ണമായും വൃത്തിയാക്കുകയും

പമ്പിന്റെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുകയും ടാങ്കിലേയ്ക്ക് Delivery pipe ഉം ടാങ്കിൽ നിന്നുള്ള Distribution pipe വേറെ വേറെയാക്കുകയും കൂടുതൽ സ്ഥലങ്ങളിലേക്ക് പൈപ്പുകൾ നീട്ടി ശുദ്ധ ജലമെത്തിക്കുകയും ചെയ്യുക.

2 പത്താഴക്കുണ്ട് ഡാമിന്നടുത്ത് കുളം നിർമ്മിച്ച് പമ്പ് ഹൗസ് സ്ഥാപിച്ചു ജല വിതരണം നടത്തിയാൽ 1,2 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാം. പത്താഴക്കുണ്ടു ഡാമിലെ കിണറിനുള്ളിലെ ചോർച്ച എത്രയും വേഗം നിയന്ത്രിക്കുകയും ഡാമിലെ മുഴുവൻ വെള്ളവും ചോർന്നു പോകുന്നതു് തടയുക.

3 പനങ്ങാട്ടുകര ക്ഷേത്രക്കുളത്തിന്നടുത്ത് ഒരു കുളം നിർമ്മിച്ച് വെള്ളം പമ്പു ചെയ്തു ജല വിതരണം ചെയ്യുക.

4 പുന്നംപറമ്പിന്റെ പടിഞ്ഞാറു ഭാഗത്തുള്ള പാടത്ത് കുളം നിർമ്മിച്ച് വെള്ളം പമ്പു ചെയ്ത് ജലവിതരണം സാദ്ധ്യമാക്കുക.

5 ഇല്ലിക്കുളവും അന്ത്യാളൻകുളവും ജലവിതരണത്തിന് ഉപയുക്തമാക്കുക.

6 പുത്തുപ്പാടത്ത് കുളം നിർമ്മിച്ച് pump house സ്ഥാപിച്ച് 6, 10 വാർഡുകൾക്ക് ജല വിതരണം സാധ്യമാക്കുക.

7 കുററികാട് ചിറ വൃത്തിയാക്കി ശുദ്ധ ജല വിതരണത്തിനായി ഉപയോഗിക്കുക.

8 മുള, മലികം ഭാഗത്ത് നീർചാലുകളിൽ തടയണ നിർമ്മിച്ച് കിണറുകളിലെ ജല ലഭ്യത വർദ്ധിപ്പിച്ച് ജലക്ഷാമം പരിഹരിക്കുക.

9 പേരേപ്പാറ അണക്കെട്ട് ഉപയോഗ ക്ഷമമാക്കി വെള്ളം തടഞ്ഞ് നിർത്തി കിണറുകളിലെ ജലനിരപ്പ് ഉയർത്തി ജലക്ഷാമം വളരെയധികം പരിഹരിക്കാൻ സാധിക്കും.

10 വാഴാനി സമഗ്ര ശുദ്ധ ജല വിതരണ പദ്ധതി വളരെ വേഗത്തിൽ പൂർത്തിയാക്കുകയും, വാഴാനി പുന്നംപറമ്പ് എന്നീ നിർദ്ദിഷ്ട ടാങ്കുകൾ കൂടാതെ ''കുററിക്കാട് കുന്നത്ത്'' കൂടി ടാങ്ക് സ്ഥാപിച്ച് 7, 8 വാർഡുകളിലെ ജല വിതരണം സുഗമമാക്കണം.

11 വാഴാനിയിൽ നിന്നുള്ള തോട്ടിൽ ഇന്നുള്ള ചിറകളുടെ സ്ഥാനത്ത് സ്ഥിരം ഷട്ടർ ഇട്ട് വെള്ളം കെട്ടി നിർത്തിയാൽ മണ്ണിനടിയിലെ ജലനിരപ്പ് ഉയരുവാനും, ജലാശയങ്ങളിൽ കൂടുതൽ വെള്ളം ലഭ്യമാക്കുവാനും സാധിക്കും.

12 ഭൂഗർഭ ജലസ്രോതസ്സുകളെ നശിപ്പിക്കുകയും ഭൂഗർഭത്തിൽ ശൂന്യസ്ഥലമുണ്ടാക്കി അസന്തുലിതാവസ്ഥ സൃഷ്ടിക്കുകയും ഭൂകമ്പത്തെ വിളിച്ചു വരുത്തുകയും ചെയ്യുന്നു. കുഴൽകിണർ സംവിധാനം പാടെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## പൊതുജനാരോഗ്യം

തെക്കുംകര പഞ്ചായത്തിലെ 1, 2, 3, 7, 9, 10, 11 എന്നീ വാർഡുകളിൽ FWCകളുണ്ട്. 5-ാംവാർഡിൽ പ്രവർത്തിക്കുന്ന ജനപഞ്ചായത്തിലെ ആദ്യത്തെ ആതുരാലയമായ ആയുർവേദ ഡിസ്പെൻസറിയും, 7-ാംവാർഡിൽ ഒരു പഞ്ചായത്ത് PHCയും, 6-ാം വാർഡിൽ ഹോമിയോ ഡിസ്പെൻസറിയും നിലവിലുണ്ട്. ശിശുപരിപാലനത്തിനു വേണ്ടി 22 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്, 28396 ജനങ്ങൾ അതിവസിക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യത്തിനെ കാത്തുസൂക്ഷിക്കുവാൻ 23 ജീവനക്കാർ മാത്രമാണുള്ളത്.

## പ്രശ്നങ്ങൾ

1 അരനൂററാണ്ടിലേറെ പഴക്കമുള്ള ആയുർവേദ ആശുപത്രിക്ക് ഇന്നും സ്വന്തമായ കെട്ടിടമില്ല.

2 ആരംഭകാലത്ത് രോഗികളെ കിടത്തി ചികിത്സിച്ചിരുന്നു. ഇന്ന് ആ സൗകര്യം ഇല്ല. ആവശ്യത്തിന് സ്ററാഫോ മരുന്നോ ഇല്ല.

3 സ്വന്തമായ കെട്ടിടമോ, ആവശ്യത്തിന് സ്റ്റാഫോ, ഫർണീച്ചറോ, ആശുപത്രി ഉപകരണങ്ങളോ വീരോലിപ്പാടത്ത് പ്രവർത്തനമാരംഭിച്ച P H C ക്ക് ഇല്ല.

4 പഞ്ചായത്തിൽ ഏഴ് ഫാമിലി വെൽഫെയർ സെൻററുകൾ ഉണ്ടെങ്കിലും അഞ്ചിനും സ്വന്തമായ കെട്ടിടമില്ല.

5 7 സെൻററുകളിലും സ്റ്റൗവോ ഹീററുകളോ ഇല്ല.

6 P H C യിലും, F W C കളിലും ആവശ്യമായ ഫർണിച്ചർ ഇല്ല.

7 പഞ്ചായത്തിലെ മൊത്തം വീടുകളിൽ 78% വീടുകൾക്കും കക്കൂസില്ല.

## നിർദ്ദേശങ്ങൾ

1 കരുമത്ര വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മൂന്നു നിലകളിലായി കെട്ടിടം നിർമ്മിച്ച് താഴത്തെ നില രോഗികളെ കിടത്തി ചികിൽസിക്കുന്ന ആയുർവേദ ആശുപത്രിക്ക് നൽകുക.

2 വീരോലിപ്പാടത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള P H C ക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കി 10 രോഗികളെ എങ്കിലും കിടത്തി ചികിൽസിക്കാവുന്ന വിധത്തിൽ സൗകര്യം ഉണ്ടാക്കുക.

3 P H C യുടെ ദൈനംദിന പ്രവർത്തനത്തിന് അത്യാവശ്യമായ ഫാർമസിസ്ററ്, സ്റ്റാഫ് നേഴ്സ്, ക്ലാർക്ക്, P T C, J H I എന്നിവരെ എത്രയും വേഗം നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4 ആശുപത്രികളിലേക്കും, FWC കളിലേക്കും ആവശ്യമായ ഫർണീച്ചറുകളും മററുപകരണങ്ങളും എത്തിക്കാൻ സത്വര നടപടികൾ സ്വീകരിക്കുക.

5 P H C യിലെ ഡോക്ടർ ആഴ്ചയിൽ ഒരു ദിവസം രണ്ടുമണിക്കൂർ വീതം ഓരോ F W C യിലും ഉണ്ടായിരിക്കണം, അതിനുള്ള ടൈം ടേബിൾ കാലേകൂട്ടി തയ്യാറാക്കി ജനങ്ങളെ അറിയിക്കുക,

6 രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സ്ഥലസൗകര്യം ഉള്ള സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മലാക്ക ഹോമിയോ ഡിസ്പെൻസറി പത്തു ബെഡുകളോടു കൂടിയ ആശുപത്രി ആയി ഉയർത്തുകയും ആവശ്യമായ മരുന്നും, ജീവനക്കാരെയും ലഭ്യമാക്കാൻ വേണ്ടതു ചെയ്യുക.

7 ഇപ്പോൾ F W C ഇല്ലാത്ത 4,5,6,8 വാർഡുകളിൽ എത്രയും വേഗം F W C കൾ പ്രവർത്തനമാരംഭിക്കുക.

8 ഈ പഞ്ചായത്തിൽ കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ ദാരിദ്ര്യ രേഖക്ക് താഴെ ഉള്ളവർക്ക് സൗജന്യമായും മററുള്ളവർക്ക് സബ്സിഡി നിരക്കിലും E S P കക്കൂസുകൾ നൽകുക.

9 അയഡിൻെറ അഭാവംമൂലമുള്ള രോഗങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. സ്ഥിരമായി അയഡിൻ ഉപ്പ് ഉപയോഗിക്കുന്നതിനാൽ രോഗ സാധ്യത കൂടുതലായി കാണുന്നുമുണ്ട്. ആയതിനാൽ അയൊഡീകരിക്കാത്ത ഉപ്പ് സാധാരണക്കാരനു ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

10 ഓരോ കുട്ടിക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്തുകൊണ്ട് ആരംഭിച്ച സ്കൂൾ ആരോഗ്യ പരിപാടി കുറെ വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. പുനരാരംഭിക്കുക,

11 നേത്ര ചികിത്സാ യൂണിററ് സ്ഥാപിക്കുക. സ്കൂളുകൾ തോറും ബോധവൽക്കരണ പരിപാടികളും ''സുനേത്ര'' പദ്ധതിയും ഊർജ്ജിതപ്പെടുത്തുക.

12 മിനി P H C ലവലിൽ സ്ഥിരം ഗർഭനിരോധന മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുക. ഒരു ഗൈനക്കോളജിസ്ററിനെ നിയമിക്കുക.

13 വാർദ്ധക്യകാല സംരക്ഷണ പദ്ധതികൾ വിപുലപ്പെടുത്തുക.

★

# വ്യവസായം

വ്യവസായരംഗം വിശദമായി പരിശോധിച്ചാൽ തെക്കുംകര ഗ്രാമപഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണെന്ന് മനസ്സിലാക്കാം. 650 പേർ ജോലി ചെയ്യുന്ന വിരുപ്പാക്കയിലെ തൃശൂർ സഹകരണ സ്പിന്നിംഗ് മിൽ മാത്രമാണ് ഈ പഞ്ചായത്തിലെ ഏക വൻകിട തൊഴിൽശാല. ഇതിലാണെങ്കിൽ ഏകദേശം 10 % പേർ മാത്രമെ ഈ പഞ്ചായത്ത് നിവാസികളായിട്ടുള്ളു ബാക്കിയുള്ളവർ സംസ്ഥാനത്തിന്റെ തന്നെ വിവിധ പ്രദേശങ്ങളിൽ നിന്ന് വരുന്നവരാണ്. അതിനാൽ പഞ്ചായത്ത് തൊഴിൽക്കരം ഇനത്തിൽ ലഭിക്കുന്ന 76,125 രൂപയും കെട്ടിടനികുതിയിനത്തിൽ ലഭിക്കുന്ന ഒരു ലക്ഷം രൂപയുമാണ് ഈ രംഗത്ത് മുതൽകൂട്ട്. ഇന്ന് ഏകദേശം 3 കോടിയോളം രൂപ നഷ്ടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വ്യാപകമായി കണ്ടു വരുന്ന ഒന്നാണ് ബീഡി തെറുപ്പ്. 495 ഓളം പേർ പണിയെടുക്കുന്ന ഈ മേഖല തികച്ചും അസംഘടിതവും അതിനാൽ തന്നെ ഒട്ടേറെ ചൂഷണങ്ങൾ അനുഭവിക്കുന്ന ഒന്നുമായി തീർന്നിരിക്കുന്നു. സ്ത്രീകളാണ് ഈ രംഗത്ത് ഭൂരിപക്ഷവും. മറ്റൊരു പ്രധാന തൊഴിൽ മേഖല കരിങ്കൽ ക്വാറിമേഖലയാണ്. 550 ഓളം പേർ തൊഴിൽ ചെയ്യുന്നു. ഈ മേഖല ഈ പഞ്ചായത്തിന്റെ മാത്രമല്ല സമീപ പഞ്ചായത്തുകളുടെ പോലും തൊഴിൽദാന മേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഈ രംഗത്തെ തൊഴിൽ സാദ്ധ്യതകളെക്കുറിച്ചുള്ള ഒരു ശാസ്ത്രീയ പഠനം വളരെ അനിവാര്യമാണ്. തൃശൂർ ജില്ലയിലെ തന്നെ ഏറ്റവും പ്രധാന ക്വാറിയായ കുണ്ടുകാട് ''മംഗല്ല്യപ്പാറ'' ക്വാറിയുടെ പ്രധാന ഭാഗങ്ങൾ ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ചെപ്പാറയിൽ സഹകരണ മേഖലയിൽ ഒരു ക്വാറി പ്രവർത്തനം തുടങ്ങിയാൽ ഈ പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയുമായി ഏകദേശം 500 പേർക്ക് തൊഴിൽ നൽകാനാവും.

കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന ഒരു പൗവ്വർ ലൂമും.2 ഖാദി മസ്ലീൻ യൂണിററുകളും പ്രവർത്തിക്കുന്നുണ്ട്. 110 പേരാണ് ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നത്. പഞ്ചായത്തിൽ രജിസ്ററർ ചെയ്തിട്ടുള്ള 22 വ്യവസായ യൂണിററുകളിലുമായി മൊത്തം 108 പേർ പണിയെടുക്കുന്നുണ്ട്. സ്വയം തൊഴിൽ മേഖലയിൽ 30 ഓളം പേർ പണിയെടുക്കുന്ന സോഫാ നിർമ്മാണ യൂണിററുകളും 6 പേർ തൊഴിലെടുക്കുന്ന ഒരു റബ്ബർ ഫാക്ടറിയും പ്രവർത്തിച്ചു വരുന്നു.

പരമ്പരാഗത വ്യവസായ മേഖലയായ കുട്ട, പനമ്പ് എന്നിവയുടെ നിർമ്മാണ രംഗത്ത് ഇരുനൂറോളം പേർ പ്രവർത്തിച്ചുവരുന്നു. പക്ഷെ അസംസ്കൃത വസ്തുക്കളായ മുള, ഈററ എന്നിവയുടെ ലഭ്യത കുറവ് ഈ വ്യവസായ രംഗത്തെ സാരമായി ബാധിച്ചിരിക്കുന്നു.

മേൽ വിവരിച്ചതിൽ നിന്നും പഞ്ചായത്തിലെ വ്യവസായ തൊഴിലാളികളിൽ ഭൂരിപക്ഷവും പഞ്ചായത്തിന് പുറത്തുള്ള വ്യവസായ ശാലകളിലാണ് പണിയെടുക്കുന്നത് എന്ന് മനസ്സിലാക്കാം. വൈദ്യുതി ലഭ്യത കുറവും ഗതാഗത സൗകര്യങ്ങളുടെ അഭാവവും പുതിയ വ്യവസായ യൂണിററുകൾ ആരംഭിക്കാതിരിക്കാനുള്ള പ്രധാന കാര്യങ്ങളാണ്. കുണ്ടുകാട് ആസ്ഥാനമായി പ്രവർത്തിച്ചു വന്നിരുന്ന വനിതാ വ്യവസായ സഹകരണ സംഘം അനേകം വർഷങ്ങളായി പ്രവർത്തന രഹിതമാണ്.

## മച്ചാട് പൗവ്വർലൂം ഇൻഡസ്ട്രിയൽ കോ: ഓപ്പറേററീവ് സൊസൈററി.

4.12-78ൽ ആണ് ഈ സ്ഥാപനം പ്രവർത്തനം തുടങ്ങിയത്. 12 പുരുഷൻമാരും 37 സ്ത്രീകളടക്കം 49 പേർ ഇവിടെ ജോലി ചെയ്തു വരുന്നു. തൃശൂർ സീതാറാം മില്ലിനു വേണ്ടി SITROLIN, RAGAM, SARGAM,SITARAM SM III, 1703, 1803, 2323, എന്നി ഇനം തുണികളും സംഘത്തിനുവേണ്ടി Double dothi, Lungi എന്നിവയും ഉൽപ്പാദിപ്പിക്കുന്നു. ബെഡ്ഷീററ്, സെററുമുണ്ടുകൾ, ഷർട്ട്, പാൻറ് എന്നിവക്കുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ശരാശരി മാസം 50000 മീററർ തുണിയാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. സംഘത്തിൽ ഇപ്പോൾ 48 തറികളാണ് ഉള്ളത്. ഈ സ്ഥിതിയിൽ നൽകാവുന്ന പരമാവധി തൊഴിൽ ഇപ്പോൾ നൽകി വരുന്നുണ്ട്.

1978-ൽ ആരംഭിച്ച സംഘം തുടക്കത്തിൽ 10 വർഷത്തോളം പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതിരുന്നതിനാൽ വൻതോതിൽ നഷ്ടം സംഭവിക്കുകയുണ്ടായി. തുടർന്നിങ്ങോട്ട് സംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. എങ്കിലും മേൽപറഞ്ഞ കാലത്തുണ്ടായ സഞ്ചിത നഷ്ടം നികത്തുവാൻ കഴിഞ്ഞിട്ടില്ല. പവ്വർകട്ട് സംഘത്തിൻെറ വളർച്ചയെ ദോഷകരമായി ബാധിക്കുന്നു. ഇത് കൂടുതൽ നഷ്ടത്തിലേക്ക് വഴി തെളിയിക്കുന്നു.

സംഘത്തിനാവശ്യമായ ധനസഹായം നൽകി വരുന്നത് തൃശൂർ ജില്ലാ സഹകരണ ബാങ്കാണ്. സംഘത്തിൻെറ ഉൽപ്പാദനാവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ തൃശൂർ സീതാറാം മിൽ, വിരുപ്പാക്ക തൃശൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങുന്നത്. സംഘത്തിൽ 94 അംഗങ്ങൾ ഉണ്ട്. കൂടുതൽ വിപുലീകരിക്കുന്നതിനായി ഏതാണ്ട് 70സെൻറ് സ്ഥലം സംഘത്തിന് സ്വന്തമായിട്ടുണ്ട്.

പഞ്ചായത്തിലെ വ്യവസായ യൂണിററുകളുടെയും തൊഴിലാളികളുടെയും തൊഴിൽ വിഭജന മേഖലകളുടെയും പട്ടിക താഴെ ചേർക്കുന്നു.

### വ്യവസായ യൂണിററുകളുടെ പട്ടിക.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | കാർഷികാധിഷ്ഠിതം | 4 |
| 2 | വനവിഭവാധിഷ്ഠിതം | 1 |
| 3 | മൃഗസംരക്ഷാണാധിഷ്ഠിതം | 2 |
| 4 | ടെക്സ്ററയിൽസ് | 2 |
| 5 | കെമിക്കൽ | 1 |
| 6 | എഞ്ചിനിയറിംഗ് | 1 |
| 7 | ഇലക്ട്രോണിക്സ് | 1 |
| 8 | മിനറൽസ് | 1 |
| 9 | കെട്ടിടനിർമ്മാണം | 1 |
| 10 | മററുള്ളവ | 8 |
| | ആകെ | 22 |

## തൊഴിൽ വിഭജന പട്ടിക

| ക്രമ നമ്പർ | ഇനം | എണ്ണം | |
|---|---|---|---|
| | | സ്ത്രീകൾ | പുരുഷൻ |
| 1 | പ്രധാന തൊഴിലാളികൾ | 2951 | 4205 |
| 2 | നാമമാത്ര തൊഴിലാളികൾ | 463 | 242 |
| 3 | കൃഷിക്കാർ | 223 | 1398 |
| 4 | കർഷക തൊഴിലാളികൾ | 1656 | 2040 |
| 5 | മൃഗസംരക്ഷണം, വനം, മത്സ്യ ബന്ധനം | 45 | 218 |
| 6 | വിവിധ ഗൃഹ ഉപകരണ വസ്തുക്കളുടെ നിർമ്മാണ–റിപ്പയർ മേഖല | 90 | 140 |
| 7 | ചെറുകിട കച്ചവടക്കാർ | 69 | 609 |
| 8 | സേവന മേഖല | 236 | 462 |
| 9 | മററ് മേഖലകൾ | 449 | 599 |

## തൊഴിലാളികളുടെ പട്ടിക

| ക്രമ നമ്പർ | വിഭാഗം | എണ്ണം |
|---|---|---|
| 1 | കൈത്തറി | 60 |
| 2 | ഖാദി | 50 |
| 3 | ബീഡി | 495 |
| 4 | റബ്ബർ | 6 |
| 5 | പരമ്പരാഗത വ്യവസായങ്ങൾ | 215 |
| 6 | സോഫ നിർമ്മാണം | 30 |
| 7 | പ്ലാസ്ററിക്ക് വർക്ക്സ് | 12 |
| 8 | കരിങ്കൽ ക്വാറി | 550 |
| 9 | കെട്ടിട നിർമ്മാണം | 410 |
| 10 | വിരുപ്പാക്ഷ സ്പിന്നിംഗ് മിൽ | 650 |
| 11 | കുടിൽ വ്യവസായങ്ങൾ | 66 |
| 12 | റിപ്പയർ ഷോപ്പുകൾ | 4 |
| 13 | റൈസ് മില്ലുകൾ | 24 |
| 14 | ഭക്ഷ്യ സംസ്ക്കരണം | 12 |
| 15 | ഇലക്ട്രോണിക്സ് | 22 |

**തൊഴിൽരഹിതരുടെ പട്ടിക**

| ഇനം | എണ്ണം |
|---|---|
| സ്ത്രീകൾ | 9873 |
| പുരുഷൻമാർ | 6164 |
| ആകെ | 16,037 |

# വ്യവസായം

## വാർഡ് 1

ഈ വാർഡിൽ ഉള്ള ഏക വ്യവസായ സ്ഥാപനം ഖദി മസ്ലീൻ ഉൽപ്പാദക യൂണിററാണ്. കൂടാതെ സ്വകാര്യ മേഖലയിൽ ഉള്ള ഒരു സ്ക്രീൻ പ്രിൻറിംഗ് യൂണിററും 3 റൈസ് മില്ലുകളും പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

1 ബാങ്കുവായ്പ ലഭ്യമാകുന്നില്ല.

2 സേവനമേഖല അനുസരിച്ചുള്ള അത്താണി ധനലക്ഷ്മി ബാങ്ക് വളരെ അകലെ സ്ഥിതി ചെയ്യുന്നു. കൂടാതെ വായ്പ നൽകുന്നില്ല.

### നിർദ്ദേശങ്ങൾ

1 ബീഡി വ്യവസായ സഹകരണ സംഘം റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ജാം, ജൂസ് ഉൽപ്പാദകസഹകരണ സംഘം തുടങ്ങിയവ ആരംഭിക്കാവുന്നതാണ്.

2 മരഫർണീച്ചർ. വ്യവസായം, വൈരക്കൽ, വ്യവസായം, എന്നിവ ആരംഭിക്കാം.

3 നോട്ട്ബുക്ക് വ്യവസായം ആരംഭിക്കാം.

## വാർഡ് 2

ഇപ്പോൾ വൻവ്യവസായങ്ങൾ നിലവിലില്ല. കരിങ്കൽ സുലഭമായി ലഭിക്കുന്നുണ്ട്. വനിതാ വ്യവസായ യൂണിററ് പ്രവർത്തിക്കുന്നുണ്ട്. ആണി നിർമ്മാണം, കരിഓയിൽ ഓയിൽ നിർമ്മാണം എന്നിവ ഉണ്ട്.

### നിർദ്ദേശങ്ങൾ

1 ഖാദി, നൂൽനൂൽപ്പ്, നെയ്ത്ത് എന്നിവ ആരംഭിക്കാം.

2 കരിങ്കൽ പൊട്ടിച്ച് മെററൽ, ബോളർ എന്നിവയാക്കുന്ന വ്യവസായം ആരംഭിക്കാം.

3 ബീഡി നിർമ്മാണം, തയ്യൽ പണി, അച്ചാർ നിർമ്മാണം

ജാം നിർമ്മാണം എന്നിവ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കാം.

4 റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുക.

## വാർഡ് 3

വട്ടായി - കുണ്ടുകാട് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ക്വാറികളാണ് സംഘടിത തൊഴിൽ മേഖല. കുണ്ടുകാട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന വനിതാ വ്യവസായ സഹകരണ സംഘം നിർജ്ജീവമാണ്.

### പ്രധാന പ്രശ്നങ്ങൾ

1 കരിങ്കൽ ക്വാറി മേഖലയിലെ തൊഴിൽ സാദ്ധ്യത ശാസ്ത്രീയമായി പഠിച്ചിട്ടില്ല.

2 വട്ടായി-കുണ്ടുകാട് റോഡിൽ നിലവിലുള്ള ലോറി ഗതാഗതത്തിൻെറ തടസ്സം നീക്കം ചെയ്യുക.

3 നിലവിലുള്ള വനിതാ സൊസൈററിയുടെ നിർജ്ജീവാവസ്ഥ.

4 കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ കുറവ്.

5 വനിതകൾക്ക് തൊഴിൽ അവസരങ്ങൾ ഇല്ല.

6 മുഖ്യ കാർഷിക വിളയായ റബ്ബർ, തേങ്ങ, അടയ്ക്ക, കായ, മാങ്ങ, കശുമാങ്ങ, പപ്പായ എന്നിവ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

## പ്രധാന നിർദ്ദേശങ്ങൾ

1 കരിങ്കൽ ക്വാറി മേഖലയിലെ തൊഴിൽ സാദ്ധ്യത ശാസ്ത്രീയമായി പഠിച്ച് ചൂഷണം ചെയ്യുക.

2 സഹകരണ മെററൽ നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

3 കൂണ്ടുകാട് - വട്ടായി റോഡിൽ വട്ടായിയിൽ നിന്നുള്ള ലോറികൾക്കുള്ള 'വിലക്ക്' മാററുക.

4 നിലവിലുള്ള വനിതാ വ്യവസായ സംഘം പുനരുജ്ജീവിപ്പിച്ച് തീപ്പെട്ടി, ബീഡി, ചിപ്സ് നിർമ്മാണം എന്നിവ ആരംഭിക്കണം.

5 പ്രധാന വിളയായ റബ്ബർ ഉപയോഗിച്ചു കൊണ്ടുള്ള ചപ്പൽ, റബ്ബർ ബാൻറ് തുടങ്ങിയവയുടെ നിർമ്മാണ യൂണിററ് തുടങ്ങുക.

6 കൊപ്രാഡ്രയർ യൂണിററ്, ചിരട്ട കത്തിച്ചു കൊണ്ടുള്ള കൊപ്രാനിർമ്മാണം, ചിരട്ട ഓയിൽ വേർതിരിച്ചെടുക്കൽ, തേങ്ങാവെള്ളം കൊണ്ട് നിർമ്മിക്കാവുന്ന 'നാററ-ഡി-കൊക്കോ' തുടങ്ങിയവയുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന ഒരു യൂണിററ് സഹകരണാടിസ്ഥാനത്തിൽ കേരഫെഡ്, നാളികേര വികസന ബോർഡ് എന്നിവയുടെ സഹായത്തോടെ ആരംഭിക്കാം.

7 കളി അടയ്ക്കാ വ്യവസായ യൂണിററ് ആരംഭിച്ച് അടയ്ക്കാ തോടിൽ നിന്ന് ലഭിയ്ക്കുന്ന ഓയിൽ ഉപയോഗിച്ച് വസ്ത്രങ്ങളുടെ ഡൈ നിർമ്മാണം ആരംഭിക്കാം.

8 ഖാദി ബോർഡുമായി സഹകരിച്ചു കൊണ്ട് വാഴനാര് സംഭരണവും കരകൗശല നിർമ്മാണവും തുടങ്ങാം.

9 മാങ്ങ, കശുമാവ്, പപ്പായ എന്നിവയുടെ പഴങ്ങൾ സംസ്ക്കരിച്ച് പൊടിയാക്കി ശീതളപാനീയം നിർമ്മിക്കുന്ന യൂണിററ് ഉണ്ടാക്കാം.

10 ഔഷധ നിർമ്മാണ രംഗത്ത് വിപുലമായി ഉപയോഗിക്കുന്ന 'പപ്പായിൻ' ശേഖരിക്കുന്നതിനുള്ള സാങ്കേതികവിദ്യ നൽകികൊണ്ട് 'പപ്പായിൻ' സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

11 കാർഷിക ഉപകരണ നിർമ്മാണ യൂണിററ് തുടങ്ങാം.

12 പുൽപായ നിർമ്മാണം, ഓലമെടഞ്ഞ് നൽകുന്ന യൂണിററ് എന്നിവ ആരംഭിക്കാം-DWCRA യൂണിററ്.

13 വട്ടായിയിൽ റെഡിമെയ്ഡ് ഗാർമെൻറ് നിർമ്മാണ യൂണിററ് ആരംഭിക്കാം.

14 നോട്ട്ബുക്ക് നിർമ്മാണ യൂണിററ് തുടങ്ങാം

## വാർഡ് 4

പരമ്പരാഗത തൊഴിലുകളായ കൊട്ട നെയ്ത്ത് ആണ് ഈ വാർഡിലെ പ്രധാന തൊഴിൽ മേഖല. ബീഡിതെറുപ്പും വ്യാപകമായി ഉണ്ട്.

## പ്രശ്നങ്ങൾ

1 അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ് കൊട്ട നെയ്ത്തിനെ ബാധിച്ചിരിക്കുന്നു.

2 ബീഡിമേഖല അസംഘടിതമാകയാൽ കൂലി വളരെ കുറവാണ്.

## നിർദ്ദേശങ്ങൾ

1 അച്ചാർ, കറിപൗഡർ നിർമ്മാണ യൂണിററ് ആരംഭിക്കാം

2 കോഴി വളർത്തൽ ആരംഭിക്കുക.

3 നെല്ല് സംഭരിച്ച് സംസ്ക്കരിച്ച് വിതരണം ചെയ്യുക.

4 അലുമിനിയം ഫേബ്രിക്കേഷൻ വർക്ക്സ് യൂണിററ് ആരംഭിക്കുക

5 കൊട്ട നെയ്ത്തിനുള്ള മുള വനം വകുപ്പിനേരതായി ഈ പഞ്ചായത്തിൽ ഉള്ളതിൽനിന്നും മിതമായ നിരക്കിന് നൽകുക.

## വാർഡ് 5

മച്ചാട് പവ്വർ ലൂം മാത്രമാണ് ഈ വാർഡിലെ പ്രധാന വ്യവസായ ശാല.

### നിർദ്ദേശങ്ങൾ

1 ഇലക്ട്രോണിക്ക്സ് ഉപകരണ നിർമ്മാണ യൂണിററ് ആരംഭിക്കുക.

2 ചിപ്സ്, അച്ചാർ, ജാം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ചന്ദന തിരി നിർമ്മാണം എന്നിവയ്ക്കുള്ള യൂണിററുകരം ആരംഭിക്കുക.

3 പാക്കിംഗ് കേസ് വ്യവസായം ആരംഭിക്കുക.

4 ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുക.

5 കല്ലുട യൂണിററ്, ബുക്ക് ബയിൻറിങ്ങ്, കളിമൺ വ്യവസായം, ബാഗ് നിർമ്മാണം, കൊപ്ര സംഭരണം, എന്നിവ ആരംഭിക്കുക.

6 പവ്വർ ലൂമിൻെറ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

7 കരകൗശല നിർമ്മാണ യൂണിററ്, കോൺക്രീററ് ഉൽപ്പന്ന നിർമ്മാണ യൂണിററ് എന്നിവ ആരംഭിക്കുക.

### വാർഡ് 6

ഈ വാർഡിലെ പ്രധാന തൊഴിൽ മേഖല ബീഡി തെറുപ്പാണ്. ഇത് തികച്ചും അസംഘടിതമാണ്.

### നിർദ്ദേശങ്ങൾ

1 ബീഡി സഹകരണ സംഘം നിർമ്മിക്കുക.

2 തീപ്പെട്ടി നിർമ്മാണ യൂണിററ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററ്, ബുക്ക് ബയിൻറിംഗ് യൂണിററ് എന്നിവ ആരംഭിക്കുക.

3 ചന്ദന തിരി, മെഴുകുതിരി, അച്ചാർ, ചിപ്സ്, ജാം എന്നിവയുടെ നിർമ്മാണ യൂണിററുകരം ആരംഭിക്കുക.

### വാർഡ് 7

വ്യവസായ സ്ഥാപനങ്ങരം ഇല്ല,

### നിർദ്ദേശങ്ങൾ

1 ആടുവളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവ ആരംഭിക്കാം.

2 ഇഷ്ടിക വ്യവസായം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, സ്വർണ്ണ പണി, ഫർണിച്ചർ നിർമ്മാണം, ലെതർ വർക്ക്സ് യൂണിററ് എന്നിവ ആരംഭിക്കാം.

3 ആയ്യുർവേദ ഔഷധ നിർമ്മാണ യൂണിററ് ആരംഭിക്കുക

4 പഴം പച്ചക്കറി സംസ്ക്കരണ യൂണിററ് ആരംഭിക്കാം.

5 റബ്ബർ അധിഷ്ഠിത വ്യവസായങ്ങരം ആരംഭിക്കാം

### വാർഡ് 8

വ്യവസായങ്ങരം ഒന്നും നിലവിലില്ല.

### നിർദ്ദേശങ്ങൾ

1 റബ്ബർ അധിഷ്ഠിത വ്യവസായങ്ങരം ആരംഭിക്കാം.

2 മെററൽ ക്രഷർ സ്ഥാപിക്കാവുന്നതാണ്.

3 ആടുവളർത്തൽ, കോഴിവളർത്തൽ കേന്ദ്രങ്ങരം തുടങ്ങാവുന്നതാണ്.

4 റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങാവുന്നതാണ്.

5 പഴം, പച്ചക്കറി സംസ്ക്കരണ യൂണിററിന് സാദ്ധ്യതയുണ്ട്.

6 വനസമ്പത്തിനെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു വ്യവസായ യൂണിററ് നൽകാൻ വളരെ സാദ്ധ്യതയുള്ള സ്ഥലമാണ്.

7 ബീഡിതെറുപ്പ് കുടിൽ വ്യവസായമായി ആരംഭിക്കാം.

### വാർഡ് 9

സ്വകാര്യ വ്യക്തികരം നടത്തുന്ന സ്ററീൽ അലമാര, സോഫ നിർമ്മാണ യൂണിററുകളും പ്ലാസ്ററിക്ക് കന്നാസ് നിർമ്മാണവും വെൽഡിംങ്ങ്, ബീഡിനിർമ്മാണവുമാണ് പ്രധാന തൊഴിൽദാന മേഖലകരം.

### നിർദ്ദേശങ്ങൾ

1 പിക്കിരം നിർമ്മാണ യൂണിററ് കൈത്തറി നിർമ്മാണ യൂണിററ് എന്നിവ ആരംഭിക്കുക.

2 നെല്ല് സംസ്ക്കരണശാല, ബീഡി തൊഴിലാളി സഹകരണ സംഘം എന്നിവ സ്ഥാപിക്കുക

3 വാഹനങ്ങളുടെ ബോഡി ബിൽഡിംങ്ങ് വ്യവസായം ആരംഭിക്കാം.

4 കുട്ടനെയ്ത്ത് വ്യവസായം ആരംഭിക്കാം.

5 കുട്ടനെയ്ത്തിന് മുള നൽകണം.

### വാർഡ് 10

നിലവിൽ വ്യവസായ യൂണിററുകളില്ല.

### നിർദ്ദേശങ്ങൾ

1 ഫർണീച്ചർ യൂണിററ്, ബീഡി നിർമ്മാണ യൂണിററ് എന്നിവ ആരംഭിക്കാം

2 തുന്നൽ പരിശീലന കേന്ദ്രം നടത്താം.

### വാർഡ് 11

സഹകരണ മേഖലയിലുള്ള തൃശൂർ സഹകരണ സ്പിന്നിംഗ് മിൽ ഈ വാർഡിൽ പ്രവർത്തിക്കുന്നു. 25000 സ്പിൻറുലുകൾ ഉണ്ട്. 650 പേർ പണിയെടുക്കുന്നു. ബീഡി നിർമ്മാണം, പരമ്പരാഗത വ്യവസായങ്ങളായ കുട്ട, മുറം, പായ എന്നിവയുടെ നിർമ്മാണ യൂണിററുകളും ഉണ്ട്. വനത്തിൽ നിന്നും ഔഷധ സസ്യങ്ങൾ ശേഖരിച്ച് വിൽക്കുന്ന തൊഴിലാളികളും ഉണ്ട്.

### നിർദ്ദേശങ്ങൾ

1 കൊപ്ര വ്യവസായ യൂണിററ്, റൈസ് മിൽ എന്നിവ ആരംഭിക്കാം.

2 ടൈലറിംഗ്, ഫർണീച്ചർ നിർമ്മാണം, എന്നിവയുടെ യൂണിററ് ആരംഭിയ്ക്കാവുന്നതാണ്.

3 പുഷ്പ ഫല സസ്യ നേഴ്സറി തുടങ്ങാനുള്ള സൗകര്യം ഉണ്ട്.

### പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങൾ

1 ബീഡി നിർമ്മാണ രംഗം അസംഘടിതവും അതിനാൽ ചൂഷണ വിധേയവുമാണ്.

2 പരമ്പരാഗത തൊഴിൽ മേഖലകളായ കൊട്ട നെയ്ത്ത്, പായ, പനമ്പ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല.

3 വനിതകൾക്ക് തൊഴിൽ അവസരങ്ങൾ പൊതുവേ കുറവാണ്.

4 പുതിയ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

5 മുഖ്യ കാർഷിക വിളയായ തേങ്ങ, നെല്ല്, റബ്ബർ, അടയ്ക്ക എന്നിവ വ്യവസായ രംഗത്ത് കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.

6 വ്യവസായ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ താമസം നേരിടുന്നു.

7 വൈദ്യുതി എല്ലാ മേഖലയിലും ലഭ്യമല്ലാത്തത് പുതിയ വ്യവസായങ്ങളെ നിരുൽസാഹപ്പെടുത്തുന്നു.

8 നിലവിലുള്ള ക്വാറി മേഖലയിലെ തൊഴിൽ സാദ്ധ്യത ശാസ്ത്രീയമായി പഠിച്ചിട്ടില്ല.

9 ധനകാര്യ സ്ഥാപനങ്ങളുടെ അപര്യാപ്തത.

10 പഞ്ചായത്തിൻെറ ഭൂപ്രകൃതി.

11 വിരുപ്പാക്ക സ്പിനിംഗ് മില്ലിൽ നിന്നുള്ള അഴുക്കു വെള്ളം അടുത്തുള്ള കിണറുകളിലെ വെള്ളം മലിനമാക്കുന്നു.

12 സ്മിത്തി വ്യവസായം തുടങ്ങിയ നിലവിലുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.

### നിർദ്ദേശങ്ങൾ

1 ബീഡി നിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക.

2 പരമ്പരാഗത വ്യവസായങ്ങളായ കൊട്ട നെയ്ത്ത്, പനമ്പ്, പായ എന്നിവക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും ഈ മേഖലയെ സംഘടിത മേഖലയാക്കുകയും ചെയ്യുക.

3 വനിതകൾക്കുള്ള തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി അച്ചാർ നിർമ്മാണം, ചിപ്സ് നിർമ്മാണം, ജാം നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബുക്ക് ബയിൻറിംങ്, തീപ്പെട്ടി, ചന്ദനത്തിരി നിർമ്മാണം എന്നീ യൂണിററുകൾ സഹകരണ അടിസ്ഥാനത്തിലോ, DWCRA യൂണിററുകളായോ ആരംഭിക്കുക.

4 കുണ്ടുകാടുള്ള വനിത വ്യവസായ സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുക.

5 ക്വാറി മേഖലയിലെ തൊഴിൽ സാദ്ധ്യത ശാസ്ത്രീയമായി ചൂഷണം ചെയ്യുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

6 കരിങ്കൽ വെററൽ നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

7 വ്യവസായ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

8 കൊപ്രാഡ്രയർ യൂണിററ് ആരംഭിക്കുക, തേങ്ങ വെളിച്ചെണ്ണയാക്കുന്ന യൂണിററ് - ചിരട്ട കത്തിച്ച് കൊപ്ര ഉണക്കുക, ചിരട്ട ഒായിൽ വേർതിരിച്ചെടുത്ത് വ്യവസായ അടിസ്ഥാനത്തിൽ ഉപയോഗിക്കുക. തേങ്ങാവെള്ളം ഉപയോഗിച്ച് "നാററ-ഡി-കോക്കോ" തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക. അത്തരത്തിലുള്ള പരിസര മലിനീകരണമില്ലാത്ത ഒരു സമ്പൂർണ്ണ തേങ്ങാ സംസ്ക്കരണ യൂണിററ് — സഹകരണാടിസ്ഥാനത്തിൽ കേരഫെഡും, നാളികേര വികസന ബോർഡുമായി സഹകരിച്ച് ആരംഭിക്കുക.

9 റബ്ബർ ബാൻറ്, ചപ്പൽ നിർമ്മാണ യൂണിററ് എന്നിവ ആരംഭിക്കുക.

10 കളി അടയ്ക്കാ വ്യവസായം ആരംഭിക്കുക അടയ്ക്കാ തോടിൽ നിന്നും ലഭിക്കുന്ന 'ടാനിൻ' വേർതിരിച്ചെടുത്ത് വസ്ത്രങ്ങളുടെ ഡൈ നിർമ്മാണ യൂണിററ് ആരംഭിക്കുക.

11 ഖാദി ബോർഡുമായി സഹകരിച്ച് വാഴനാര് ശേഖരണ യൂണിററുകളും കര കൗശല നിർമ്മാണ യൂണിററുകളും ആരംഭിക്കുക

12 പാഴായി പോകുന്ന വിവിധ പഴ വർഗ്ഗങ്ങളായ മാങ്ങ കശുമാങ്ങ എന്നിവയിൽ നിന്നും പൊടികൾ നിർമ്മിച്ച് ശീതളപാനീയ നിർമ്മാണ യൂണിററ് ആരംഭിക്കുക.

13 വ്യവസായിക രംഗത്ത് വൻതോതിൽ ഉപയോഗിക്കുന്ന "പപ്പായിൻ" വേർതിരിച്ചെടുക്കുന്ന വിദ്യ പ്രചരിപ്പിച്ച് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക

14 വട്ടായിയിൽ നിന്നും കല്ല്ലോറികൾ കുണ്ടുകാട് ഫോറസ്ററ് റോഡ് വഴി വരുന്നതിനുള്ള സാങ്കേതിക തടസ്സം നീക്കം ചെയ്യുക.

15 ചെപ്പാറയിൽ സഹകരണ മേഖലയിൽ ഒരു കപാറി പ്രവർത്തനം ആരംഭിക്കുക.

16 ഓലമെടഞ്ഞ് നൽകുന്ന യൂണിററുകൾ ആരംഭിക്കുക,

17 വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

18 കാർഷിക ഉപകരണ നിർമ്മാണ യൂണിററ് ആരംഭിക്കുക.

19 ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിററ് ആരംഭിക്കുക.

20 നിലവിലുള്ള ഖാദി യൂണിററുകളും പവ്വർലൂമും വിപുലീകരിച്ച് കൂടുതൽ പേർക്ക് തൊഴിൽ നൽകുക.

21 ആയ്യുർവേദ ഔഷധ നിർമ്മാണ യൂണിററ് ആരംഭിക്കുക.

22 ജൈവ വള നിർമ്മാണ യൂണിററുകൾ ആരംഭിക്കുക- മണ്ണിര, കമ്പോസ്ററ് തുടങ്ങിയവ.

23 കാർഷിക നഴ്സറികൾ ആരംഭിക്കുക.

24 ഫ്ളോറി കൾച്ചറൽ നഴ്സറികൾ ആരംഭിക്കുക.

25 സ്വയം തൊഴിൽ എക്സ്ചേഞ്ചുകൾ ആരംഭിക്കുക.

26 വിവിധ മേഖലകളിൽ പരിശീലനം നൽകുക.

27 പഞ്ചായത്തുതല "റൂറൽ ടെക്നീഷ്യൻ" ബാങ്ക് രൂപീകരിക്കുക.

28 പഞ്ചായത്തുതല "തൊഴിൽ ബാങ്ക്" രൂപീകരിക്കുക.

29 പഞ്ചായത്തുതല പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

30 പഞ്ചായത്തുതല വിപണനകേന്ദ്രം ആരംഭിക്കുക.

31 "മച്ചാട് മാമാങ്ക" ത്തോടനുബന്ധിച്ച് പഞ്ചായത്തിലെ വ്യവസായ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണനമേള സംഘടിപ്പിക്കുക.

# ടൂറിസം

തൃശൂർ ജില്ലയിലെ മലയോര പഞ്ചായത്തായ തെക്കുംകരയിൽ ടൂറിസം വികസനത്തിനുള്ള സാദ്ധ്യതകൾ നിരവധിയാണ്. മണ്ണുകൊണ്ട് നിർമ്മിച്ച വാഴാനി ഡാം ഇപ്പോൾ തന്നെ നിരവധി പേരെ ആകർഷിക്കുന്നുണ്ട്. അതുപോലെ തന്നെ ഉയർന്ന പ്രദേശമായ പറമ്പായിലുള്ള പത്താഴക്കുണ്ട് ഡാം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാററാവുന്നതാണ്. വട്ടായി പ്രദേശത്തുള്ള ചെപ്പാറ നിരവധി പേരെ ആകർഷിക്കുന്ന ഒരു പ്രദേശമാണ്. ഈ മൂന്നു സ്ഥലങ്ങളിലുള്ള സാദ്ധ്യതകൾ വിലയിരുത്തി വികസന പരിപാടികൾ നടത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1 ഗതാഗത സൗകര്യങ്ങൾ ഇല്ല.

2 ടൂറിസം വികസന സാദ്ധ്യതകൾ വിലയിരുത്തിയിട്ടില്ല.

3 പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

4 ഈ പ്രദേശങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

### നിർദ്ദേശങ്ങൾ

1 ഗതാഗത സൗകര്യങ്ങൾ ആരംഭിക്കുക.

2 പീച്ചിഡാം-വാഴാനി ഡാം-ചെപ്പാറ-പത്താഴക്കുണ്ട് ഡാം-പൂമല ഡാം എന്നിവ യോജിപ്പിച്ച് ഗതാഗത സൗകര്യം ആരംഭിക്കുക,

3 വികസന സാദ്ധ്യതകൾ ശാസ്ത്രീയമായി വിലയിരുത്തുക.

### വാഴാനി

4 കൂടുതൽ ആകർഷകമാക്കുന്നതിനായി പൂന്തോട്ടം, കുട്ടികളുടെ പാർക്ക് എന്നിവ സ്ഥാപിക്കുക. ബോട്ടിംഗ് ആരംഭിക്കുക. സ്നേക്ക് പാർക്ക്, പക്ഷിമൃഗ സങ്കേതം എന്നിവ ആരംഭിക്കുക.

5 മതിയായ പ്രചരണം നടത്തുക. ജില്ലാടൂറിസം മാപ്പിൽ ഉൾപ്പെടുത്തുക.

6 പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7 വാഴാനി ഒരു വിനോദ സഞ്ചാര കേന്ദ്രമായി മാററി എടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

### മാർക്കററ്

തെക്കുംകര പഞ്ചായത്തിൽ നിയന്ത്രിത മേഖലയിലുള്ള മാർക്കററുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. കാർഷിക മേഖലയായ ഈ പഞ്ചായത്തിലെ കാർഷിക വിഭവങ്ങൾ വളരെ ഗതാഗത സൗകര്യമില്ലാത്ത വാർഡുകളിൽ നിന്നു പോലും തൃശൂർ മാർക്കററിൽ എത്തിച്ചാണ് വിപണനം നടത്തുന്നത്. ഇത് കർഷകരെ സംബന്ധിച്ചിടത്തോളം വളരെയധികം സാമ്പത്തിക നഷ്ടം വരുത്തുന്നു.

### പ്രധാന പ്രശ്നങ്ങൾ

1 നിയന്ത്രിത മാർക്കററുകൾ ഇല്ല.

2 പരിമിതമായ യാത്രാ സൗകര്യം.

3 വമ്പിച്ച സാമ്പത്തിക നഷ്ടവും, സമയ നഷ്ടവും വരുത്തുന്നു.

4 ഉല്പന്നങ്ങൾ യഥാസമയത്ത് വിൽക്കുവാൻ കഴിയുന്നില്ല. ശരിയായ വില ലഭിക്കുന്നില്ല.

5 കർഷകൻെറ വില പേശൽ അവകാശം നഷ്ടപ്പെടുന്നു.

### നിർദ്ദേശങ്ങൾ

1 പഞ്ചായത്തിൻെറ പ്രധാന കാർഷിക മേഖല പ്രദേശങ്ങളിൽ ആഴ്ച ചന്തകൾ ആരംഭിക്കുക.

2 കാർഷിക ഉല്പന്നങ്ങളുടെ പഞ്ചായത്ത്തല സംഭരണ വില്പന കേന്ദ്രം ആരംഭിക്കുക.

3 കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് കൊണ്ടു പോകുവാൻ ആവശ്യമായ ഗതാഗത സൗകര്യങ്ങൾ നൽകുക.

4 ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുക.

5 മച്ചാട് മാമാങ്കത്തോടനുബന്ധിച്ച് പ്രദർശനവിപണന മേള സംഘടിപ്പിക്കുക.

★

# ഗതാഗതം

തെക്കുംകര ഗ്രാമപഞ്ചായത്ത് ഒരു മലയോര പ്രദേശമായതിനാൽ റോഡുകളുടെ ശൃംഖല വളരെ പ്രധാനപ്പെട്ടതാണ്. സാമാന്യമായി പറഞ്ഞാൽ മെച്ചപ്പെട്ട ഒരു റോഡ് ശൃംഖല തന്നെയുണ്ട്. പഞ്ചായത്തിൽ മൊത്തം 192.900 കിലോമീറ്റർ റോഡുണ്ട് ഇതിൽ 14 കിലോമീറ്റർ P.W.D. റോഡുകളാണ്. ബാക്കിയുള്ള റോഡുകളിൽ 9.15 കി. മീ. ടാർ ചെയ്തതും 13.905 കി. മീറ്റർ മെറ്റൽ ചെയ്തതും 51.200 കിമീറ്റർ ചരൽ റോഡും, 104.600 കി. മീറ്റർ മൺ പാതയുമാണ്.

റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും, അവയുടെ ഇപ്പോഴത്തെ സ്ഥിതി വളരെ ശോചനീയമാണ്. ടാർ റോഡുകൾക്ക് നടപ്പാതകളോ, ഓവുചാലുകളോ, കൽവർട്ടുകളോ ഇല്ല. മലയോര പ്രദേശങ്ങളിലെ മൺപാതകൾ കാലവർഷ കാലത്ത് തീരെ സഞ്ചാരയോഗ്യമല്ലാതായി തീരാറുണ്ട്. മെറ്റൽ റോഡുകൾ വർഷ കാലത്ത് സഞ്ചാരയോഗ്യം അല്ലാതായി തീരാറുണ്ട്. റോഡിന്റെ അററകുററ പണികൾ നടത്തുക എന്നത് പഞ്ചായത്തിന്റെ മുന്നിലെ ഏററവും വലിയ സാമ്പത്തിക പ്രശ്നമാണ്.

ഈ പഞ്ചായത്തിൽ മലയോര കർഷകർ തിങ്ങി പാർക്കുന്ന വാഴാനി, വിരുപ്പാക്ക, മണലിത്തറ മലാക്ക, വീരോലിപ്പാടം പഴയന്നൂപ്പാടം, ചെന്നിക്കര എന്നീ പ്രദേശങ്ങളെ സ്പർശിച്ച് മാടക്കത്തറ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന വാഹന ഗതാഗത യോഗ്യമായ ഒരു റോഡ് നിർമ്മിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ ജന ജീവിതത്തിന് കാര്യമായ പുരോഗതി കൈവരിയ്ക്കാൻ കഴിയുന്നതാണ്.

2-ാം വാർഡ് നിവാസികൾക്ക് ഈ പഞ്ചായത്തിലെ വിവിധ ഓഫീസുകളുമായി ബന്ധപ്പെടുവാൻ ഇപ്പോൾ 22 കി. മീററർ ദൂരം സഞ്ചരിയ്ക്കണം. ഈ ദുഃസ്ഥിതി മാറികിട്ടാൻ അത്താണി (കെൽട്രോൺ) പുലിയ്ക്കപ്പുറം, പറമ്പായ, നായരങ്ങാടി, കുളത്താഴം വഴി കല്ലംപാറയുമായി ബന്ധപ്പെടുത്തുന്ന റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം. ഇതുമൂലം പഞ്ചായത്ത് നിവാസികൾക്ക് MG-കാവ് മെഡിയ്ക്കൽ കോളേജിലേയ്ക്കുള്ള ദൂരം 6 കി. മീററോളം കുറഞ്ഞു കിട്ടുന്നതാണ്.

ഈ പഞ്ചായത്തിലെ കുണ്ടുകാട്, വട്ടപ്പാറ തച്ചംകുഴി കല്ലംപാറ വഴി വടക്കാഞ്ചേരിയ്ക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കേണ്ടത് ഇവിടുത്തെ നിവാസികളുടെ ഒരു ചിരകാലാഭിലാഷമാണ്.

ബസ് സർവ്വീസുകളുടെ അപര്യാപ്തതമൂലം പഞ്ചായത്തിലെ നിവാസികളുടെ യാത്ര ക്ലേശകരമാണ്.

ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തി, വടക്കാഞ്ചേരി വഴി ഗുരുവായൂരിലേയ്ക്കും തൃശ്ശൂരിലേയ്ക്കും K.S.R.T.C സർവ്വീസുകൾ ആരംഭിച്ചാൽ ഈ പഞ്ചായത്തിലെ നിവാസികളുടെ യാത്രാ ക്ലേശത്തിന് ഒരു പരിധിവരെ കുറവു വരുന്നതാണ്.

## ഗതാഗതം

### വാർഡ് 1

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഒന്നാം വാർഡിൽ 2.5 കി. മീ. ടാർ റോഡാണ് നിലവിലുള്ളത്. കൂടാതെ മൺ റോഡുകളും ഉണ്ട്. താഴെ പറയുന്ന റോഡുകളാണ് വാർഡിൽ അററകുററ പണികൾ നടത്തേണ്ടത്.

1 കല്ലമ്പാറയിൽ നിന്നും കൊളത്താഴത്തേയ്ക്കു തോൽക്കുളം വഴി റോഡ് നിർമ്മിക്കണം—100 ഓളം ആളുകൾക്ക് പ്രയോജനം ലഭിക്കും.

2 പള്ളിപറമ്പ്-പാട്ടുപറമ്പ് വഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കണം

3 പനങ്ങാട്ടുകര വടക്കേമഠം റോഡ് 100 മീററർ ദൂരം വീതി കൂട്ടണം.

4 പനങ്ങാട്ടുകര വലിയകുളം വഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

5 പനങ്ങാട്ടുകര വായനശാലയുടെ വടക്കേ ഭാഗത്തെ റോഡ് വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

6 കല്ലംപാറ-തച്ചംകുഴി റോഡിലെ നിർത്തിയ ബസ്സ് ഗതാഗതം പുനരാരംഭിക്കണം

7 പനങ്ങാട്ടുകര അമ്പല പരിസരത്തുള്ള അഞ്ച് വളവുകൾ വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം

8 കല്ലംപാറ സ്ക്കൂളിന്റെ ഭാഗത്തേയ്ക്ക് വാഹനങ്ങൾ വരുന്ന വീതിയുള്ള ഒരു പാലം വേണം

9 കല്ലംപാറ സ്ക്കൂളിന് മുൻവശത്തു കൂടി പനങ്ങാട്ടുകര പോസ്റ്റാഫീസിലേക്ക് പോകുന്നവഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം

10 പനങ്ങാട്ടുകര ട്രാൻസ്ഫോർമറിനടുത്തു നിന്നും പോസ്ററാഫീസിലേക്ക് പോകുന്നവഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

11 കല്ലംപാറ പഞ്ചായത്ത് കിണറിനടുത്തു നിന്നും കൃഷിസ്ഥലത്തേയ്ക്ക് പോകുന്നവഴി ഓട്ടോറിക്ഷയെങ്കിലും പോകുന്ന രീതിയിൽ ഗതാഗത യോഗ്യമാക്കണം.

12 കല്ലംപാറ കോഴിപ്പാറ വഴി കല്ലംപാറ കോളനിയിലേക്ക് എത്താവുന്ന രീതിയിൽ നിലവിലുള്ള വഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

13 പള്ളിത്തോപ്പിനടുത്ത് കനാൽ ബണ്ട് വഴി റോഡ് നിർമ്മിയ്ക്കണം.

14 കല്ലംപാറ - കൊളത്താഴം റോഡ് മെററൽ ചെയ്ത് ടാറിംഗ് നടത്തണം.

## വാർഡ് 2

2ാം വാർഡിൽ 3 കി. മീററർ ടാർ റോഡും 22 കി. മീററർ മൺ റോഡുകളുമാണ് ഉള്ളത്. മൺ റോഡുകളെല്ലാം ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലാണ്. താഴെ പറയുന്ന റോഡുകൾ ടാർ ചെയ്യേണ്ടതാണ് ടാർ ചെയ്യുകയും അററകുററ പണികൾ നടത്തേണ്ടതുമാണ്.

1 കുറാഞ്ചേരി കൂത്തുപാറ നായരങ്ങാടി കുളത്താഴം റോഡ് ടാർ ചെയേണ്ടതാണ്.

2 പറമ്പായ്, പുലിയ്ക്കപുറം കെൽട്രോൺ വഴി ടാർ ചെയ്യേണ്ടതാണ്.

3 മുക്കിലക്കാട് റോഡ് അററകുററ പണികൾ നടത്തണം.

4 നായരങ്ങാടി, അമ്പിട്ടി, ചെപ്പാറ, വട്ടായി കല്ലംപാറവഴി അററകുററ പണി നടത്തി ഗതാഗത യോഗ്യമാക്കണം.

5 കൂത്തുപാറ വേളാങ്കണി വഴി അററകുററ പണി നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്

6 പറമ്പായ് പനംകുററി റോഡ് അററകുററ പണികൾ നടത്തുകയും ഈ വഴിയിൽ ചെറിയൊരു പാലം തീർത്ത് ഈ വഴി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

7 പുലിയ്ക്കപ്പുറം വെടിപ്പാറ റോഡ് അററകുറപണികൾ നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

8 തെക്കുംകര തെക്കേ കോളനി റോഡുകൾ അററകുററ പണികൾ നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

9 ഡാം സൈററ് റോഡുകളും അററകുററ പണികൾ നടക്കേണ്ടതാണ്.

## വാർഡ് 3

ഈ വാർഡിലെ റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി വളരെ മോശമാണ്. മിക്കവാറും റോഡുകളിലും കൽവർട്ടുകളോ, ഓവുചാലുകളോ ഇല്ല. മഴക്കാലത്ത് റോഡുകൾ മിക്കതും ഗതാഗത യോഗ്യമല്ല. അററകുററ പണികൾ നടത്തേണ്ട റോഡുകൾ താഴെ പറയുന്നവയാണ്.

1 വട്ടായി- വടക്കേവട്ടായി -പൂതുച്ചോട്-തച്ചാം കുഴി റോഡ്.

2 കുണ്ടുകാട്- വട്ടപ്പാറ- തച്ചംകുഴി- കല്ലമ്പാറ വഴി വടക്കാഞ്ചേരിയിലേക്ക് ബസ്സ് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിനായി ഈ റോഡ് ഗതാഗത യോഗ്യമാക്കുക. ഇത് കുണ്ടുകാട്- വടക്കാഞ്ചേരി നിലവി ലുള്ള ദൂരത്തേക്കാൾ 4 കി. മീ കുറ വാണ്.

3 വട്ടപ്പാറ-കുണ്ടുകാട് റോഡ് ജംഗ്ഷ നിലെ കലുങ്ക് നിർമ്മിച്ച് P. W. D. റോഡ് ഗതാഗത യോഗ്യമാക്കുക.

4 പോപ്പ് നഗർ — നിർമ്മല ഹൈസ്ക്കൂൾ റോഡിൽ തോടിനു മുകളിൽ പാലം പണി യുക.

5 ഊരോക്കാട് തേക്കിൻകാട് മൈതാനം വഴി തിരുവാണിക്കാവിലേക്കുള്ള റോഡിൽ ചിങ്ങംചിറയിൽ പാലം നിർമ്മിയ്ക്കുക.

6 അമ്പലപ്പാട് - വട്ടപ്പാറ റോഡിൽ 3 കലുങ്കു കൾ നിർമ്മിയ്ക്കുക.

7 അടങ്ങളം. പല്ലിക്കാട്. ചേമ്പോട് റോഡ് നിർമ്മിക്കുക,

8 വട്ടപ്പാറ-ഊരോക്കാട് റോഡ്

9 തളിയംകുണ്ട്-കല്ലംമ്പാറ റോഡ്

10 ബസ്സ് യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്ന തിന്റെ ഭാഗമായി കുണ്ടുകാട്-വട്ടായി ചോററു പാറ വഴി മെഡിക്കൽ കോളേജിലേക്ക് ബസ്സ് റൂട്ട് അനുവദിക്കണം.

11 വിയ്യൂർ വഴി വടക്കാഞ്ചേരിക്ക് പോകുന്ന ബസ്സുകളിൽ ചിലവ കുണ്ടുകാട് വഴി തിരിച്ച് വിടുക.

12 കുണ്ടുകാട്ടിൽ പ്രാഥമിക സൗകര്യങ്ങളോടു കൂടിയ ഒരു ബസ്സ് സ്റേറാപ്പ് നിർമ്മിക്കുക.

13 കുണ്ടുകാട്ടിൽ പഞ്ചായത്ത് ടാക്സി- സ്ററാൻറ് അനുവദിക്കുക.

14 തൃശൂർ-കുണ്ടുകാട്-വടക്കാഞ്ചേരി റൂട്ടിൽ നിർത്തലാക്കിയ K S R T C ബസ്സ് പുനഃസ്ഥാ പിക്കുക.

## വാർഡ് 4

നാലാം വാർഡിൽ ഏതാണ്ട് ഒന്നരകിലോ. മീററർ നീളത്തിൽ ടാറിട്ട P.W.D. റോഡും ഏതാണ്ട് 8 കി. മീ. നീളത്തിൽ പഞ്ചായത്ത് റോഡുമാണ് ഉള്ളത്. ഇപ്പോൾ 70% ജനങ്ങൾക്ക് സഞ്ചാരയോഗ്യമായ റോഡുകളുണ്ട്. താഴെ കാണുന്ന റോഡുകളാണ് അററകുററ പണികൾ നടത്തേണ്ടത്.

1 ഊരോക്കാട്. ചെറുമുക്ക് ഇറിഗേഷൻ പാലം പണിയുക.

2 കനാൽ റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

3 മേപ്പാടം വഴിയിൽ ഉള്ള രണ്ട് പാലങ്ങൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

4 തെക്കുംകര സെൻററിൽ നിന്ന് മഠത്തി ക്കുന്നു കോളനി-അടങ്ങളം-പല്ലിക്കാട് തച്ചൻകുഴി വഴി പതികുളങ്ങര ക്ഷേത്രത്തിനു മുന്നിലൂടെ യുള്ള വഴി കല്ലംമ്പാറ-വട്ടായി റോഡുമായി ബന്ധിപ്പിക്കുക

5 തെക്കുംകര രവിപുരമംഗലം റോഡ് വിക സിപ്പിക്കുക. ഇത് മങ്കര വരെ യോജിപ്പിക്കേണ്ട താണ്.

6 മേപ്പാടം പഞ്ചായത്ത് റോഡ് ഇറിഗേഷൻ കനാലിന്റെ ചോർച്ച തടയണം.

7 ഇല്ലിക്കുളം മുതൽ മെയിൻ റോഡ് വരെ പുതിയ സഞ്ചാരയോഗ്യമായ റോഡ് നിർമ്മി ക്കുക.

8 വല്ലക്കുളം മുതൽ നിലിയറച്ചിറ തോടുവരെ റോഡ് നിർമ്മിക്കുക.

9 മാരാർ റോഡ്-ആശാരിക്കട്ട റോഡ് വീതി കൂട്ടണം.

10 K. S. R. T. C ബസ്സുകൾ കുണ്ടുകാട് വഴി തൃശൂരിലേക്കും വാഴാനി–ഗുരുവായൂർ എന്നി സ്ഥലങ്ങളിലേക്കും സർവ്വീസ് ആരംഭിക്കണം.

11 തെക്കുംകര സെൻററിൽ വെയിററിംഗ് ഷെഡ് നിർമ്മിക്കണം.

## വാർഡ് 5

ഈ വാർഡിൽ ഏകദേശം 4 കി. മീ. ടാർ ചെയ്ത P. W. D. റോഡ് ഉണ്ട്. ഈ റോഡിൻെറ ഇരുഭാഗത്തുള്ള കൈയേററങ്ങൾ ഒഴുപ്പിച്ച് റോഡ് വീതി കൂട്ടി ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. റോഡരികിൽ കാനകൾ നിർമ്മിയ്ക്കണം.

1 കുളപ്പുര മംഗലം- പുന്നംപറമ്പ് കോളനി- മേപ്പാടം- കാര്യാട് റോഡ് വീതി കൂട്ടി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക. ഇതിലെ ബസ്സ് സർവ്വീസ് ആരംഭിക്കുക.

2 കുളപ്പുര മംഗലത്തു നിന്നും മങ്കരയിലേക്ക് റോഡ് നിർമ്മിക്കുക.

3 കൊല്ലപ്പുരക്കിലെ റോഡ് വീതി കൂട്ടുക.

4 പുന്നംപറമ്പ് പടിഞ്ഞാറെ ഭാഗത്തുള്ള മേപ്പാടത്തേക്ക് പോകുന്ന കനാൽ റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

5 മച്ചാട് പള്ളിക്ക് പടിഞ്ഞാറു വശത്തുള്ള മൂന്ന് പഞ്ചായത്ത് റോഡുകളും വീതികൂട്ടി ടാർ ചെയ്യുക.

6 കേബിൾ ടി. വി. വളവ്, പുഴക്കൽ വളവ് എന്നിവിടങ്ങളിലെ റോഡ് ഉയർത്തി, കാന കീറി ഗതാഗത യോഗ്യമാക്കുക.

7 ഈ റോഡിൽ ഓടിക്കൊണ്ടിരിക്കുന്ന ട്രാൻസ്പോർട്ട് ബസ്സ് പുനഃസ്ഥാപിക്കുക.

8 കനാലിൻെറ റൈററ് ബാങ്ക് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

9 കരുമത്ര-വാഴക്കോട് റോഡ് സർവ്വേചെയ്ത് പണി ആരംഭിക്കുക. പുന്നംപറമ്പ്- കുണ്ടുകാട്- തൃശൂർ റൂട്ടിൽ 4 പുതിയ ബസ്സെങ്കിലും അനുവദിക്കുക.

10 ബസ്സ് സ്ററാൻറും, കംഫർട്ട് സ്റേറഷനും നിർമ്മിക്കുക.

11 സ്കൂളിൻെറ പടിഞ്ഞാറെ ഗെയിററ് തുറക്കുക.

## വാർഡ് 6

ആറാം വാർഡിലെ റോഡുകൾ എല്ലാം തന്നെ വളരെ ശോചനീയ അവസ്ഥയിലാണ്. ഇതിനുള്ള പ്രധാന കാരണം കാനകളുടെ കുറവാണ്. അററകുററപണികൾ നടത്തേണ്ട പ്രധാന റോഡുകൾ

1 മലാക്ക ലക്ഷം വീട് കോളനി റോഡ്- വികാസ് നഗർ റോഡ് എന്ന് നാമകരണം ചെയ്യണം.

2 പുന്നംപറമ്പ് - വിരോലിപ്പാടം റോഡ് ഗതാഗതയോഗ്യമാക്കുക.

3 കിഴക്കേകര കോളനി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

4 തൃശൂരിൽ നിന്നും വടക്കാഞ്ചേരിക്ക് പോകുന്ന ബസ്സുകൾ കല്ലും കൂട്ടത്തിൽ നിന്നും മലാക്ക വഴി തിരിച്ച് വിട്ട് മണലിത്തറയിലൂടെ പുന്നംപറമ്പിൽ എത്തുന്ന സംവിധാനം ഉണ്ടാക്കുക.

5 ഊരോക്കാട്-ആററുപുറം റോഡ് മലാക്ക കോളനി റോഡ് മലാക്ക മിച്ചഭൂമി വഴി ഉള്ള ഊരോക്കാട് റോഡ്, കുണ്ടുകാട്-അയ്യംപാറ മഞ്ചട്ടികോളനി റോഡ് എന്നിവ അററകുററ പണികൾ നടത്തുക.

6 അമ്പലപ്പാട് മിച്ചഭൂമിയിലേക്കുള്ള റോഡ് വീതി കൂട്ടുക.

7 മലാക്ക-പന്നിശ്ശേരി റോഡ് ടാർ ചെയ്ത് ബസ്സ് ഗതാഗതം ആരംഭിയ്ക്കുക.

## വാർഡ് 7

പരിമിതമായ യാത്രാ സൗകര്യമാണ് നിലവിലുള്ളത്. യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി താഴെ കാണുന്ന റോഡുകൾ അററകുററ പണികൾ നടത്തുക.

1 പുന്നംപറമ്പ്-മണലിത്തറ-മലാക്ക വീരോലി പ്പാടം-പഴയന്നൂർപ്പാടം വേങ്ങല കുണ്ട്വഴി ചെന്നികര കവലയുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ് ഏററെടുത്ത് പണി നടത്തുക.

2 മലാക്ക-നാലാംകോട് കുററിക്കാട് റോഡ് പഞ്ചായത്ത് ഏററെടുത്ത് ടാറിംഗ് നടത്തുക.

3 വീരോലിപ്പാടം മുള വഴി ടാറിംഗ് നടത്തുക.

4 മലാക്ക, പുതുശ്ശേരിപ്പാറ കൊളുത്താശ്ശേരി റോഡ് ടാറിംഗ് നടത്തുക.

5 വീരോലിപ്പാടം ലക്ഷം വീട് കോളനി റോഡ് സോളിംഗ് നടത്തുക.

6 വീരോലിപ്പാടം പത്തിൽ കോളനി റോഡ് സോളിംഗ് നടത്തുക.

7 കുററികാട് മലാക്കറോഡ് പുതിയതായി പണിയുക.

8 കുററിക്കാട് കോളനി റോഡ് സോളിംഗ് നടത്തുക.

9 കുററികാട് വീരോലിപ്പാടവുമായി ബന്ധിപ്പിക്കുവാൻ പുതിയ റോഡ് നിർമ്മിക്കണം.

10 വീരോലിപ്പാടത്തേയ്ക്ക് ബസ്സ് ഗതാഗതം ആരംഭിയ്ക്കണം.

## വാർഡ് 8

ഈ വാർഡിൽ 21 കി. മീ. റോഡുണ്ട്. ടാറിട്ട റോഡുകൾ ഒന്നും തന്നെ ഇല്ല. മേലില്ലം, കൊളത്താശ്ശേരി, പഴയന്നൂപാടം, പുലിക്കണ്ണി, പുല്ലംകണ്ടം, എടവനക്കാട്, വേങ്ങലകുണ്ട് എന്നി സ്ഥലങ്ങളിൽ വാഹന ഗതാഗത സൗകര്യം ഇല്ല. റോഡുകൾക്ക് ഒന്നും ഓടകൾ ഇല്ല. അററ കുററ പണികൾ നടത്തേണ്ട പ്രധാന റോഡുകൾ.

1 പുലിക്കണ്ണി, എടവനക്കാട്, പാലം വേണം.

2 പഴയന്നൂപാടം -കൊളത്താശ്ശേരി-മേലില്ലം-പാലം നിർമ്മിക്കണം.

3 പഴയന്നൂപാടം-ചെന്നിക്കര കവല-രണ്ട് കലിങ്ക് വേണം.

4 പുലിക്കണ്ണി-മേലില്ലം റോഡിൽ രണ്ട് കലിങ്ക് വേണം.

5 പഴയന്നൂപ്പാടം-എടവനക്കാട് റോഡിൻെറ അററകുററ പണികൾ നടത്തുക.

6 പുലിക്കണ്ണി-മുള്ളൻചിറ റോഡ് നിർമ്മിയ്ക്കണം

7 പുലിക്കണ്ണി-വേങ്ങലകുണ്ട് റോഡ് അററകുററപണി നടത്തണം.

8 പുലിക്കണ്ണി-പുല്ലംകണ്ടം റോഡ് അററകുററ പണികൾ നടത്തുക.

## വാർഡ് 9

2.5 കി. മീ. ടാർ ചെയ്ത റോഡ് ഈ വാർഡിൽ ഉണ്ട്. ബാക്കി വരുന്ന പഞ്ചായത്ത് റോഡുകൾ വാഹന ഗതാഗത യോഗ്യമല്ലാത്തവയാണ്. റോഡുകൾക്ക് ഓടയില്ല. താഴെ പറയുന്ന റോഡുകൾ അററകുററ പണികൾ നടത്തേണ്ടതാണ്.

1 കരുമത്ര വഴി വാഴാനി റോഡിൽ മുട്ടുന്ന P. W. D. റോഡിൻെറ തുടർച്ചയായി കരുമത്ര കോളനി-ചേപ്പിലക്കോട് വഴി അകമല കൂടി പോകുന്ന ഒരു ഹൈവേയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുക.

2 നിറ മംഗലം റോഡ് ഗതഗത യോഗ്യമാക്കി അബുള്ള റോഡ് വഴി അലങ്കാർ തിയററർ അടുത്തുള്ള റോഡിലേക്ക് ലിങ്ക് ചെയ്യുക-റയിൽവേ ഗെയ്ററ് ഒഴിവാക്കാം.

3 P. W. D. റോഡ് ഉയർത്തി രണ്ടു ഭാഗത്തും ഓടവെട്ടി പാർശ്വങ്ങൾ കെട്ടി സ്ലാബ് ഇടണം.

4 റെയ്സ്മിൽ റോഡിൽ ചിപ്പിംഗ് കാർപററ് വിരിക്കണം

5 കിഴക്ക്മുറി റോഡ് മെററൽ വിരിക്കണം.

6 താമരക്കുളം റോഡ് ടാർ ചെയ്യുക.

7 വാഴാനി വഴി വണ്ടികൾ താമരകുളം വഴി തിരിച്ച് വിടുക.

8 "വടക്കാഞ്ചേരി റെയിൽവെ ഗെയിററിന് കിഴക്ക് വടക്കായി കല്ലംകുണ്ട്" പാലം, നിർമ്മിച്ച് വടക്കാഞ്ചേരി ഷൊർണൂർ റോഡിന് ബൈപാസ് നിർമ്മിക്കുക.

## വാർഡ് 10

നിലവിലുള്ള റോഡുകൾക്ക് കാനകൾ ഇല്ല.

1 പുന്നംപറമ്പ് മണലിത്ര റോഡ് ഗതാഗത യോഗ്യമാക്കുക.

2 പാലയ്ക്കൽ കോളനി വഴി ശരിയാക്കുക.

3 വിരുപ്പാക്ക-മണലിത്ര ലിങ്ക് റോഡ് യഥാർത്ഥ്യമാക്കുക.

4 മണലിത്ര കവലയിൽ നിന്നും കിഴക്കേകര കോളനിയിലേക്കുള്ള റോഡ് നന്നാക്കുക.

5 വാരിയത്തു പടിക്കൽ നിന്ന് കനാൽ പ്രദേശത്തേക്കുള്ള റോഡ് നന്നാക്കുക.

6 K S R T C ബസ് അനുവദിക്കുക.

7 പോസ്ററാഫീസിനു സമീപം മുതൽ-പാലയ്ക്കൽ കോളനിയിലേക്കുള്ള റോഡ് നന്നാക്കുക.

## വാർഡ് 11

3.5 കി. മീ. ടാർ റോഡ് ഉണ്ട്. പഞ്ചായത്ത് റോഡുകൾ ഗതാഗതയോഗ്യമല്ല. കാനകൾ ഇല്ല. അററകുററ പണികൾ നടത്തേണ്ട റോഡുകൾ.

1 P. W. D. റോഡിൻെറ അരികിലുള്ള കൈയേററക്കാരെ ഒഴിപ്പിച്ച് റോഡ് നന്നാക്കി ഗതാഗതയോഗ്യമാക്കുക.

2 വിരുപ്പാക്ക-മണലിത്ര റോഡ്, മണലിപ്പാടം പഞ്ചായത്ത് റോഡ്, മാധവനെഴുത്തച്ഛൻ റോഡ്, മനംകോട് റോഡ്, കാക്കിനിക്കാട്-വലിയതോട് റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുക.

3 ട്രാൻസ്സ്പോർട്ട് ബസ്സ് വാഴാനിയിലേക്ക് സർവ്വീസ് ആരംഭിക്കണം.

4 കക്കിനിക്കാട് ഗിരിവർഗ്ഗ കോളനി റോഡ് ടാറിട്ട് സഞ്ചാരയോഗ്യമാക്കുക.

# പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങൾ

1 പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായി പ്രത്യേകത റോഡുകളുടെ സ്ഥിതി വളരെ മോശമാക്കുന്നു.

2 റോഡുകൾക്ക് കാനകളോ കൾവർട്ടുകളോ ആവശ്യമായ സ്ഥലങ്ങളിൽ ഇല്ല.

3 റോഡുകൾ ശരിയായ രീതിയിൽ ശരിയായ സമയത്ത് അററകുററ പണികൾ നടത്തുന്നില്ല

4 റോഡിലെ അനധികൃത കൈയ്യേററങ്ങൾ ഒഴിവാക്കപ്പെടുന്നില്ല.

5 റോഡു പണികൾ ജനകീയ സ്വഭാവത്തോടെ നടപ്പിലാക്കുന്നില്ല.

6 ബസ്സ് യാത്ര സൗകര്യം വളരെ പരിമിതമാണ്.

7 ബസ്സുകൾ പലപ്പോഴും റൂട്ട് മാററി ഓടുകയോ സ്ഥിരമായി ഓട്ടം നിർത്തുകയോ ചെയ്യുന്നുണ്ട്.

8 പഞ്ചായത്തിൻെറ പല വാർഡുകളിലേക്കും തന്നെ ബസ്സ് ഗതാഗതം ഇല്ല.

# നിർദ്ദേശങ്ങൾ

1 റോഡുകളുടെ അററകുററ പണികൾ യഥാസമയത്ത് നടത്തുക.

2 കാനകളും കൾവർട്ടുകളും ആവശ്യമുള്ള സമയത്ത് നിർബന്ധമായും നിർമ്മിക്കുക.

3 റോഡുകളുടെ പരിസരത്തുള്ള നിവാസികളെയും സന്നദ്ധസംഘടനകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് "റോഡ് സംരക്ഷണ സമിതികൾ" രൂപികരിക്കുക. റോഡിൻെറ അററകുററ പണികൾ പഞ്ചായത്തിൻെറ സഹായത്തോടെ ചെയ്യുന്നതിന് ഈ സമിതികളെ ഏൽപ്പിക്കുക.

4 ബസ്സ്യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തൃശൂർ വിയ്യൂർ വഴി വടക്കാഞ്ചേരിക്ക് പോകുന്ന ഏതെനും ബസ്സുകൾ കുണ്ടുക്കാട് വഴി വടക്കാഞ്ചേരിയിലേക്ക് തിരിച്ചു വിടുക.

5 നിർത്തലാക്കിയ K S R T C ബസ്സ് പുനരാരംഭിക്കുക.

6 കുണ്ടുക്കാട്-വട്ടായി മെഡിക്കൽ കോളേജിലേക്ക് ബസ്സ് ഗതാഗതം ആരംഭിക്കുക.

7 ബസ്സുകൾ റൂട്ടുമാറി ഓടുന്നത് കർശനമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8 വടക്കാഞ്ചേരി റയിൽവെ ഗയിററിന് കിഴക്ക് വടക്ക് ഭാഗത്ത് കല്ലംകുണ്ട് പാലം നിർമ്മിച്ച് വടക്കാഞ്ചേരി ഷൊർണ്ണൂർ റോഡിനു ബൈ പാസ് നിർമ്മിക്കുക

9 കുളപുര മംഗലം, പുന്നംപറമ്പ്, കോളനി, മേപ്പാടം, കര്യാട്ട് റോഡ് വീതി കൂട്ടി ടാറിട്ട് ഗതാഗത യോഗ്യമാക്കി ബസ്സ് ഓടിക്കുക. ഈ റോഡിൽ കൊച്ചന്തോണിയുടെ പീടികക്കുസമീപമുള്ള കനാൽ പാലം വീതി കൂട്ടുക.

10 തൃശൂർ-കുണ്ടുക്കാട്- കരുമത്ര- മരത്തുകുന്ന് പട്ടാണിക്കാട് വഴി അകമല ശാസ്താ ക്ഷേത്രത്തിന്നടുത്ത് എത്തുന്ന റോഡ് നിർമ്മിക്കുക.

11 വാഴാനി-വിരുപ്പാക്ക- മണലിത്ര റോഡ് നിർമ്മിക്കുക.

12 പുന്നംപറമ്പ്-മണലിത്ര മലാക്ക-വീരോലിപ്പാടം-പഴയന്നൂപ്പാടം വേങ്ങലകുണ്ട് വഴി ചെന്നിക്കര കവലയുമായി ബന്ധിപ്പിയ്ക്കുന്ന റോഡ് പണി നടത്തുക

13 കുണ്ടുക്കാട്-വട്ടപാറ, തച്ചംകുഴി, കല്ലംപാറ വടക്കാഞ്ചേരി റോഡ് നിർമ്മിക്കുക.

14 കുത്തുപാറ -നായരങ്ങാടി -കുളത്താഴം-തച്ചംകുഴി വഴി വട്ടായി റോഡ് നിർമ്മിക്കുക.

15 കുണ്ടുകാട് പ്രാഥമിക സൗകര്യങ്ങളോടു കൂടിയ ബസ്സ് വെയിററിംഗ് സ്റേറാപ് പണിയുക.

16 കുണ്ടുകാട് പുന്നംപറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ ടാക്സി, ഓട്ടോ സ്ററാൻഡുകൾ നിർമ്മിക്കുക.

17 കൊല്ലപ്പുര റോഡ് വീതികൂട്ടുക.

18 കാട്ടിലങ്ങാട് റോഡ് വീതികൂട്ടി പണിയുക

19 തൃശൂർ കുണ്ടുകാട് കരുമത്തറ വഴി വടക്കാഞ്ചേരിക്ക് പോകുന്ന ബസ്സുകൾ കരുമത്തറ ജംഗ്ഷനിൽ നിന്നും 127.മീ. കിഴക്കോട്ട് T.C.S.M. വരെ നീട്ടുക.

# ഊർജ്ജം

തെക്കുംകര ഗ്രാമപഞ്ചായത്തിലേയ്ക്ക് വടക്കാഞ്ചേരി, രാമവർമ്മപുരം, മുളകുന്നത്തുകാവ് എന്നീ സബ്സ്റേറഷനുകളിൽ നിന്നാണ് വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിന്റെ വളരെയധികം മേഖലകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിലെ എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നവയാണ്. ഊർജ്ജ ഉപഭോഗത്തിൽ 48% ഗാർഹിക മേഖലയിലാണ്. കാർഷിക മേഖലയിൽ 6% വൈദ്യുതി മാത്രമാണ് ഉപയോഗിക്കുന്നത്. പ്രധാനപ്പെട്ട വ്യവസായ ഉപഭോക്താവ് വിരുപ്പാക്ക തൃശൂർ സഹകരണ സ്പിന്നിംഗ് മിൽ ആണ്.

പഞ്ചായത്തിലെ 6852 വീടുകളിൽ 3190 വീടുകളിലാണ് വൈദ്യുതീകരണം നടത്തിയിട്ടുള്ളത്. വ്യാപാര മേഖലയിൽ 166 ഉം വ്യാവസായിക മേഖലയിൽ 36 ഉം കാർഷിക മേഖലയിൽ 748 ഉം ഉപഭോക്താക്കളാണ് ഇപ്പോൾ നിലവിലുള്ളത്. പഞ്ചായത്തിന്റെ പ്രധാന കാർഷിക മേഖലകളായ മേപ്പാടം, പഴയന്നൂപാടം, വേങ്ങല

കുണ്ട്, കുററികാട്, മുള, കൊളത്താശ്ശേരി, വട്ടായി, വട്ടപ്പാറ, കൊററംകോട്, കൂത്തുപാറ, അഞ്ചീട്ടി പുല്ലംകണ്ടം, മേലില്ലം, പുലിക്കണ്ണി കല്ലംമ്പാറ കോഴിപ്പാറ പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല ഇത് കാർഷിക ഉല്പാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. നിലവിലുള്ള ഉപഭോക്താക്കൾ നേരിടുന്ന പ്രധാന പ്രശ്നം കുറഞ്ഞ വോൾട്ടേജ് തന്നെയാണ്.

വഴി വിളക്കുകളുടെ കാര്യത്തിലും പഞ്ചായത്തിൻെറ ഇപ്പോഴത്തെ സ്ഥിതി തൃപ്തികരമല്ല. പഞ്ചായത്തിൽ ആകെ 486 വഴി വിളക്കുകളാണ് ഉള്ളത്. അതിൽ 445 ബൾബുകളും ബാക്കി ട്യൂബുകളുമാണ്. പ്രതിമാസം 5980/- രൂപ ഈ ഇനത്തിൽ പഞ്ചായത്ത് ചെലവിക്കുന്നുണ്ട്. പക്ഷെ 10% വഴി വിളക്കുകൾ മാത്രമാണ് സ്ഥിരമായി കത്തുന്നത്. വൈദ്യുതി എത്തിയ എല്ലാ പ്രദേശങ്ങളിലും വഴി വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

പ്രധാന വൈദ്യുതി നഷ്ടം പ്രേക്ഷണ വിതരണ സംവിധാനങ്ങളുടെ തകരാറ് മൂലമാണ് സംഭവിക്കുന്നത്. ഈ നഷ്ടത്തിൻെറ സാങ്കേതിക കാരണങ്ങൾ ട്രാൻസ ഫോർമറുകളുടെ അധിക ഭാരവും, വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളുമാണ്. പ്രേക്ഷണ വിതരണ നഷ്ടം കുറയ്ക്കുന്നതിൻെറ ഭാഗമായി വൈദ്യുതി ലൈനുകളിൽ മുട്ടികിടക്കുന്ന മരച്ചില്ലകളെ മുറിച്ച് മാററുക, ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക എന്നിവ ചെയ്യാവുന്നതാണ്.

പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളും പാചകത്തിന് വിറക് അടുപ്പുകളെയാണ് ഇന്നും ആശ്രയിക്കുന്നത്. ഈ അടുപ്പുകൾ പഴയ പരമ്പരാഗത അടുപ്പുകൾ തന്നെയാണ്. അതുകൊണ്ടു തന്നെ വിറകിൻെറ ഉപയോഗം തികച്ചും അശാസ്ത്രീയമായി തന്നെ തുടരുന്നു. ഈ രംഗത്ത് ദക്ഷതയേറിയ പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണവും സ്ഥാപിക്കലും വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളോടെ നടത്തേണ്ടതുണ്ട്. 347 മണ്ണെണ്ണ പെർമിററുകൾ പഞ്ചായത്തിൽ ഉണ്ട്. ഈ പെർമിററുകൾ പ്രകാരം 3566 ലിററർ മണ്ണെണ്ണ പാചകത്തിനായി പ്രതിമാസം വിതരണം ചെയ്തു വരുന്നു. പഞ്ചായത്തിൽ ഏകദേശം 120 ഓളം പാചക വാതക അടുപ്പുകളാണ് ഉപയോഗിക്കുന്നത്. പാചകാവശ്യത്തിന് L. P. G. ഉപയോഗിക്കുന്നവരുടെ എണ്ണം തുലോം തുഛമാണ്. മറെറാരു പഞ്ചായത്തിലേയ്ക്ക് L. P. G. കണക്ഷൻ കൊടുക്കരുത് എന്ന നിയമം മൂലം ഈ പഞ്ചായത്തിൽ ഉപയോഗം 1% മാത്രമാണ് ഉള്ളത് അത് ഈ നിയമം വരുന്നതിന് മുമ്പ് കിട്ടിയ കണക്ഷനാണ്. അതുകൊണ്ട് പഞ്ചായത്തിൽ I. O. C. - BH P യുടെ ഒരു ഡീലർ വഴി L. P. G. ലഭ്യമാക്കേണ്ടതുമാണ്.

## പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

| | |
|---|---|
| 1 മങ്കര | 11 കാക്കിനികാട് |
| 2 തെക്കുംകര | 12 വാഴാനി |
| 3 ചെമ്പോട് | 13 മണലിത്ര |
| 4 കല്ലംപാറ I | 14 മലാക്ക |
| 5 കല്ലംപാറ II | 15 വീരോലിപ്പാടം |
| 6 തച്ചംകുഴി | 16 കോരഞ്ചിറ |
| 7 കരുമത്ര | 17 ഊരോക്കാട് |
| 8 പുന്നംപറമ്പ് | 18 പ്ലാക്കട്ട്റബ്ബേഴ്സ് |
| 9 പവർലൂം | 19 കുണ്ടുകാട് |
| 10 വിരുപ്പാക്ക | 20 പറമ്പായ |

### വൈദ്യുതീകരിച്ച കോളനികൾ

1 തെക്കുംകര
2 പൂന്നംപറമ്പ്
3 മണലിത്ര
4 കരുമത്ര
5 കാക്കിനിക്കാട് (ഗിരി വർഗ്ഗ കോളനി)

## ഗ്രാമസഭകളിലൂടെ വൈദ്യുതി

### വാർഡ് 1

വാർഡിൻെറ കോഴിപ്പാറ പരിസരം ഒഴിച്ച് മററു മിക്കവാറും പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. പക്ഷെ വഴിവിളക്കുകൾ വേണ്ടത്ര ഇല്ല. താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

1 കോഴിപ്പാറ-കല്ലംപാറ കോളനി വഴിയിൽ വിളക്ക് സ്ഥാപിക്കുക.

2 ചനങ്ങാട്ടുകര-വടക്കേമാം റോഡിൽ ഉള്ള മരത്തിൻെറ പോസ്ററുകൾ മാററി കോൺക്രീററ് പോസ്ററാക്കുക.

3 പള്ളിത്തോപ്പ് വഴിയിൽ വിളക്ക് സ്ഥാപിക്കണം.

4 നിലവിലുള്ള വഴിവിളക്കുകൾ കത്തിക്കുക.

പാചകത്തിന് വിറകു തന്നെയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. വിറക് ക്ഷാമം ഉണ്ട്.

### വാർഡ് 2

വാർഡിൻെറ 95 % പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. കാർഷിക മേഖലയായ ഈ വാർഡിൽ വൈദ്യുതി എത്താത്തത് കാർഷിക ഉല്പാദനത്തെ സാരമായി ബാധിച്ചിരിക്കുന്നു.

1 കാർഷികാവശ്യത്തിന് വേണ്ടി കുറാഞ്ചേരി, കുത്തുപാറ, കുളത്താഴം, പത്താഴക്കുണ്ട്, നായരങ്ങാടി പ്രദേശങ്ങളിൽ മിനിമംഗാരണ്ടി വ്യവസ്ഥയിൽ അപേക്ഷിച്ചവർക്ക് വൈദ്യുതി ലഭ്യമാക്കുക.

2 പത്താഴക്കുണ്ട് ഡാമിൽ നിന്ന് പാഴായി പോകുന്ന ജലം ഉപയോഗിച്ച് ചെറിയ തോതിൽ വൈദ്യുതി ഉല്പാദിപ്പിക്കുക.

3 ഉയർന്ന പ്രദേശമായതിനാൽ കാററിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിയ്ക്കുന്ന പദ്ധതി നടപ്പിൽ വരുത്തുക.

4 നിലവിലുള്ള P. W .D. റോഡുകളിലും, പഞ്ചായത്ത് റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് 3

വാർഡിൻെറ വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. വഴി വിളക്കുകൾ കുണ്ടുക്കാട് അമ്പലപ്പാട് P. W. D. റോഡിൽ മാത്രമെ നിലവിലുള്ളൂ. വൈദ്യുതി ഭൂരിഭാഗവും ഗാർഹിക മേഖലകളിലാണ് ഉപയോഗിക്കുന്നത്.

### പ്രധാന പ്രശ്നങ്ങൾ

1 വട്ടായി, വട്ടപ്പാറ, കൊററംകോട് എന്നീ കാർഷിക മേഖലകളിൽ വൈദ്യുതി എത്തിയിട്ടില്ല.

2 പലയിടത്തും വഴിവിളക്കുകൾ ഇല്ല.

### നിർദ്ദേശങ്ങൾ

1 തച്ചംകുഴിയിലേയോ, ചോററുപ്പാറയിലേയോ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ച് വട്ടായിയിൽ വൈദ്യുതി എത്തിക്കാം.

2 വട്ടായിയിൽ ANERT ന്റെ സഹായത്തോടെ സൗരോർജ്ജപാനൽ വിളക്കുകൾ സ്ഥാപിക്കുക.

3 വട്ടപ്പാറ, കൊററംകോട് തുടങ്ങിയ സ്ഥലങ്ങളിൽ ഇനിയും വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കുക.

4 താഴെ പറയുന്ന റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

കുണ്ടുക്കാട്—വട്ടായി റോഡ്, കുണ്ടുകാട്-വട്ടപ്പാറ റോഡ്, കുണ്ടുകാട്-പേരപ്പ്നഗർ റോഡ് അമ്പലപ്പാട്-ഉരോക്കാട് റോഡ്, ഉരോക്കാട്-കൊററംകോട് റോഡ്, തച്ചംകുഴി, ചെമ്പോട്, അടങ്ങളം, പല്ലിക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ

5 കല്ലംപാറയിൽ നിലവിലുള്ള സൗരോർജ്ജലൈററുകൾ ശരിയാക്കുക.

6 ചിറമുക്ക്, ചിങ്ങംചിറ പ്രദേശത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വീട്ടുകാർക്ക് 'കുടിൽ ജ്യോതി' പദ്ധതി പ്രകാരം വൈദ്യുതി നൽകുക.

7 വാർഡിലെ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ ANERT ന്റെ സഹായത്തോടെ സ്ഥാപിക്കുക.

### വാർഡ് IV

വാർഡിന്റെ എല്ലാ പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. വഴിവിളക്കുകൾ മുഴുവൻ വഴികളിലും സ്ഥാപിച്ചിട്ടില്ല. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

1 വൈദ്യുതി എത്താത്ത ഇടങ്ങളിൽ എത്തിക്കുക.

2 ലക്ഷം വീട് മുതൽ ചെമ്പോട് വരെ കനാൽ ബണ്ടിലൂടെ വൈദ്യുതി ലൈൻ എത്തിക്കണം.

3 P.W.D. റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

4 ലക്ഷം വീട്ടിലെ ഹരിജനങ്ങളുടെ 4 വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക.

5 K-S-E-B. കളക്ഷൻ സെൻറർ തെക്കുംകരയിൽ ആരംഭിയ്ക്കുക.

### വാർഡ് V

താരതമ്യേന വാർഡിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ട്.

### വാർഡിലെ പ്രധാന പ്രശ്നങ്ങൾ

1 പുന്നംപറമ്പ് കോളനിയിലെ വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

2 കൊല്ലപുരക്കലെ വീടുകളിലേയ്ക്ക് വൈദ്യുതി എത്തിക്കുക.

3 പഞ്ചായത്ത് കിണറിന് പടിഞ്ഞാറ് വശത്തുള്ള ലൈൻ ത്രീഫെയ്സ് ആക്കുക. ഇവിടെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

4 കനാലിന്റെ മുൻവശം മേപ്പാടത്തേയ്ക്ക് പോകുന്ന ലൈനിൽ വൈദ്യുതി എത്തിക്കുക.

5 നിലവിലുള്ള തെരുവ് വിളക്കുകൾ ട്യൂബ് ലൈററാക്കുക.

6 ഇടവിട്ട് സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.

7 സ്ട്രീററു ലൈററുകൾ കത്തിക്കുന്നതിനും കെടുത്തുന്നതിനും ഉള്ള സംവിധാനം ഉണ്ടാക്കുക.

8 താഴ്ന്ന ലൈനുകൾ ഉയർത്തി കെട്ടി തടസ്സമായി നിൽക്കുന്ന മരങ്ങൾ വെട്ടി നീക്കുക. ദ്രവിച്ചു നിൽക്കുന്ന കമ്പികൾ, കാലുകൾ എന്നിവ മാററി സ്ഥാപിക്കുക.

9 പുന്നംപറമ്പ് കോളനിയിൽ പള്ളി വളപ്പിൽ വശത്തുക്കൂടിയുള്ള വഴിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് 6

വാർഡിന്റെ മിക്കവാറും സ്ഥലങ്ങളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. പക്ഷെ കാർഷിക മേഖല പ്രദേശങ്ങളിൽ എത്തിയിട്ടില്ല. പ്രധാന പ്രശ്നങ്ങൾ:-

1 മലാക്ക കനാൽ പാലം മുതൽ കിഴക്കേകര കോളനി വരെ വൈദ്യുതി എത്തിക്കുക.

2 അമ്പലപ്പാട് മിച്ചഭൂമിയിൽ വൈദ്യുതി എത്തിക്കുക.

3 വാർഡിൽ എല്ലായിടത്തും വഴിവിളക്കുകൾ സ്ഥാപിക്കുക.

## വാർഡ് 7

ഈ വാർഡിന്റെ നാലാംകോട്, മേലില്ലം, കുററിക്കാട്, കൊളത്താശ്ശേരി, മുള എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വീടുകളിൽ പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. 20 വഴിവിളക്കുകളാണ് ഈ വാർഡിൽ ഉള്ളത്. ഇവതന്നെ ശരിയായി പ്രവർത്തിക്കുന്നില്ല.

### പ്രധാന പ്രശ്നങ്ങൾ:

1 നാലാംകോട്-കുററിക്കാട് മേഖലയിൽ വൈദ്യുതി എത്തിക്കുക.

2 മലാകം-മുള, കൊളത്താശ്ശേരി, മേലില്ലം വരെ വൈദ്യുതി എത്തിക്കുക.

3 വീരോലിപ്പാടം ലക്ഷംവീട് കോളനി വൈദ്യുതീകരിക്കുക.

4 പത്തിൽകോളനി വൈദ്യുതീകരിക്കുക.

5 വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

6 വഴിവിളക്കുകൾ 20 എണ്ണമെങ്കിലും സ്ഥാപിക്കുക.

7 വീരോലിപ്പാടത്തിന് വടക്ക് ഭാഗത്തുള്ള പത്തോളം വീടുകൾ വൈദ്യുതീകരിക്കുക.

## വാർഡ് 8

ഈ വാർഡിലെ കൊളത്താശ്ശേരി മേലില്ലം, വേങ്ങലകുണ്ട്, പുലിക്കണ്ണി, എടവനക്കാട് കിഴക്കേപുല്ലംകണ്ടം, മുള്ളൻചിറ എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. 20 വഴിവിളക്കുകളാണ് ഉള്ളത്. വിറകാണ് പാചകത്തിന് ഉപയോഗിക്കുന്നത്.

1 പഴയന്നൂപ്പാടം, പുല്ലംകണ്ടം, വേങ്ങലകുണ്ട് എന്നിവിടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

2 പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

3 വാർഡിൽ ഉള്ള 5 ഹരിജൻ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുന്നു.

## വാർഡ് 9

9-ാം വാർഡിന്റെ പടിഞ്ഞാററു മുറിയുടെ ചില ഭാഗങ്ങൾ, കാപ്പിപ്രദേശം, പരുവക്കാട് പ്രദേശം, അട്ടിപറമ്പ് പ്രദേശം, ഇഷ്ടികകളം റോഡ് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വിറകും, മണ്ണെണ്ണയുമാണ് പാചകത്തിന്നായി ഉപയോഗിക്കുന്നത്.

1 വൈദ്യുതി എത്താത്ത മേഖലകളിൽ എത്തിക്കുക.

2 പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

## വാർഡ് 10

1 പാലക്കൽ കോളനിയിലെ എല്ലാ വീടുകളിലേക്കും വൈദ്യുതി എത്തിയ്ക്കുക.

2 മണലിത്ര സെൻററിൽ നിന്നും, ചെറക്കപ്പടി വരെ റോഡ് വൈദ്യുതികരിക്കുക.

3 പടിഞ്ഞാററു മുറിയിൽ വൈദ്യുതി എത്തിക്കുക.

4 കിഴക്കേക്കരയിൽ 40 വീടുകളിൽ വൈദ്യുതി എത്തിക്കുക.

## വാർഡ് 11

ഈ വാർഡിൽ വൈദ്യുതി എത്താത്ത പല സ്ഥലങ്ങളും ഉണ്ട്. വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്നുണ്ട്. 50 വഴി വിളക്കുകളാണ് ഈ വാർഡിൽ ഉള്ളത് ഇതിൽ 10 എണ്ണം മാത്രമാണ് കത്തുന്നത്. ഭക്ഷണം പാചകം ചെയ്യുവാൻ വിറകാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

### പ്രധാന പ്രശ്നങ്ങൾ

1 വോൾട്ടേജ് ക്ഷാമം.

2 തെരുവുവിളക്കുകളുടെ അപര്യാപ്തത.

### നിർദ്ദേശങ്ങൾ

1 വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ എത്തിക്കുക.

2 തെരുവ്വിളക്കുകൾക്ക് മീററർ സ്ഥാപിക്കുക.

3 ട്രാൻസ്ഫോർമറിന്റെ കപ്പാസിററി വർദ്ധിപ്പിക്കുക.

4 ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടുക. പുനഃക്രമീകരണം നടത്തുക.

5 N. O. C സമ്പ്രദായം ഉപേക്ഷിക്കുക.

6 വാഴാനി ഡാമിൽ നിന്നും കനാലിലേക്ക് വിടുന്ന വെള്ളം ഉപയോഗിച്ച് ',Law pressure head Turbine'' പ്രവർത്തിപ്പിച്ചാൽ ഈ വാർഡിലേക്കാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാം.

7 പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

8 തെക്ക് വടക്ക് ലൈൻ വലിക്കുമ്പോൾ കാലുകൾ തമ്മിലുള്ള അകലം (Span Length) കുറക്കുക. അകലം കൂടിയതിനാൽ കിഴക്ക് പടിഞ്ഞാറ് വീശുന്ന കാററ് കമ്പികൾ കൂട്ടിമുട്ടി എല്ലായ്പ്പോഴും വൈദ്യുതിക്ക് തടസ്സം സൃഷ്ടിക്കുന്നു.

9 ഗിരിവർഗ്ഗ കോളനിയിലെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക.

10 പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുകയും ഏററവും താഴ്ന്ന വരുമാനക്കാർക്ക് സൗജന്യമായി വീട് വൈദ്യുതീകരിച്ചു കൊടുക്കുകയും ചെയ്യുക

## പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങൾ

1 പ്രധാനപ്പെട്ട കാർഷിക മേഖലാ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. ഇത് കാർഷിക രംഗത്തെ സാരമായി ബാധിച്ചിരിക്കുന്നു.

2 നിലവിലുള്ള N O.C. സമ്പ്രദായം പുതിയ ലൈൻ നിർമ്മാണത്തിന് തടസ്സം സൃഷ്ടിക്കുന്നു.

3 വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

4 വഴിവിളക്കുകൾ കത്തുന്നില്ല. ഭൂരിഭാഗം സ്ഥലങ്ങളിലും വഴിവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

5 വിറകാണ് പാചകത്തിന് ഉപയോഗിക്കുന്ന പ്രധാന വസ്തു. അതിൻെറ ലഭ്യത കുറവാണ്.

6 പരമ്പരാഗത അടുപ്പുകളാണ് ഭൂരിഭാഗം വീടുകളിലും ഉപയോഗിക്കുന്നത്.

7 വൈദ്യുതി ലൈനുകളിലെ തടസ്സമുള്ള മരങ്ങളുടെ ചില്ലകൾ യഥാസമയം നീക്കം ചെയ്യുന്നില്ല.

8 വ്യാവസായിക മേഖലയിലും കാർഷിക മേഖലയിലും വൈദ്യുതിയുടെ ഉപയോഗം തുച്ഛം തുച്ഛമാണ്.

9 ട്രാൻസ്ഫോമറുകൾ എല്ലാം തന്നെ അധിക ഭാരം വഹിക്കുന്നവയാണ്.

10 വർഷങ്ങളായി 'മിനിമം ഗാരണ്ടി' പ്രകാരം അപേക്ഷ നൽകിയവർക്ക് വൈദ്യുതി ലഭിച്ചിട്ടില്ല.

## നിർദ്ദേശങ്ങൾ

1 കാർഷിക മേഖലയ്ക്ക് വൈദ്യുതി കണക്ഷനുകൾ മുൻഗണനാ ക്രമത്തിൽ നൽകുക.

2 ഇതിനാവശ്യമായ കോൺക്രീററുകാലുകൾ പഞ്ചായത്ത് വഴി സംഘടിപ്പിച്ച് [സ്പോൺസർഷിപ്പ് വഴി] നൽകുക. കൂടാതെ കൂലിച്ചെലവ് അതാത് പ്രദേശത്തെ മനുഷ്യാധ്വാനം കൊണ്ട് സ്വരൂപിക്കുക.

3 നിലവിലുള്ള N. O. C. സമ്പ്രദായം നീക്കം ചെയ്യുക.

4 നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാററി സ്ഥാപിക്കുകയോ, പുനഃക്രമീകരണം നടത്തുകയോ ചെയ്യുക.

5 വഴിവിളക്കുകൾ എല്ലായിടത്തും സ്ഥാപിക്കുക. വഴിവിളക്കുകൾക്കായി മീററർ ഘടിപ്പിച്ച് ഉപയോഗിയ്ക്കുന്ന വൈദ്യുതിയ്ക്ക് മാത്രം പഞ്ചായത്ത് പണം അടയ്ക്കുക.

6 വാഴാനി, പത്താഴക്കുണ്ട് എന്നീ ഡാമുകളിൽ നിന്ന് കനാലിലേയ്ക്ക് ഒഴുക്കിവിടുന്ന ജലത്തിൽ നിന്നും "LOW PRESSURE HEAD TURBINE" ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക.

7 പറമ്പായ്, വട്ടായി തുടങ്ങിയ സ്ഥലങ്ങളിൽ കാററിൽ നിന്നോ, സൗരോർജ്ജത്തിൽ നിന്നോ വൈദ്യുതി ഉല്പാദിപ്പിക്കുന്ന ചാനലുകൾ ANERT ൻെറ സഹായത്തോടെ സ്ഥാപിക്കുക.

8 കാർഷിക മേഖലയിൽ സൗരോർജ്ജ പമ്പു സെററുകൾ സാദ്ധ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

9 പുകയില്ലാത്ത ദക്ഷതയേറിയ അടുപ്പുകൾ വമ്പിച്ച ബോധവല്ക്കരണ പ്രവർത്തനങ്ങളോടെ പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപിക്കുക.

10 വൈദ്യുത ലൈനുകളിൽ മുട്ടി നിൽക്കുന്ന മരക്കൊമ്പുകൾ യഥാസമയത്ത് നീക്കം ചെയ്യുക.

11 C. F. L. വിളക്കുകൾ പരമാവധി വീടുകളിൽ ANERT ൻെറ സഹായത്തോടെ പ്രചരിപ്പിക്കുക.

12 ANERT-ൻെറ സഹായത്തോടെ മണ്ണെണ്ണ സ്ററൗ, പ്രഷർകുക്കർ എന്നിവ വീടുകളിൽ വിതരണം ചെയ്യുക

13 വീടുകളിലെ പാഴാക്കി കളയുന്ന ജൈവ വസ്തുക്കളും, ചാണകവും മററും ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

14 വൻകിട വൈദ്യുത പദ്ധതികൾക്ക് ഊന്നൽ കൊടുക്കാതെ പ്രാദേശികതലത്തിൽ ചുരുങ്ങിയ മുതൽ മുടക്കിൽ ചെയ്യാവുന്ന വിവിധ തരം പദ്ധതികൾ നടപ്പിലാക്കുക.

15 താഴ്ന്നുകിടക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തി കെട്ടുക.

16 പഴകിയ കമ്പികളും കാലുകളും മാററി സ്ഥാപിക്കുക.

★

# സംസ്ക്കാരം

തൃശൂർ നഗരത്തിൽ നിന്നും 20 കി.മീ. വടക്കുമാറി പശ്ചിമഘട്ടത്തിൻെറ കാൽക്കൽ സ്ഥിതി ചെയ്യുന്ന മനോഹരമായ ഒരു പ്രദേശമാണ് തെക്കുംകര ഗ്രാമപഞ്ചായത്ത്. കരുമത്ര, മണലിത്തറ, വിരുപ്പാക്ക, തെക്കുംകര ആററൂർ വില്ലേജിലെ ഏതാനും ഭാഗം എന്നീ വില്ലേജുകൾ ഉൾപ്പെട്ട ഈ പഞ്ചായത്ത് മച്ചാട് എന്ന പേരിലും അറിയപ്പെടുന്നുണ്ട്. മച്ചാട് എന്ന പദത്തിൻെറ ഉൽപ്പത്തിയെപ്പററി പരമശിവനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ ഉണ്ട്.

''മച്ചാട്ടുമാമാങ്കം, മച്ചാട്ടു ഞായം മറുനാട്ടിലില്ല.'' എന്നിത്യാദി ചൊല്ലുകളും ''മച്ചാട്ടു മലയിലെ ഭൂതം'' എന്ന കഥയും പ്രസിദ്ധങ്ങളാണല്ലോ ?

അങ്ങിനെ ഈ പഞ്ചായത്തിന് നൂററാണ്ടുകൾ പഴക്കമുള്ള ഒരു സാംസ്ക്കാരിക പാരമ്പര്യം അവകാശപ്പെടാനുണ്ട്. മച്ചാട്ടെ പുരാതനമായ 14 ഓളം വരുന്ന ക്ഷേത്രങ്ങളിൽ കാണുന്ന ആചാരാനുഷ്ഠാനങ്ങളും, മച്ചാട്ടു തിരുവാണിക്കാവിലെ വേലയും മററും ഇതിന് ദൃഷ്ടാന്തങ്ങളാണ് 1843 കാലഘട്ടത്തിൽ ജീവിച്ചിരുന്ന വിദ്വാൻ മച്ചാട്ട് ഇളയത് സാഹിത്യ—സാംസ്ക്കാരിക ചരിത്രത്തിൽ സ്ഥാനം പിടിച്ചത് ഈ സാംസ്ക്കാരിക പാരമ്പര്യത്തിൻെറ മറെറാരു ദൃഷ്ടാന്തമായി കണക്കാക്കാം. ജോതിഷ പാണ്ഡിത്യം കൊണ്ട് അക്കാലത്ത് കേരളത്തിനകത്തും പുറത്തും അദ്ദേഹം പ്രസിദ്ധനായിരുന്നു. ''ജാതകോദ്ദേശ രത്നം'' ''ജോതിഷകൃതി''കൾ പ്രസിദ്ധമാണ്. കൈക്കൊട്ടികളിപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ എന്നീ പേരുകളിൽ അറിയപ്പെടുന്ന മച്ചാട്ട് ഇളയതിൻെറ വാസനാ സമ്പന്നമായ കവിതകൾ ജനഹൃദയങ്ങളിൽ ഇന്നും ജീവിച്ചു കൊണ്ടിരിക്കുന്നു,

ദേശീയ പ്രസ്ഥാനത്തോടൊപ്പം തന്നെ മച്ചാട്ടും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും വളർന്നു വരികയുണ്ടായി. പരേതനായ വട്ടേക്കാട്ട് നാരായണ മേനോൻ സ്ഥാപിച്ച എയ്ഡഡ് സ്ക്കൂളും 1933—ൽ സ്ഥാപിതമായ വിദ്വാൻ ഇളയതു വായനശാലയും ഈ പ്രദേശത്തിന് സാംസ്ക്കാരികമായി ഉത്തേജിപ്പിക്കുന്നതിനു സഹായകമായിട്ടുണ്ട്. മച്ചാട്ട് ഇളയത് ശക്തൻതമ്പുരാൻെറ സമകാലികനും അദ്ദേഹത്തിൻെറ വിദ്വത്സദസ്സിലെ ഒരംഗവും ആയിരുന്നു. ക്ഷേത്രങ്ങൾ ബ്രാഹ്മണർക്കു മാത്രമുള്ളതല്ല. ഹരിജനങ്ങൾക്കും കൂടിയുള്ളതുമാണ് എന്ന് അക്കാലത്തു വാദിച്ചിരുന്ന ശ്രീ. വി. കെ. നാരായണൻ ഭട്ടതിരിപ്പാടിൻെറ ''വേദാർത്ഥവിചാരം'' ''യജ്ഞ സംസ്ക്കാരം'', മുതലായ കൃതികൾ ജാതി വ്യവസ്ഥയെ എതിർക്കാൻ പോന്നവയായിരുന്നു.

ഈ നൂററാണ്ടിൻെറ പൂർവ്വാർത്ഥത്തിൽ ഭാഷാ സാഹിത്യത്തിൽ താല്പര്യം ഉണ്ടായിരുന്ന പല വ്യക്തികളും മച്ചടിനെ, അനുഗ്രഹീതമാക്കിയിട്ടുണ്ട് വിലാസിനി എന്ന തൂലികാ നാമത്തിൽ പ്രസിദ്ധനായ ശ്രീ. എം. കെ. മേനോൻ പ്രസിദ്ധനായ എഴുത്തുകാരനും സാംസ്ക്കാരികനായകനും ആയിരുന്നു. രാഷ്ട്രീയ സാംസ്ക്കാരിക രംഗത്ത് ഇപ്പോഴും തലയെടുത്തു നില്ക്കുന്ന സ്വാതന്ത്ര്യ സമര സേനാനിയായ ശ്രീ. ആർ. എം. മനയ്ക്കലാത്ത് പരേതനായ എൻ. എസ്. കുട്ടി, എന്നിവർ തെക്കുംകര പഞ്ചായത്തിൻെറ അഭിമാന്യരാണ്. നീതിന്യായരംഗത്തും രാഷ്ട്രീയരംഗത്തും ശ്രദ്ധേയരായിരുന്ന പരേതരായ പി. കെ. സുബ്രഹ്മണ്യയ്യർ, ശ്രീ. എം. പി. മേനോൻ എന്നിവർ ഈ നാടിൻെറ സന്തതികളായിരുന്നു. ഇവരുടെ ഒക്കെ സാംസ്ക്കാരിക പാരമ്പര്യം അവകാശപ്പെടാൻ തെക്കുംകര പഞ്ചായത്തിനു

കഴിയും. കൊമ്പു വാദ്യവിദഗ്ദനായ മച്ചാട്ട് അപ്പുനായർ ഈ പഞ്ചായത്തിൻെറ അഭിമാനമാണ്.

വിദ്വാൻ എളയതു വായനശാലയ്ക്കു പുറമെ ഈ പഞ്ചായത്തിൽ 6 വായനശാലകളും നിലവിലുണ്ട്. കുണ്ടുകാട്ടിലെ നേതാജി വായനശാല നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ചില വായനശാലകളിൽ നിന്ന് വർഷങ്ങൾക്കു മുമ്പ് പുറത്തിറങ്ങിയിരുന്ന കയ്യെഴുത്തു മാസികകൾ ബഹുജന പ്രവർത്തനത്തിൻെറ ശക്തി സ്രോതസ്സായി പ്രവർത്തിച്ചിരുന്നു. വായനശാലാ പ്രവർത്തന രംഗത്ത് ഒരു മുരടിപ്പ് ഇന്ന് കാണുന്നുണ്ട് പ്രത്യേക ശ്രദ്ധയും സഹായ സഹകരണങ്ങളും ലഭ്യമായില്ലെങ്കിൽ ഈ രംഗം തകർച്ചയെ നേരിടുമെന്നതിൽ സംശയമില്ല.

ഗ്രന്ഥശാലകൾക്കു പുറമെ പഞ്ചായത്തിൽ കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന ഒരു ഡസനോളം ക്ലബ്ബുകളുണ്ട്. ചിലതിന് സ്വന്തം കെട്ടിടവും മററ് സാംസ്ക്കാരിക പ്രവർത്തനങ്ങളുമുണ്ട്. ഇവയിൽ പലതിനും റേഡിയോ, ടെലിവിഷൻ എന്നിവയും ഉണ്ട്. സാംസ്ക്കാരിക നിലവാരം ഉയർത്തുന്നതിന് ഉത്തേജനം നൽകുന്ന നാടകങ്ങളും അരങ്ങേറാറുണ്ട്. പനങ്ങാട്ടുകരയിലെ ശ്രീ ദുർഗ്ഗാ കലാനിലയം ഭരതനാട്യം, തിരുവാതിരക്കളി, മോഹിനിയാട്ടം തുടങ്ങിയ കലകൾക്ക് പ്രോത്സാഹനം നൽകി പഠിപ്പിച്ചു വരുന്നുണ്ട്.

ടെലിവിഷൻ ശൃംഖലയുടെ വ്യാപനം നമ്മുടെ തനതായ സംസ്ക്കാരത്തേയും സാംസ്ക്കാരിക പ്രവർത്തനത്തേയും ദോഷകരമായി ബാധിക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടിരിക്കുന്നു.

തികച്ചും ജാതിമത മൈത്രി കാത്തു സൂക്ഷിക്കുന്ന പഞ്ചായത്താണ് തെക്കുംകര. ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുഹമ്മദീയരും ഏകോദര സഹോദരങ്ങളെപോലെ ജീവിക്കുന്നു. ഏകദേശം 10 കൃസ്ത്യൻ ആരാധനാലയങ്ങളും 7 മുസ്ളീം ആരാധനാലയങ്ങളും 14 ഓളം ഹിന്ദു ആരാധനാലയങ്ങളും ഇവിടെയുണ്ട്. അതാത് അവസരങ്ങളിൽ ആഘോഷിക്കുന്ന പൂരങ്ങളിലും പെരുന്നാളുകളിലും, നബിദിനത്തിലും ജാതി മത ചിന്തയില്ലാതെസർവ്വമതസ്തരും പങ്കെടുക്കാറുണ്ട്. ഇതിനൊക്കെ പുറമെ ഒരു ഹയർ സെക്കൻററി സ്കൂളും ഒരു ഹൈസ്ക്കൂളും 2 യു. പി. സ്കൂളും. 6 പ്രൈമറി സ്കൂളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

മച്ചാട് എന്ന പ്രദേശം ആദ്യകാലം മുതൽക്കു തന്നെ കേരള ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. മച്ചാട് എന്ന പേർ സിദ്ധിക്കുവാൻ രണ്ടു വിധത്തിലുള്ള ഐതിഹ്യങ്ങൾ പറഞ്ഞു കേൾക്കുന്നു. ഭഗവാൻ പരമശിവനും, പാർവ്വതിയും കൂടി സന്ന്യാസം സ്വീകരിച്ച് ഭിക്ഷാടനത്തിനുവേണ്ടി ഈ പ്രദേശത്തുവന്നു എന്നും ഭിക്ഷാപാത്രം നിറഞ്ഞു കഴിഞ്ഞു വെച്ചപ്പോൾ 'വെച്ചനാട്' മച്ചാട് ആയി മാറിയതാണെന്നും, അതല്ല ചുററും മലകളാൽ ചുററപ്പെട്ടതുകൊണ്ടാണ് മച്ചുനാട് മച്ചാടായി മാറിയതാണെന്നും ഐതിഹ്യമുണ്ട്. വാഴാനി അണക്കെട്ടിൻെറ മുകൾ വശത്ത് പൊാഞ്ചിറ എന്ന ഒരു അണക്കെട്ട് ഉണ്ടായിരുന്നു. എന്നും പ്രകൃതിക്ഷോഭം മൂലം അണക്കെട്ടു പൊട്ടി ഒലിച്ചു വന്ന് തിട്ടുകളായി കൂടിയ പ്രദേശമാണ് വാസുദേവപുരം, കുളപ്പുരമംഗലം, രവി പുരമംഗലം മുളംകാട് എന്നീ പ്രദേശങ്ങളുണ്ടായതെന്നും ഐതിഹ്യമുണ്ട്.

മററു പലതിലുമെന്നപോലെ കുടുംബ വ്യവസ്ഥയിലും ജീവിത രീതിയിലും വമ്പിച്ച മാററങ്ങൾ വരുത്തിയ ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ നിയമവും നമ്മുടെ പഞ്ചായത്തിൻെറ സാംസ്ക്കാരിക നിലവാരം ഉയർത്തുവാൻ സഹായകമായിട്ടുണ്ട്. എങ്കിലും നമുക്കു കൂടുതൽ പുരോഗതിയിലേക്കുള്ള പുതിയൊരു ആസൂത്രണ സംസ്ക്കാരം ഇവിടെ ഉടലെടുക്കേണ്ടിയിരിക്കുന്നു.

ആയതിനുവേണ്ട കരുത്ത് പുത്തൻ ജനകീയാസൂത്രണത്തിലൂടെ നാം ആർജ്ജിക്കേണ്ടിയിരിക്കുന്നു. അതിനു വേണ്ട പ്രോത്സാഹനം ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കുമെന്ന ശുഭപ്രതീക്ഷയുണ്ട്. ജനപങ്കാളിത്തത്തോടെ നമുക്ക് ഇവിടത്തെ സാംസ്കാരിക രംഗം കൂടുതൽ സമ്പുഷ്ടമാക്കാം.

## നിർദ്ദേശങ്ങൾ

1 11 വാർഡുകൾ ഉൾപ്പെട്ട മച്ചാട് എന്ന പ്രദേശം തെക്കുംകര ഗ്രാമപഞ്ചായത്ത് എന്ന പേരിലാണ് ഇന്ന് അറിയപ്പെട്ടുകൊണ്ടിരിക്കുന്നത്. മച്ചാടിന്റെ പേരും പ്രശസ്തിയും നില നിർത്തുന്നതിനുവേണ്ടി ഈ പഞ്ചായത്തിന്റെ പേര് മച്ചാട് പഞ്ചായത്ത് ആക്കി മാററണം.

2 തെക്കുംകര, മണലിത്തറ, കരുമത്തറ, വിരുപ്പാക്ക എന്നീ വില്ലേജുകൾ ഭൂമിശാസ്ത്രപരമായി തിരിച്ച് വീരോലിപ്പാടം വില്ലേജ് രൂപീകരിക്കുകയും ഇതുമൂലം മച്ചാട് റവന്യൂ ഫർക്ക രൂപീകൃതമാകുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു റവന്യു ഓഫീസ്സ് നിലവിൽ വരുകയും ചെയ്യും.

3 പഞ്ചായത്ത് വക ഒരു സാംസ്ക്കാരിക നിലയവും, ഔഡിറേറാറിയവും നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നത് ഉചിതമാണ്.

## ഗ്രന്ഥശാലകൾ

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗത്വം | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് |
|---|---|---|---|---|---|
| 1 | വിദ്വാൻ ഇളയത് സ്മാരക വായനശാല പുന്നംപറമ്പ് | 1933 | 200 | 14436 | A |
| 2 | ഗ്രാമീണ വായനശാല മണലിത്തറ | 1961 | 90 | 5757 | C |
| 3 | ഗ്രാമീണ വായനശാല പനങ്ങാട്ടുകര | 1945 | 646 | 5957 | |
| 4 | വി. നാരായണ മേനോൻ സ്മാരക വായനശാല തെക്കുംകര | 1968 | 511 | 3541 | B |
| 5 | യുവജന സംഘം വായനശാല ഊരോക്കാട് | 1985 | 50 | 150 | C |
| 6 | നേതാജി വായനശാല കുണ്ടുകാട് | 1967 | 350 | 4000 | B |
| 7 | അനുപമ റിക്രിയേഷൻ സെൻറർ ആൻറ് പൊതു വായനശാല കരുമത്തറ | 1981 | 130 | 1300 | C |

## കലാകായിക സംഘടനകളുടെ പട്ടിക

| ക്രമനമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | സഹൃദയ വേദി ക്ലബ്ബ് പനങ്ങാട്ടുകര | 1 |
| 2 | യുവധാര സ്പോർട്ട്സ് ക്ലബ് കല്ലംപാറ | 1 |
| 3 | യുവതരംഗം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് അഞ്ചിട്ടി | 2 |
| 4 | ഉത്സവ് വെടിപ്പാറ | 2 |
| 5 | ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് നായരങ്ങാടി | 2 |
| 6 | ജോളി ബ്രദേഴ്സ് ക്ലബ് | 6 |
| 7 | അമ്പിളി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് പഴയന്നൂർപ്പാടം | 8 |
| 8 | യുവപ്രതിഭ കാൾച്ചറൽ ഓർഗനൈസേഷൻ കരുമത്തറ | 9 |
| 9 | മൈത്രീ സംഗമം കരുമത്താ | 9 |
| 10 | ഉദയാ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് മണലിത്തറ | 10 |
| 11 | സെഞ്ച്വറി ക്ലബ് മണലിത്തറ | 10 |
| 12 | ടാർജററ്-വിരുപ്പാക്ക | 11 |

## പ്രധാനപ്രശ്നങ്ങൾ

1 ജനങ്ങളിൽ വായനാശീലം കുറഞ്ഞുവരുന്നു.

2 സാമ്പത്തിക പരാധീനത വായനശാലയുടെയും സ്പോർട്ട്സ് ക്ലബ്ബുകളുടെയും പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിരിക്കുന്നു.

3 ഭൂരിപക്ഷം സ്ഥാപനങ്ങൾക്കും നല്ലകെട്ടിടങ്ങൾ ഇല്ല.

4 വായനശാലകൾ വിജ്ഞാന വ്യാപന കേന്ദ്രങ്ങളോ വികസന കേന്ദ്രങ്ങളോ ആയി പ്രവർത്തിക്കുന്നില്ല.

5 സ്ഥിരമായ കലാ—കായിക പ്രവർത്തനങ്ങൾ നടക്കുന്നില്ല.

6 വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നില്ല. നേതൃത്വവും നൽകുന്നില്ല,

## നിർദ്ദേശങ്ങൾ

1 വായന ശാലകൾക്കും ക്ലബ്ബുകൾക്കും കെട്ടിടം പണിയുവാൻ ആവശ്യമായ സ്ഥലം നൽകുക,

2 സ്വന്തം സ്ഥലമുള്ള വായനശാലകൾക്കും ക്ലബ്ബുകൾക്കും കെട്ടിടം പണിയുവാൻ വേണ്ട സാമ്പത്തിക സഹായം നൽകുക.

3 വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി വീടുകളിൽ പുസ്തകങ്ങൾ എത്തിക്കുന്ന ഗൃഹപുസ്തക വിതരണ പരിപാടി നടപ്പിലാക്കുക.

4 സന്നദ്ധ സംഘടനകളെ വിജ്ഞാന വ്യാപന കേന്ദ്രങ്ങളും വികസന കേന്ദ്രങ്ങളും ആക്കി മാററുക.

5 പത്രങ്ങൾ, മററ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വരുത്തുന്നതിനായി സാമ്പത്തിക സഹായം അനുവദിക്കുക.

6 വൈദ്യുതീകരിച്ച സ്ഥാപനങ്ങൾക്ക് കറൻറ് ചാർജ്ജ് നൽകുക.

7 വായനശാലകളിൽ വനിതാവേദി, വികസന വേദി, വിജ്ഞാന വേദി എന്നിവ ആരംഭിച്ച് ഈ രംഗത്തെ വിവിധ വകുപ്പുകളുടെ നേതൃത്വം നൽകുക.

8 കൃഷി പുസ്തക കോർണർ, വനശാസ്ത്ര പുസ്തക വേദികൾ എന്നിവ ആരംഭിക്കുക.

9 അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള തുടർ സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിയ്ക്കുക.

10 വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക.

11 വ്യവസായ വികസന സമിതികൾ, കർഷക ക്ലാസ്സുകൾ തുടങ്ങിയവ ആരംഭിയ്ക്കുക.

12 സന്നദ്ധ പ്രവർത്തകരുടെ പട്ടിക തയ്യാറാക്കി സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക.

13 വിവിധ വികസന തുറകളും അറിയിപ്പുകളും അടങ്ങുന്ന വികസന സന്ദേശം മാസിക ആരംഭിച്ച് സന്നദ്ധസംഘടനകളിൽ സൗജന്യമായി നൽകുക.

14 പഞ്ചായത്തു തല കലാഗ്രൂപ്പു നിർമ്മിക്കുന്നതിന്റെ ഭാഗമായി വിവിധ കലകളിൽ പരിശീലനം നൽകുക.

15 വിവിധ കായിക മേഖലകളിൽ പരിശീലനം നൽകി കായിക ഗ്രൂപ്പ് ഉണ്ടാക്കുക.

16 പഞ്ചായത്തു തലത്തിൽ സാംസ്ക്കാരിക നിലയവും ഓഡിറേറാറിയവും നിർമ്മിക്കുക.

17 ടെലിവിഷൻ ഇല്ലാത്ത സ്ഥാപനങ്ങളിൽ ടെലിവിഷൻ നൽകുക.

★

# പാർപ്പിടം

പഞ്ചായത്തിലെ പാർപ്പിട സ്ഥിതി പൊതുവെ പറഞ്ഞാൽ തൃപ്തികരമല്ല. ഗ്രാമ്പ് പണത്തിൻെറ സ്വാധീനവും സമീപ പഞ്ചായത്തുകളിലെ വ്യവസായിക മേഖലകളിലെ തൊഴിൽ സാദ്ധ്യതകളും തെക്കുംകരയിലെ കെട്ടിട നിർമ്മാണ മേഖലയിൽ പ്രകടമായ സ്വാധീനം ചെലുത്തിയിട്ടില്ല. പഞ്ചായത്തിലെ 65% വീടുകളും ഓടു മേഞ്ഞതാണ്. 15% കോൺക്രീററ് മേൽപ്പുരയുള്ളതും ബാക്കി 20% ഓല മേഞ്ഞവയുമാണ്. ഭൂരിഭാഗം വീടുകളുടെയും ചുമർ ഇഷ്ടികയോ, വെട്ടുകല്ലോ കൊണ്ടാണ് പണിതിരിക്കുന്നത്. ഓലയോ, വൈയ്ക്കോലോ മേഞ്ഞവീടുകളിൽ ഭൂരിഭാഗത്തിനും നല്ല ചുമരും ഇല്ല. 5% താഴെ വീടുകൾക്കു മാത്രമേ മൊസെയ്ക്ക് തറകളുള്ളൂ. തറ, ചുമർ, മേൽപ്പുര, വിസ്തീർണ്ണം എന്നീ ഘടകങ്ങൾ എല്ലാം പരിഗണിച്ചാൽ 30% വീടുകളും തൃപ്തികരമല്ലാത്തതും അടിയന്തിര മാററം ആവശ്യമുള്ളതുമാണെന്ന് കാണാം.

കരിങ്കല്ല്, ഇഷ്ടിക, ഓല, വെട്ടുകല്ല് എന്നീ ഗൃഹ നിർമ്മാണ വസ്തുക്കൾ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ലഭ്യമാണെങ്കിലും ഇവയെല്ലാം വേണ്ടവിധത്തിൽ ചൂഷണം ചെയ്തിട്ടില്ല. പഞ്ചായത്തു തലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിച്ച് വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതുണ്ട്. വിവിധ സർക്കാർ പദ്ധികളിലൂടെ വളരെ നാമമാത്രമായ വീടുകളേ പണി തീർന്നിട്ടുള്ളു. കൂടാതെ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവരുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു വരുന്നു.

ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഔദ്യോഗിക സംവിധാനങ്ങൾക്കാവില്ല. എന്നതു വളരെ വ്യക്തമാണ് അതിനാൽ ഫലപ്രദമായ ഒരു ജനകീയ സംവിധാനം ഈ രംഗത്ത് അത്യാവശ്യമാണ്.

പഞ്ചായത്തിലെ 6852 വീടുകളിൽ 4554 വീടുകൾ നികുതി നൽകുന്നതും 2298 വീടുകൾ നികുതിയൊഴിവുള്ള വീടുകളുമാണ്. പഞ്ചായത്തിൽ പുറം പോക്കു നിവാസികളായ 118 വീടുകളും ഉണ്ട്. പഞ്ചായത്തിലെ ഭവനരഹിതരുടെ എണ്ണം ഏകദേശം 193 ആണ്.

## പ്രശ്നങ്ങൾ

1 സ്ഥിരവരുമാനം ഇല്ലാത്തവർക്ക് കെട്ടിട നിർമ്മാണ വായ്പ ലഭിക്കുന്നില്ല.

2 ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി വേണ്ടത്ര ഫലപ്രദമായി നടപ്പാക്കുന്നില്ല,

3 ചെലവ് കുറഞ്ഞ വീടുനിർമ്മാണത്തിൻെറ സാങ്കേതിക വിദ്യ അറിവില്ലായ്മ

4 കെട്ടിട നിർമ്മാണ വസ്തുക്കൾ മിതമായ നിരക്കിൽ ലഭിക്കായ്ക.

5 മിച്ചഭൂമി വിതരണം, വീടുവായ്പാ വിതരണം എന്നിവയിലെ അപാകതകൾ.

6 അനധികൃതമായ സ്ഥലവില്പന.

7 കൈവശ ഭൂമിയ്ക്ക് പട്ടയം ലഭിക്കാത്തതിനാൽ വായ്പ ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1 പഞ്ചായത്തു തലത്തിൽ കെട്ടിടനിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

2 ധനകാര്യ സ്ഥാപനങ്ങളും, സഹകരണ സ്ഥാപനങ്ങളും, സ്ഥിരവരുമാനമില്ലാത്തവർക്കും, കുറഞ്ഞ പലിശനിരക്കിലും ലളിതമായ വ്യവസ്ഥകളിലും (ഗ്രാൻറുൾപ്പടെ) വായ്പ നൽകുക,

3 ദുർബ്ബല ലിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി,

മിച്ചഭൂമി വിതരണം, വീടുവായ്പാ വിതരണം എന്നിവയിലെ അപാകതകൾ പരിഹരിക്കുക.

4 ഒരിക്കൽ വീടുനിർമ്മാണത്തിന് ആവശ്യമായ സ്ഥലവും വായ്പയും നൽകിയവർക്ക് വീണ്ടും അവ അനുവദിക്കുന്നത് കർശനമായി തടയുക.

5 പഞ്ചായത്തു തല ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കുക.

6 ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക വിദ്യയും ബോധവല്ക്കരണ പ്രവർത്തനങ്ങളും നടത്തുക.

7 ദുർബ്ബല വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതികൾ സന്നദ്ധ സംഘടനകൾ വഴി നടപ്പിലാക്കുക.

8 എല്ലാ മലയോര കൈവശ ഭൂമിയ്ക്കും പട്ടയം നൽകുക.

9 ലക്ഷം വീടുകളുടെ അററകുററ പണികൾ യഥോചിതം നടത്തുക.

# സാമൂഹ്യ ക്ഷേമം

പഞ്ചായത്തിലെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളെ പൊതുവെ 2 ആയി തരം തിരിക്കാം. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധന സഹായ പദ്ധതികളും. കഴിഞ്ഞ ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 3555 ആണ്. പ്രതിവർഷം ശരാശരി 43 കുടുംബങ്ങൾക്കു മാത്രമാണ് ഐ. ആർ. ഡി. പി. പദ്ധതി പ്രകാരമുള്ള വായ്പകൾ ലഭിക്കുവാൻ സാധിക്കുന്നത്. അതിനാൽ അർഹരായവരിൽ വളരെ കുറച്ചു കുടുംബങ്ങൾക്കു മാത്രമേ ഈ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുകയുള്ളു.

പഞ്ചായത്തിൽ വിവിധ ധനസഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു,

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | : | 71 |
| വികലാംഗ പെൻഷൻ | : | 125 |
| വിധവാ പെൻഷൻ | : | 93 |
| തൊഴിലില്ലായ്മ വേതനം | : | 282 |
| കർഷക തൊഴിലാളി പെൻഷൻ | : | 683 |
| കുഷ്ഠരോഗി പെൻഷൻ | : | 2 |
| കാൻസർ | : | 2 |
| ക്ഷയം | : | 1 |

അർഹതയുള്ള നല്ലൊരു ഭാഗം അപേക്ഷകർക്ക് ഇനിയും സഹായം ലഭിച്ചിട്ടില്ല, കരിങ്കൽ ക്വാറി മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് നിർമ്മാണ തൊഴിലാളി ക്ഷേമപദ്ധതി പോലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത് എത്രയും അത്യവശ്യമാണ്.

ട്രൈസം പദ്ധതിയിൻ കീഴിൽ ഇതുവരെ 18 പേർക്കേ പരിശീലനം നൽകിയിട്ടുള്ളു. പരിശീലനം ലഭിച്ചവർക്കു തന്നെ തൊഴിൽ ഉറപ്പു വരുത്തുവാനും കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ 17 മഹിളാസമാജങ്ങളും 22 അംഗന വാടികളും പ്രവർത്തിച്ചു വരുന്നു. സ്വന്തമായി കെട്ടിടമോ, മററ് അടിസ്ഥാന സൗകര്യങ്ങളോ ഒന്നും തന്നെ ഇവയ്ക്ക് ഇല്ല. അംഗനവാടികളിലെ കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകളോ മററു പഠന ഉപാധികളോ ഒന്നും തന്നെ ഇല്ല, മഹിളാ സമാജങ്ങളുടെ പ്രവർത്തനം അംഗന വാടികളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. മററു സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ വേണ്ടത്ര ജാഗ്രത കാണുന്നില്ല.

പഞ്ചായത്തിൽ ആകെ 8 റേഷൻ ഷോപ്പുകളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. പക്ഷെ ഇനിയും പുതിയ 4 ഷോപ്പുകൾ കൂടി ഉടൻ അനുവദിക്കേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി പഞ്ചായത്തിൽ ഒരു മാവേലിസ്റേറാർ ആരംഭിക്കേണ്ടതുണ്ട്.

## 8—ാം പഞ്ചവത്സര പദ്ധതിയിൽ നൽകിയത്

| ക്രമ നമ്പർ | ഇനം | എണ്ണം | വായ്പ തുക | ധനസഹായം തുക |
|---|---|---|---|---|
| 1 | ഐ. ആർ. ഡി. പി. | 209 | 12,68,754 | 8,08,246 |
| 2 | D. W. C. R. A. യൂണിററ് | 1 | 60,000 | 40,000 |

## മററ് സാമൂഹ്യ ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ട്രൈസം | 18 |
| 2 | റൂറൽ ആർടിസൻ പ്രോഗ്രാം - R. A. P. | 15 |
| 3 | സി. ആർ. എസ്. പി. ലാട്രിൻ (C. R. S. P.) | 78 |
| 4 | സി. ഡി. ലാട്രിൻ (C. D) | 5 |
| 5 | പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ | 10 |

**പ്രശ്നങ്ങൾ**

1 അവശ വിഭാഗങ്ങളിൽ അർഹതയുള്ള ധാരാളം പേർക്ക് ധനസഹായം ലഭിക്കുന്നില്ല.

2 ട്രൈസം പദ്ധതിയിൽ കീഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

3 അർഹതയുള്ള മുഴുവൻ പേർക്കും ക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നില്ല.

4 ഐ. ആർ. ഡി, പി. വായ്പകൾ അനുവദിക്കുമ്പോൾ പണമായി നൽകാത്തതിനാൽ ഗുണഭോക്താവിന് നഷ്ടം സംഭവിക്കുന്നു.

5 അംഗന വാടികൾക്ക് സ്വന്തം കെട്ടിടവും, കളിക്കോപ്പുകളും പഠനവസ്തുക്കളും ഇല്ല.

6 അംഗനവാടികളെ കുട്ടികളുടെ ആരോഗ്യ കേന്ദ്രങ്ങളാക്കി മാററുന്നില്ല.

7 മഹിളാ സമാജങ്ങൾ സാമൂഹ്യക്ഷേമ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

1 അർഹതയുള്ള മുഴുവൻ പേർക്കും ക്ഷേമ പരിപാടികൾ മൂലമുള്ള ധനസഹായം ലഭ്യമാക്കണം.

2 ട്രൈസം പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ വായ്പ ലഭ്യമാക്കണം.

3 ഐ. ആർ. ഡി. പി. വായ്പകൾ പണമായി നൽകുക, പർച്ചേസിംഗ് കമ്മററികൾ രൂപീകരിക്കുക.

4 എല്ലാ അംഗനവാടികൾക്കും സ്വന്തമായി സ്ഥലവും, കെട്ടിടവും ഉണ്ടാക്കുക.

5 അംഗനവാടികളെ മാതൃ ശിശുസംരക്ഷണ കേന്ദ്രങ്ങളാക്കി മാററുക.

6 മഹിളാ സമാജങ്ങളെ സാമൂഹ്യക്ഷേമ കേന്ദ്രങ്ങളാക്കുക.

7 മഹിളാ സമാജങ്ങളിൽ വിവിധ വിഷയങ്ങളിൽ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക—ബൊക്കെ നിർമ്മാണം, കൂൺ കൃഷി തുടങ്ങിയവ.

8 DWCRA യൂണിററുകൾ എല്ലാ മഹിളാ സമാജങ്ങളിലും ആരംഭിക്കുക.

9 ഗ്രാമീണ ബാങ്കിംഗ് (Self Help Groups) ആരംഭിക്കുക.

10 അംഗന വാടികൾക്ക് ആവശ്യമായ കളിക്കോപ്പുകളും മററ് അത്യാവശ്യ വസ്തുക്കളും നൽകുക.

11 വനിതാ സാക്ഷരതാപരിപാടികളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കുക.

12 പ്രൈസ് കമ്മീഷൻ രൂപീകരിക്കണം.

13 പബ്ലിക്ക് റെയിററിംഗ് കമ്മററികൾ രൂപീകരിക്കുക.

14 പബ്ലിക് യൂട്ടിലിററി കമ്മററികൾ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും, സ്ഥാപനങ്ങളിലും സ്ഥാപിക്കുക.

# വനിത

തെക്കുംകര പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 25898ൽ 13,287 പേർ സ്ത്രീകളാണ് അതായത് മൊത്തം ജനസംഖ്യയുടെ 51%ത്തിലധികം വനിതകളാണ്. മൊത്തം ജനസംഖ്യയിൽ 1000 പുരുഷൻമാർക്ക് 1057 സ്ത്രീകളുണ്ട്. മൊത്തം 6852 കുടുംബങ്ങളിൽ 240 കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലാണ്.

വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരേക്കാൾ കുറവാണ്. തൊഴിൽ പങ്കാളിത്തത്തിലും സ്ത്രീ പുരുഷ അന്തരം നിലനിൽക്കുന്നു. വിവിധ തൊഴിൽ മേഖലകളിലെ സ്ത്രീ പുരുഷ അന്തരം-പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1 | പ്രധാന തൊഴിലാളികൾ | 4205 | 2951 |
| 2 | നാമമാത്ര തൊഴിലാളികൾ | 242 | 463 |
| 8 | കൃഷിക്കാർ | 1398 | 223 |
| 4 | കർഷക തൊഴിലാളികൾ | 2040 | 1656 |
| 5 | മൃഗസംരക്ഷണം, വനം, മത്സ്യബന്ധനം | 218 | 45 |
| 6 | ചെറുകിട കച്ചവടക്കാർ | 609 | 69 |
| 7 | സേവന മേഖല | 462 | 236 |
| 8 | വിവിധ ഗൃഹ ഉപകരണ വസ്തുക്കളുടെ നിർമ്മാണം, റിപ്പയർ | 140 | 90 |
| 9 | മററു മേഖലകൾ | 599 | 449 |

ബീഡിതൊഴിലാളികൾ, കരിങ്കൽ ക്വാറി തൊഴിലാളികൾ, കർഷകതൊഴിലാളികൾ, ഖാദി, നെയ്ത്ത്, കൈത്തറി വസ്ത്ര നിർമ്മാണം, കെട്ടിടം പണിതൊഴിൽ അദ്ധ്യാപകർ എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾക്ക് മുൻതൂക്കം ലഭിച്ചിട്ടുള്ളത്. ഖാദി, കൈത്തറി മേഖലകളിൽ സ്ത്രീകൾ മാത്രമാണ് ജോലി ചെയ്യുന്നത്.

പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന രണ്ട് വനിതാപ്രവർത്തകർ ഉണ്ട്. വനിതകളുടെ ഒരു DWCRA യൂണിറ്റും 3 പാൽ ഉല്പന്ന യൂണിറ്റുകളും രണ്ട് ഖാദി മസ്ലീൻ യൂണിറ്റുകളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. കുണ്ടുകാട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന വനിതാ വ്യവസായ സഹകരണസംഘം വളരെ നാളുകളായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ സ്ത്രീ സാക്ഷരതാ നിരക്ക് 87% ആണ്. സ്ത്രീകൾക്ക് പഞ്ചായത്ത്രാജ് ഭരണഘടനാ പ്രകാരം 33% സംവരണം ലഭിച്ചത് പൊതുരംഗത്തേക്കുള്ള സ്ത്രീകളുടെ വരവിന് ആക്കം കൂട്ടിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1 പൊതുരംഗത്തെ പങ്കാളിത്തം വളരെ കുറവാണ്.

2 സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നില്ല.

3 സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള സംഘടിത പരിപാടികൾ ഇല്ല.

4 തൊഴിൽ മേഖലകളിൽ വേണ്ടത്ര അവസരം ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1 സ്ത്രീകൾക്കായി പ്രത്യേകം നേതൃത്വ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.

2 സ്ത്രീകളുടെ തൊഴിൽ യൂണിറ്റുകൾ- DWCRA. യൂണിറ്റുകൾ സ്ഥാപിക്കുക.

3 വനിത വ്യവസായ സഹകരണസംഘം ആരംഭിക്കുക.

4 ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

5 തൊഴിൽ പരിശീലനം നൽകുക.

6 വനിതാ സാക്ഷരത പരിപാടി നടപ്പിലാക്കുക.

7 ഈ പഞ്ചായത്തിലെ നിലവിലുള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല,

8 മഹിളകൾക്ക് ചിപ്സ്, റെഡിമെയ്ഡ്സ് കൊണ്ടാട്ടം, ജാം, സ്ക്വാഷ് സിറപ്പ്, ഹലുവ വാഴനാര് കൊണ്ടുള്ള ഉല്പന്നങ്ങൾ കളിപ്പാട്ട നിർമ്മാണം-നോട്ടുപുസ്തകം- പേപ്പർ ബാഗുകൾ എന്നിവ ഉണ്ടാക്കാൻ കുടിൽ വ്യവസായങ്ങൾ തുടങ്ങാനായി സാമ്പത്തിക സഹായവും, മററു സൗകര്യങ്ങളും ചെയ്ത് കൊടുക്കുക.



# സഹകരണം

1948 മുതൽ തന്നെ ഈ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിച്ചിരുന്നു. സ്വാതന്ത്ര്യ സമര സേനാനിയും സഹകാരിയുമായ ശ്രീ. V. R. കൃഷ്ണനെഴുത്തശ്ശൻ പ്രഥമ പ്രസിഡണ്ടായി ആരംഭിച്ച അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് അടക്കം 9 സഹകരണ സംഘങ്ങളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത്.

## അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക്

തെക്കുംകര പഞ്ചായത്ത് മുഴുവനും മാടക്കത്ര പഞ്ചായത്തിലെ 2 വാർഡുകളും, കിള്ളന്നൂർ പഞ്ചായത്തിൽപ്പെട്ട 2 വാർഡുകളിലെ കുറെ പ്രദേശങ്ങളും ചേർന്നതാണ് ഈ സ്ഥാപനം. പുന്നംപറമ്പ്, പറമ്പായ് എന്നിവിടങ്ങളിൽ ബ്രാഞ്ചുകളും, മാടയ്ക്കത്ര പഞ്ചായത്തിലെ കട്ടിലപ്പൂവ്വത്ത് ഒരു വളം ഡെപ്പോയും അടങ്ങുന്ന കുണ്ടുകാട് ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സഹകരണ മേഖലയിലെ ഏക ധന കാര്യ സ്ഥാപനമാണ് അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക്.

ആകെയുള്ള 7946 അംഗങ്ങളിൽ മാടക്കത്ര, കിള്ളന്നൂർ പഞ്ചായത്തിലെ മെമ്പർമാരെ മാററി നിർത്തിയാൽ തെക്കുംകര പഞ്ചായത്തിലെ ജനങ്ങളിൽ സഹകരണ സംഘത്തിൽ അംഗങ്ങളായവർ നാലായിരത്തിൽ താഴെയാണ്. അതായത് ഒരു വാർഡിൽ 350 മെമ്പർമാർ മാത്രമാണ്.

## തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ

1985ൽ പ്രവർത്തനമാരംഭിച്ച സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ 650 ജോലിക്കാരുണ്ട്. ഈ പഞ്ചായത്തിൽ പെടുന്ന 63 പേർ ജോലി ചെയ്യുന്നു.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ജില്ലയിലെ ഏക സ്പിന്നിംഗ് മില്ലാണിത്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള തൊഴിലാളികളാണ് കൂടുതലും ഈ സ്ഥാപനത്തിലുള്ളത്. ടെക്സ്റൈറൽ നിയമമനുസരിച്ചാണ് പ്രവർത്തിക്കുന്നത്. 3 ലക്ഷം രൂപ നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

## മച്ചാട് പവർലൂം വ്യവസായ സഹകരണ സംഘം

1978ൽ പ്രവർത്തനം തുടങ്ങിയ സംഘത്തിൽ 48 തറികളാണ് പ്രവർത്തിക്കുന്നത്. സീതാറാം മില്ലിനു വേണ്ടി തുണി ഉല്പാദിപ്പിച്ച് ജോബ് വർക് അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 94 അംഗങ്ങളാണ് ഇപ്പോൾ ഉള്ളത്.

## കുണ്ടുകാട് സഹകരണ ചികിത്സാ കേന്ദ്രം

1985ൽ വിവിധ ചികിത്സാരീതികൾ നടപ്പിലാക്കുന്നതിനു വേണ്ടി ആരംഭിച്ച ഈ ചികിത്സാകേന്ദ്രം പ്രവർത്തനമില്ലാതെ കിടക്കുകയാണ്. 990 A ക്ലാസ്സ് അംഗങ്ങളും, 11 B ക്ലാസ്സ് അംഗങ്ങളും നിലവിലുണ്ട്. സ്വന്തമായി 3 ഏക്കർ സ്ഥലവും ഉണ്ട്.

## വാഴാനി ഹരിജൻ ഗിരിജൻ റിസർവോയർ ഫിഷറീസ് സഹകരണ സംഘം

1987ൽ വാഴാനി ഡാമിൽ നിന്നും മത്സ്യം പിടിക്കുന്നതിനു വേണ്ടി രൂപീകരിച്ചതാണ് ഈ സംഘം. ഒരു വഞ്ചിയിൽ 4 പേർക്ക് ജോലി ചെയ്യാവുന്ന തരത്തിലുള്ള 4 വഞ്ചികളാണ് ഈ സംഘത്തിലുള്ളത്. ആകെ 16 പേർക്ക് മാത്രമാണ് ജോലി ചെയ്യുവാൻ കഴിയുന്നത്. ആകെ 52 മെമ്പർമാർ നിലവിലുണ്ട്.

## ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

4 (ആപ്കോസ്) സംഘം അടക്കം 5 ക്ഷീരോൽപാദക സഹകരണ സംഘങ്ങളാം ഈ പഞ്ചായത്തിലുണ്ട്. ക്ഷീരസംഘങ്ങളിൽ പാലുൽപാദനം വളരെ കുറവാണ്. കാലിത്തീററ കുറഞ്ഞ വിലയ്ക്ക് ലഭിയ്ക്കുന്നില്ല. പാലുൽപാദകനെ സഹായിക്കുന്നതിനുള്ള ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

### കാർഷിക വികസന ബാങ്ക് വിതരണം ചെയ്ത വായ്പകളുടെ പട്ടിക.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | കാർഷിക വായ്പ | 370 | 6,00,000 |
| 2 | കാർഷികേതര വായ്പ | 90 | 2,50,000 |
| 3 | ഭവന വായ്പ | 75 | 59,00,000 |

### ക്ഷീര സഹകരണ സംഘം പാൽ ഉല്പാദന വിതരണ പട്ടിക

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രതിദിനം മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | ലിററർ പഞ്ചായത്തിന് പുറത്ത് വിൽക്കുന്നത് |
|---|---|---|---|---|
| 1 | R-50 പുന്നംപറമ്പ് | 327 | 73 | 254 |
| 2 | R-100 കരുമത്ര | 230 | 45 | 185 |
| 3 | R-40 കല്ലംമ്പാറ | 510 | 100 | 410 |
| 4 | R- വീരോലിപ്പാടം | 420 | 50 | 370 |

### അമ്പലപ്പാട് സഹകരണ ബാങ്ക് വായ്പ വിതരണം.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ഹ്രസ്വകാല വായ്പ | 10516692 |
| 2 | മദ്ധ്യകാല വായ്പ | 179532 |
| 3 | ഐ. ആർ. ഡി. പി. | 89829 |
| 4 | ദീർഘകാല വായ്പ | 199906 |
| 5 | സാധാരണ വായ്പ | 598685 |
| 6 | സ്വർണ്ണ പണ്ടം പണയം വായ്പ | 6464510 |
| 7 | നിക്ഷേപ വായ്പ | 895541 |
| 8 | പ്രതിമാസ നിക്ഷേപ വായ്പ | 207600 |

## പ്രശ്നങ്ങൾ

ഐ. ആർ. ഡി. പി, ഡി. ആർ. ഡി എ വായ്പാ വിതരണം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

പ്രവർത്തന മേഖലയും പഴക്കവും അനുസരിച്ച് ഡെപ്പോസിററ് വർദ്ധനവ് കണുന്നില്ല.

കുടിശിക വൻതോതിലായതുകൊണ്ട് ബാങ്കിന്റെ വളർച്ചയെ കാര്യമായി ബാധിക്കുന്നു.

വായ്പാ വിതരണവും വളം, കീടനാശിനി വില്പനയും ആണ്ടിലൊരിയ്ക്കലുണ്ടാകുന്ന ഓണചന്തയുമൊഴികെ സംഘം ഒന്നും നടത്തുന്നില്ല

കർഷകരുടെ ആവശ്യങ്ങൾ മനസ്സിലാക്കി യോജിച്ച വായ്പാരീതികൾ തയ്യാറാക്കുന്നതിൽ ബാങ്ക് താല്പര്യം കാണിക്കുന്നില്ല.

പഞ്ചായത്തിന്റെ പൊതുവികസന പദ്ധതികളിൽ പങ്ക് ചേർന്ന് നിർണ്ണായക സ്ഥാനം വഹിക്കുന്നില്ല.

പൊതു വിതരണ രംഗത്ത് സഹകരണ സംഘം പ്രവർത്തിക്കുന്നില്ല.

## ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

സർവ്വീസ് സഹകരണ ബാങ്കിൽ ഒരു വീട്ടിൽ ഒരാളെങ്കിലും അംഗമായിരിക്കണം. ആയതിന് മെമ്പർഷിപ്പ് കാമ്പെയിൻ സംഘടിപ്പിക്കണം.

കാർഷികേതര വായ്പകൾക്ക് ഇന്നുള്ള ജാമ്യ വ്യവസ്ഥ ഉദാരമാക്കി കൂടുതൽ വായ്പ അനുവദിക്കണം.

റിക്കറിംഗ് ഡെപ്പോസിററ് ആരംഭിച്ച് വീടുകളിൽ നിന്ന് ഡെപ്പോസിററ് സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

സ്വയംതൊഴിൽ വായ്പകൾ അനുവദിക്കുക. പുതിയ വായ്പാരീതി ഏർപ്പെടുത്തി ജനങ്ങളെ കൂടുതൽ പങ്കാളികളാക്കുക.

ഡെപ്പോസിററ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി സന്നദ്ധ സംഘടനകളേയും വ്യക്തികളെയും പങ്കെടുപ്പിച്ച് ജനകീയ സ്വഭാവം ഉണ്ടാക്കി ഡെപ്പോസിററ് മൊബലൈസേഷൻ നടപ്പിലാക്കുക.

കർഷകർക്ക് സീസണൽ അഗ്രിക്കൾച്ചറൽ ക്രെഡിററ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തി കുടിശിക കുറച്ചുകൊണ്ടു വരുക.

പഞ്ചായത്തിന്റെ പൊതുവികസന പദ്ധതികളിൽ സഹകരണ സംഘം നിർണ്ണായകമായ പങ്കു വഹിക്കുക.

കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

കാർഷിക ഉൽപന്നങ്ങളുടെ സംഭരണം ഏറെറടുക്കുക.

മിതമായ നിരക്കിൽ കാർഷിക യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.

വിവിധ വിഭാഗങ്ങൾക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക.

സ്വന്തം ജാമ്യത്തിൽ മെമ്പർമാർക്ക് 250 ക. വരെയുള്ള എമർജൻസി വായ്പ നടപ്പാക്കുക.

കുണ്ടുകാട് സഹകരണ ചികിത്സ കേന്ദ്രത്തിൽ കൂടുതൽ മെമ്പർമാരെ ചേർത്ത് പ്രവർത്തനം കാര്യക്ഷമമാക്കുക.

മച്ചാട് പവർലൂം വ്യവസായ സഹകരണ സംഘത്തിന് ഉദാരമായ വായ്പ ലഭ്യമാക്കി പ്രവർത്തനം കൂടുതൽ വിപുലീകരിക്കുക.

വാഴാനി ഹരിജൻ ഗിരിജൻ റിസർവോയർ ഫിഷറീസ് സഹകരണ സംഘത്തിന് വായ്പകൾ ലഭ്യമാക്കി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

ബാഗ്, ചെരിപ്പ്, കളിക്കോപ്പ് നിർമ്മാണ സഹകരണ സംഘങ്ങൾ അമ്പലപ്പാട്, പഴയന്നൂപ്പാടം എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

വിരുപ്പാക്ക സ്പിന്നിംഗ് മില്ലിലേയ്ക്കുള്ള നിയമനങ്ങളിൽ തെക്കുംകര പഞ്ചായത്തിലെ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുക.

ആററൂർ വില്ലേജിലെ കാക്കിനിക്കാട് ഭാഗത്ത് താമസിയ്ക്കുന്ന കർഷകർക്ക് അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്കിൽ മെമ്പർഷിപ്പ് നൽകി സഹായം ലഭ്യമാക്കുക.

മലകളിൽ നിന്ന് ശേഖരിച്ച് വരുന്ന പച്ചമരുന്ന് വിപണനം നടത്തുന്നതിന് വാഴാനിയിൽ ഒരു പട്ടിക വർഗ്ഗ സഹകരണ സംഘം സ്ഥാപിക്കുക.

★

# പട്ടികജാതി പട്ടികവർഗ്ഗം

സമൂഹത്തിൽ എല്ലാ വിധത്തിലുമുള്ള അടിച്ചമർത്തലുകൾക്കും അവഗണനകൾക്കും വിധേയരായി കഴിഞ്ഞിരുന്ന പട്ടികജാതി പട്ടിക വർഗ്ഗം സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അവർക്കു കിട്ടിയ സംവരണാനുകൂല്യം പ്രയോജനപ്പെടുത്തി സാമൂഹ്യപരമായി ഒട്ടേറെ പുരോഗമിച്ചിട്ടുണ്ടെന്ന് കാണുവാൻ കഴിയും. പഴയ കാലത്തെ ഉച്ച നീചത്വങ്ങളും, അടിച്ചമർത്തലുകളും ഇല്ലാതായിട്ടുണ്ടെങ്കിലും പൊതുവായ ജീവിത നിലവാരത്തിലും സാക്ഷരതയിലും ഈ വിഭാഗം വളരെ താഴെയാണ് ഈ പഞ്ചായത്തിൽ.

ഏഴ് അംഗീകൃത കോളനിയും, ഒരു പട്ടിക വർഗ്ഗ കോളനിയും നാല് അംഗീകാരത്തിനർഹതയുള്ള കോളനിയും മററു പ്രദേശങ്ങളിൽ ഒററപ്പെട്ടു താമസിക്കുന്ന 34 കുടുംബങ്ങളുമടക്കം 427 കുടുംബങ്ങളിലായി 2948 പട്ടിക ജാതിക്കാർ ഈ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്. വാഴാനി ഡാം വരുന്നതിനു മുമ്പ് നൂറിൽപരം ആദിവാസികൾ താമസിച്ചിരുന്നു. ഡാം വന്നതിനു ശേഷം കുറെ കുടുംബങ്ങൾ പാണഞ്ചേരി പഞ്ചായത്തിൽപെട്ട പൂവ്വൻ ചിറ എന്ന സ്ഥലത്തേക്ക് മാറി താമസിച്ചു. ഇപ്പോൾ ഒൻപത് കുടുംബങ്ങളിലായി 28 പേരാണ് ഇവിടെ താമസിക്കുന്നത്. കോളനികൾ ഭൂരിഭാഗവും സ്ഥിതിചെയ്യുന്നത് സാമാന്യം ഉയർന്ന പ്രദേശങ്ങളിലായതുകൊണ്ട് പ്രാഥമിക സൗകര്യങ്ങളൊന്നും തന്നെ എത്തിയിട്ടില്ലാത്തതിനാൽ അവരുടെ ജീവിത നിലവാരത്തെ അത് സാരമായി ബാധിക്കുന്നുണ്ട്.

സൗകര്യമുള്ള വീടുകൾ, വെളിച്ചം, ശുദ്ധജലം, കക്കൂസ് ഇവയൊന്നും 65% വീടുകളിലും ലഭ്യമായിട്ടില്ല എന്നുള്ളതാണ് വസ്തുത. ഉയർന്ന പ്രദേശങ്ങളിൽ ഡിസംബർ മുതൽ നീണ്ടു നിൽക്കുന്ന ശുദ്ധജല ക്ഷാമവും, പോഷകാഹാരക്കുറവും തിങ്ങി പാർക്കലും ചിലപ്പോൾ പകർച്ച വ്യാധികളുടെ ആക്രമണങ്ങൾക്ക് ഇടയാകാറുണ്ട്,

വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞു പോകുന്ന കുട്ടികളിലേററവും കൂടുതൽ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ട കുട്ടികളാണ്. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർ നൂറിൽ താഴെയാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. വിരലിലെണ്ണാവുന്നവർ മാത്രമാണ് സർക്കാർ—അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി നോക്കി ഉന്നത ജീവിത നിലവാരത്തിൽ കഴിയുന്നത്. പട്ടിക ജാതി വിഭാഗത്തിലെ സ്ത്രീ പുരുഷൻമാർ കാർഷികമേഖല, കരിങ്കൽ ക്വാറികെട്ടിടം, റോഡ് നിർമ്മാണ രംഗത്ത് കൂലിപ്പണി ചെയ്ത് ജീവിക്കുന്നവരാണ് കൂടുതലും. യുവജനങ്ങൾ മുന്നോട്ടു വരാത്തതിനാൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. അവശേഷിക്കുന്നവർ ഏതാനും പ്രായം ചെന്നവർ മാത്രമാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണി എന്നീ ഘടകങ്ങൾ ഒരു പ്രശ്നമാണ്.

വാഴാനി ഡാമിൽ മത്സ്യ ബന്ധനത്തിനു വേണ്ടി ഹരിജൻ—ഗിരിജൻ മത്സ്യബന്ധന സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. കൂടിയാൽ 16 പേർക്ക് ജോലി ചെയ്യാനുള്ള സൗകര്യമാണുള്ളത്.

സാംസ്കാരിക രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്നവരാണ് ഇവർ. മണ്ണിനോടും പ്രകൃതിയോടും താദാത്മ്യം പ്രാപിച്ച ഹൃദ്യവും സുന്ദരവുമായ കലാസമ്പത്തിന്റെ ഉപാസകരാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ. അതുകൊണ്ട് തന്നെയാണ് അവരുടെ പച്ചയായ ജീവിതത്തിന്റെ ലാളിത്യം കലാ വിനോദങ്ങളിൽ തെളിഞ്ഞു കാണാവുന്നതാണ്. അവരുടെ പാട്ടുകളും കളികളുമെല്ലാം ഒരു ഗ്രാമ സൗന്ദര്യത്തിന്റെ പ്രതീകങ്ങളാണ്. കാർഷിക വൃത്തിയിൽ ഏർപ്പെടുമ്പോൾ ജോലിഭാരം ലഘൂകരിക്കുവാനായി പാടുന്ന ഞാററുപാട്ട് മനോഹരമാണ്. പാരമ്പര്യ കലകളായ തെയ്യം, തിറ, പൂതൻ, കാളകളി, മുടിയാട്ടം എന്നീ തനതായ ദൃശ്യകലകൾ അവതരിപ്പിക്കുന്നതിൽ ഇവർ വിദഗ്ദരാണ്.

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് വേർതിരിവില്ലെങ്കിലും മനസ്സുകൊണ്ട് ആ അകൽച്ചയുടെ അടിവേരുകൾ ഇന്നും നിലനിൽക്കുന്നു.

## പ്രശ്നങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിയ്ക്കേണ്ട ആനുകൂല്യങ്ങൾ സമയാസമയങ്ങളിൽ ലഭിയ്ക്കുന്നുണ്ടോയെന്നും കിട്ടിയ സഹായങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്നു ഉറപ്പു വരുത്തുന്ന കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നേതൃത്വം കൊടുക്കുന്നതിൽ വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല,

കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന സംവരണാനുകൂല്യങ്ങൾ ശരിയാംവണ്ണം ഉപയോഗപ്പെടുത്തി സ്വാശ്രയത്വം നേടുന്നതിൽ അവർ പരാജയപ്പെടുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ലഭിയ്ക്കേണ്ട വിവിധ ആനുകൂല്യങ്ങൾ ഔദ്യോഗിക തലത്തിൽ തന്നെ പലപ്പോഴും ദുരുപയോഗം ചെയ്യുന്നതുകൊണ്ട് അർഹതയുള്ളവർക്ക് ലഭിയ്ക്കാതിരിക്കുകയും, അനർഹരായവർ ക്ക് ലഭിയ്ക്കുകയും ചെയ്യുന്നു.

## നിർദ്ദേശങ്ങൾ

അംഗീകൃത കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം പേരേപ്പാടം ഒരു സെററിൽമെൻറ് കോളനിയാക്കി അംഗീകരിക്കുക.

മലാക്ക വാർഡിലെ മലാക്കയും, പത്തിൽ കോളനിയും ചേർത്ത് അംഗീകൃത കോളനിയാക്കുക. അമ്പലപ്പാട് മിച്ചഭൂമി കുണ്ടുകാട് പ്രദേശങ്ങളെ ചേർത്ത് പട്ടികജാതി കോളനിയായി അംഗീകരിക്കുക.

പട്ടികജാതി പട്ടികവർഗ്ഗ കോളനികൾക്കും, വീടുകൾക്കും ശുദ്ധജലവും വെളിച്ചവും എത്രയും പെട്ടെന്ന് എത്തിക്കാൻ ഏർപ്പാടുണ്ടാക്കണം.

പൊതുജനാരോഗ്യ വകുപ്പിൻെറ സഹായത്തോടെ സന്നദ്ധ സംഘടനകളേയും സഹകരണ സംഘങ്ങളേയും ചേർത്ത് സമയ ബന്ധിത പരിപാടിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാനിട്ടറി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുവാൻ ഗ്രാമപഞ്ചായത്ത് നേതൃത്വം കൊടുക്കണം.

പട്ടികജാതി പട്ടിക വർഗ്ഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഉപയോഗശൃമായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വികസന കോർപ്പറേഷനും പഞ്ചായത്തും ചേർന്ന് ഒരു ഏജൻസിയെ നിയമിക്കുക.

പട്ടിക വർഗ്ഗക്കാരുടെ കൈവശഭൂമി വേലികെട്ടി കന്നുകാലി ശല്യം ഒഴിവാക്കുക.

പട്ടിക വർഗ്ഗക്കാരുടെ ശ്മശാനം ഇപ്പോൾ വനം വകുപ്പിൻെറ കൈവശമാണ്. പ്രസ്തുത സ്ഥലം അവർക്ക് വിട്ടുകൊടുക്കുവാനുള്ള നടപടിയുണ്ടാകണം.

പരമ്പരാഗത തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന മേഖല മെച്ചപ്പെടുത്തുന്നതിന് പുന്നമ്പറമ്പിലെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണം സജീവമാക്കി തൊഴിൽ ശക്തിപ്പെടുത്തുക.

മാസത്തിൽ ഒരിയ്ക്കൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വർത്തന വ്യതിയാനം ഉണ്ടാക്കാൻ വികസന കോർപ്പറേഷൻ ശ്രദ്ധിയ്ക്കണം.

സ്ക്കൂൾ ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് പഞ്ചായത്തുതലത്തിൽ സന്നദ്ധ സഹായ സമിതി രൂപീകരിച്ച് പ്രവർത്തിക്കണം.

എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും ടെലിവിഷനും, വായനശാലകളും സ്ഥാപിക്കുക.

കോളനികളിൽ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തി വ്യവസായ യൂണിററുകൾ ആരംഭിക്കുക.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതു ആവശ്യങ്ങൾക്കായി പഞ്ചായത്തുതലത്തിൽ ഒരു കമ്മ്യൂണിററി ഹാൾ പണിയുക.

കോളനികളിൽ ബാലവാടികൾ ആരംഭിക്കുക.

★

## 8–ാം പദ്ധതിയിൽ നൽകിയത്

| ക്രമ നമ്പർ | ഇനം | | എണ്ണം |
|---|---|---|---|
| 1 | ഐ. ആർ. ഡി. പി. വായ്പകൾ | | 115 |
| 2 | പഠനോപകരണങ്ങൾ | | 10 |
| 3 | ജെ. ആർ. വൈ. വീടുകൾ | | 57 |
| 4 | ,, ,, കക്കൂസുകൾ | | 46 |
| 5 | കിണറുകൾ | | 7 |
| 6 | പൈപ്പുകൾ | | 6 |
| 7 | വൈദ്യുതീകരിച്ച വീടുകൾ | | 152 |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ | ആൺ | പെൺ |
| | | 290 | 286 |

## I.H.D.P. കോളനി മണലിത്തറ

നടപ്പിലാക്കുന്ന പദ്ധതികൾ

| | | എണ്ണം | ചിലവാക്കുന്ന സംഖ്യ |
|---|---|---|---|
| 1 | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | 48 | |
| 2 | കിണർ അഭിവൃദ്ധിപ്പെടുത്തുന്നതിന് | 1 | 8000.00 |
| 3 | ബയോഗ്യാസ് പ്ലാന്റ് | 2 | 15400.00 |
| 4 | കിണർ | 2 | 19565.00 |
| 5 | കൈകോട്ട് | 57 | 3990.00 |
| 6 | തെങ്ങ് കയറുന്നതിനുള്ള യന്ത്രം | 1 | 850.00 |
| 7 | കുററിപമ്പ് | 13 | 20475.00 |
| 8 | കറവമാട് വിതരണം | 2 | 12000.00 |
| 9 | കന്നുകിടാരി വിതരണം | 6 | 21000.00 |
| 10 | മേശയും കസേരയും വിതരണം | 1 | 1140.00 |
| 11 | കക്കൂസ് | 25 | 50000.00 |
| 12 | ഹൗസിങ്ങ് | 17 | 260100.00 |
| 13 | വൈദ്യുതി | | 39000.00 |
| 14 | T.V വിതരണം | 1 | 14590,00 |
| 15 | ശുദ്ധജല വിതരണം | | 1700000.00 |
| 16 | ഭവന നിർമ്മാണം | 1 | 75000.00 |

# വനം

ഈ ഭൂമുഖത്ത് ജീവൻ ആദ്യമായി രൂപം കൊണ്ടത് കടലിൽ ആണെന്ന് പറയുന്നു; അല്ലെന്ന് പറയുന്നവരും ഉണ്ട്. എന്നാൽ മനുഷ്യൻ രൂപം എടുത്തത് കാട്ടിലാണ് എന്നതിൽ ആർക്കും ഒരു തർക്കവും ഇല്ല. മനുഷ്യൻെറ ഈററില്ലമാണ് കാട്, കളിത്തൊട്ടിലുമാണത്. മൃഗങ്ങളെ വേട്ടയാടി, ഭക്ഷണം നേടി പോരാത്ത ഭക്ഷണം ഫലമൂലാദികൾ നൽകി. ശാഖാപത്രാദികൾ വെളിച്ചവും, ചൂടും നൽകി. കൃഷി ചെയ്യാൻ പഠിച്ചപ്പോൾ കാട്ടിലെ മരങ്ങൾ വെട്ടി വീഴ്ത്തി കൃഷി ചെയ്തു. സ്ഥലം മാറി മാറി കൃഷി ചെയ്തു. ക്രമേണ സ്ഥിരം കൃഷി വ്യാപകമായി. അതോടെ കാട് മനുഷ്യൻെറ വീടല്ലാതായി 'നാട്' രൂപം കൊണ്ടു. മനുഷ്യർ വസിക്കുന്ന പ്രദേശമാണല്ലോ 'നാട്'.

ഇന്ന് 'തെക്കുംകര' പഞ്ചായത്ത് എന്ന് അറിയപ്പെടുന്ന 'മച്ചാട്' പ്രദേശം അര നൂററാണ്ടിന് മുമ്പ് ഘോര വനങ്ങളാൽ സംപുഷ്ടമായിരുന്നു. കൊച്ചി രാജ്യത്തെ പല മലകളുടെയും കൂട്ടത്തിൽ മച്ചാട് മലയെക്കുറിച്ചും പരാമർശമുണ്ട്. ജനസംഖ്യ വർദ്ധിച്ചതനുസരിച്ച് കൃഷിക്കുവേണ്ടി കൂടുതൽ കൂടുതൽ കാട് ഭക്ഷ്യോല്പാദനത്തിനുവേണ്ടി വെട്ടിത്തെളിക്കേണ്ടിവന്നു. കാടിനോടുള്ള അവൻെറ ആശ്രിതത്വം വർദ്ധിച്ചു. മലയോരപ്രദേശമായ തെക്കുംകര പഞ്ചായത്തിൻെറ സമ്പൽസമൃദ്ധിയുടെ സ്രോതസ്സായ മച്ചാട് മലയെ ആശ്രയിച്ചു കൊണ്ടേ നിലനിൽപ്പ് ഉള്ളൂ.

വന്യമൃഗങ്ങളുടെ സഹവാസവും, വനഭൂമിയുടെ സാമീപ്യത്തിൽ നിന്നും സംജാതമാകുന്ന മല്പനിയും മച്ചാടിൻെറ പഴയ കാലത്തെ സവിശേഷതയായിരുന്നു. മലയോരങ്ങളിലെ കാട്ടുകൃഷിസ്ഥലങ്ങളിൽ വിളഞ്ഞിരുന്ന നെല്ലിൻെറ അരി, ''മച്ചാട്ടരി'' അയൽപ്രദേശങ്ങളിൽ നല്ല പേരായിരുന്നു.

ക്രമേണ ഈ പ്രദേശത്തിൻെറ ഭൂപ്രകൃതിയിൽ വന്ന മാററം അതീവ ശ്രദ്ധേയമാണ്. ''മലയോര കർഷകൻ'' എന്ന ഓമനപേരിൽ അറിയപ്പെടുന്നവർ കാട് നാടാക്കി, കൃഷിയിടമാക്കി മാററിയതോടെ മച്ചാടിൻെറ മാറിലെ വന വിസ്തൃതി കുറഞ്ഞു കുറഞ്ഞു വന്നു. അതോടൊപ്പം വന ജീവികളും കുടിയിറക്കപ്പെട്ടു. സംസ്ഥാന വ്യാപകമായി നടന്ന ഈ ''കയ്യേററ'' സംഭവ വികാസത്തിൻെറ ന്യായമായ ഓഹരി നമ്മുടെ പഞ്ചായത്തിനും ലഭിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ പ്രകൃതി സന്തുലനത്തെ നിയന്ത്രിക്കുന്ന കാട് നശിപ്പിക്കൽ പ്രക്രിയ ഇനിയും തുടർന്നാൽ ആപത്തായിരിക്കും ഫലം. തെക്കുംകര പഞ്ചായത്തിൽ ഉൾപ്പെടുന്ന വനപ്രദേശങ്ങൾ പ്രധാനമായും റിസർവ്വ് വനങ്ങൾ, പ്ലാൻേറഷൻ വനങ്ങൾ, സർപ്പക്കാവുകൾ എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. വനഭൂമി പ്രധാനമായും വാഴാനി ഫോറസ്ററ് സ്റേറഷൻ പരിധിയിൽ ആണ് വരുന്നത്. സർപ്പക്കാവുകൾ പ്രധാനമായും പഴയ ഹിന്ദുതറവാടുകളെ കേന്ദ്രീകരിച്ചും ക്ഷേത്രങ്ങളെ ചുററിപ്പററിയുമാണ് വരുന്നത്.

പ്രകൃതിയുടെ വരദാനമായ നിത്യഹരിത വനഭാഗങ്ങൾ ചോലവനങ്ങളും, പുൽമേടുകളും കൊണ്ട് അനുഗൃഹീതയാണ് മച്ചാട് വനപ്രദേശം. പഞ്ചായത്തിലെ സുപ്രധാന ജലസ്രോതസ്സുകൾ ഈ വനനിരകളിലാണ്. മച്ചാട് വനപ്രദേശം ഒട്ടനേകം ഔഷധ ചെടികളുടെ കലവറയാണ്. വില പിടിപ്പുള്ള തേക്ക്, വീട്ടി, ഇരുൾ, തമ്പകം, ചീനി, താന്നി, മരുത് തുടങ്ങിയ ഒട്ടനവധി വൃക്ഷങ്ങളുടെ സങ്കേതമാണ്. പ്ലാൻേറഷൻ വന പ്രദേശങ്ങളിൽ പ്രധാനമായും തേക്ക്, കശുമാവ്, അകേഷ്യ, മാഞ്ചിയം, മുള എന്നിവയുടെ തോട്ടങ്ങളാണ്.

ഇതിനുപുറമെ വിവിധ ഇനങ്ങളിൽ പെട്ട വന്യമൃഗ സമ്പത്തും, പക്ഷി-ഷഡ്പദ-പ്രാണി സമ്പത്തും ഈ വനത്തിന്റെ പ്രത്യേകതയാണ്. ഇൻഡ്യയിൽ അപൂർവ്വമായി മാത്രം കാണുന്ന 'കടുവാചിലന്തി'യും, 'കുട്ടിതേവാങ്കും' ഇവിടത്തെ കാടുകളിൽ കാണാം. വംശനാശം വന്നുകൊണ്ടിരിക്കുന്ന 'മലമുഴക്കി' വേഴാമ്പലും ഇവിടത്തെ പ്രത്യേകതയായിരുന്നു. മച്ചാട് മലനിരകളിൽ നിന്ന് ലഭിക്കുന്ന തേൻ പ്രസിദ്ധിയുള്ളതാണ്.

നമ്മുടെ പഞ്ചായത്തിന്റെ കാലാവസ്ഥയെ സ്വാധീനിക്കുന്ന മറ്റൊരു പ്രധാനഘടകമാണ് മച്ചാട് വനപ്രദേശം. വർഷപാതത്തിലും താപനിലയിലും വരുന്ന ഏറ്റകുറച്ചിലുകൾ ഈ വനപ്രദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ചരിത്രമുറങ്ങികിടക്കുന്ന ബാണൻകോട്ടയും, മുനിയറകളും സ്ഥിതിചെയ്യുന്നതും മച്ചാട് വനത്തിൽ തന്നെ. പാലക്കാട് ചുരം കടന്ന് മലനിരകളെ തഴുകി വീശുന്ന "വൃശ്ചിക കാറ്റ്" മച്ചാടിന്റെ പ്രത്യേകതയാണ്. മുണ്ടകൻ കൃഷിക്ക് കണ്ടുവരാറുള്ള ചാഴികേടിന് പ്രകൃതി തന്നെ ഒരുക്കിയ ഒരു പ്രതിഭാസമാണിത്.

വാഴാനി ഡാമിനടുത്ത് 9 പട്ടിക വർഗ്ഗ കുടുംബങ്ങൾ വനവിഭവങ്ങൾ ശേഖരിച്ചും മറ്റും ഉപജീവനം നടത്തി വരുന്നുണ്ട്.

കാടിന് കേട്‌വരാതെ വനവിഭവങ്ങളെ ചൂഷണം ചെയ്ത് വിഭവ സംസ്കരണം നടത്തിയാൽ നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക നിലയെ ഭദ്രമാക്കുവാൻ ഒരളവോളം കഴിയും എന്നതിൽ തർക്കമില്ല. നമ്മുടെ തെക്കുംകര പഞ്ചായത്തിനെ കാത്തുകൊള്ളുന്ന കാരുണ്യമൂർത്തിയായ നമ്മുടെ മച്ചാട് വനങ്ങളെ സംരക്ഷിത മേഖലയാക്കി മാറ്റണം; അതോടൊപ്പം തന്നെ കർഷകർക്കും ശത്രുക്കളായി മാറുന്ന ഇന്നത്തെ അവസ്ഥക്ക് മാറ്റം വരുത്തുകയും വേണം. കൃഷിപ്പണിക്ക് ആവശ്യോപാധികളായ കന്നുകാലിവളർത്തുന്നതിനാവശ്യമായ തീറ്റ, കൃഷി ഉപകരണങ്ങൾ നിർമ്മിക്കാനാവശ്യമായ തടി എന്നിവ നിയന്ത്രിതമായ തോതിൽ ലഭ്യമാക്കേണ്ടതാണ്. സാമൂഹ്യവനവല്ക്കരണ പ്രവർത്തനങ്ങൾ, വനസംരക്ഷണ പരിപാടികളും ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്.

വനഭൂമിയുടെ പട്ടിക താഴെ ചേർക്കുന്നു. (പ്ലാന്റേഷൻ)

| ക്രമ നമ്പർ | ഇനം | വർഷം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | കശുമാവ്—മാത്തികുന്ന് | 1960 | 83.805 |
| 2 | തേക്ക്—അമ്പലപ്പാട്—മഞ്ചട്ടി | 1944 | 116.922 |
| 3 | തേക്ക്—ഊരോക്കാട് | 1945 | 28.329 |
| 4 | തേക്ക്—അമ്പലപ്പാട്, മഞ്ചടി, ഊരേക്കോട് | 1946 | 139.057 |
| 5 | അക്കേഷ്യ—ദർകുണ്ട് | 1986 | 34.00 |
| 6 | അക്കേഷ്യ—കൊളത്താശ്ശേരി | 1986 | 10.00 |
| 7 | കശുമാവ്—അക്കേഷ്യ—വാഴാനി | 1986 | 16.00 |
| 8 | അക്കേഷ്യ—വാഴാനി | 1982 | 10.00 |
| 9 | തേക്ക്—വാഴാനി | 1933-34 | 3.240 |
| 10 | തേക്ക്—വാഴാനി | 1934-35 | 4.047 |
| 11 | സമ്മിശ്രണം—കരുമത്തറ | 1982 | 20.00 |
| 12 | അക്കേഷ്യ—മാഞ്ചിയം—മഞ്ചട്ടി | 1995 | 12.00 |
| 13 | കശുമാവ്—മാത്തിക്കുന്ന് | 1996 | 24.500 |
| 14 | പലവകതോട്ടം | — | 20.000 |

### മൃഗസംരക്ഷണ ഭാഗം – 500 ച. കി. മീ. റിസർവ്വ് നോട്ടിഫിക്കേഷൻ

1 ഭരണിപച്ച മല
2 കരടിപ്പാറ മല
3 മച്ചാട് മല
4 തെക്കുംകര ഹിൽസ്

### പ്രശ്നങ്ങൾ, സാദ്ധ്യതകൾ

1 പഞ്ചായത്തിലെ വന വിസ്തൃതി കുറഞ്ഞു വരുന്നു.

2 കള്ളത്തടി വെട്ട് പല സ്ഥലത്തും നടക്കുന്നു.

3 വനത്തിൽ നിന്നും വിറകും, മററ് വിഭവങ്ങളും ശേഖരിക്കാൻ വകുപ്പ് ഉദ്യോഗസ്ഥർ സമ്മതിക്കുന്നില്ല.

4 കൃഷിക്കു വേണ്ടി അടിക്കാട് അരിഞ്ഞെടുക്കുന്ന ''അരിത്തോല'' കൃഷിക്കാർക്ക് എടുക്കാൻ അനുവദിക്കുന്നില്ല.

5 മലയോര കൃഷിയിടങ്ങളിലെ കൃഷി വന്യമൃഗങ്ങൾ കൂട്ടത്തോടെ നശിപ്പിക്കുന്നു. കാട്ടുപന്നികളുടെ ക്രമം വിട്ട പെററു പെരുകൽ മലയോര കർഷകരെ ദുഃഖത്തിൽ ആഴ്ത്തുന്നു.

6 വനങ്ങൾ കൃഷിക്കാരൻെറ ശത്രുക്കളായി മാറിയിരിക്കുന്നു.

7 വന പരിപാലനത്തിൽ ജനങ്ങളെ വിശ്വാസത്തിൽ എടുക്കുന്നില്ല.

8 സാമൂഹ്യ വനവല്ക്കരണത്തിൽ നാടിന് യോജിച്ച വൃക്ഷങ്ങളും, ഫലവൃക്ഷങ്ങളും, ഔഷധ ചെടികളും നട്ടുപ്പിടിപ്പിക്കുന്നില്ല.

9 മരം വെട്ടി കരിയുണ്ടാക്കുന്നതായി മലകളിൽ കാണുന്നു.

10 സർപ്പകാവുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

### സാദ്ധ്യതകൾ

1 കാട്ടുതീ തടയാൻ പ്രാദേശിക വനവിഭാഗങ്ങൾക്ക് പരിശീലനം നൽകുക.

2 വനനശീകരണത്തിന് എതിരായ ബോധവൽക്കരണം നടത്തുക.

3 സന്നദ്ധ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ വനവല്ക്കരണ പരിപാടി നടപ്പിലാക്കുക. - നാടിന് യോജിച്ച വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുക.

4 വനഭൂമി അല്ലാത്ത ഭൂമിക്ക് പട്ടയം നല്കി വേർതിരിക്കുക.

5 റിസർവ്വ് വനത്തിലും, പ്ലാൻേറഷനുകളിലും ഉണങ്ങിനിൽക്കുന്ന വീട്ടി, തേക്ക്, ഇരുൾ തുടങ്ങിയ മരങ്ങൾ നീക്കം ചെയ്ത് സർക്കാരിലേക്ക് മുതൽക്കൂട്ടുക.

6 വനവിഭവങ്ങളുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങൾ നിയന്ത്രിതമായി നടത്തുന്നതിന് വേണ്ട പരിപാടി ആസൂത്രണം ചെയ്യുക.

7 സർപ്പക്കാവുകൾ നിലനിർത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുക.

# വിഭവസമാഹരണം

ഒരു സംസ്ഥാനത്തിൻെറ വിഭവ സമാഹരണവും ഉപഭോഗവുമാണ് ആ സംസ്ഥാനത്തിലെ ജനങ്ങളുടെ ജീവിത നിലവാരത്തിൻെറ അളവുകോൽ.

തെക്കുംകര പഞ്ചായത്തിൻെറ വിഭവ സമാഹരണം വർത്തമാന കണക്കുവെച്ചു നോക്കിയാൽ വരവിൽ കവിഞ്ഞ ചെലവാണു കാണുന്നത്. ഇത്തരത്തിലുള്ള ഏതൊരവസ്ഥയും വികസന രംഗത്ത് വളർച്ചയെ മുരടിപ്പിക്കുകയേ ഉള്ളൂ. തെക്കുംകര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിഭവങ്ങളുടെ കാര്യത്തിൽ ദരിദ്രമല്ല. പക്ഷേ ആസൂത്രണം ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

വരുമാനത്തിൻെറ സിംഹഭാഗവും കൃഷിയെ ആശ്രയിച്ചിരിക്കുന്നതിനാൽ കാർഷികോൽപാദന ക്ഷമത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനു പുറമേ മററു തരത്തിലുള്ള വിഭവ സമാഹരണ കാര്യത്തിൽ പഞ്ചായത്ത് ശ്രദ്ധ ചെലുത്തണം. ജന പങ്കാളിത്തത്തോടുകൂടിയുള്ള വികസന പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടില്ല.

പഞ്ചായത്തിൻെറ വരുമാന മാർഗ്ഗത്തിൻെറ സ്രോതസ്സ് പട്ടിക തിരിച്ച് താഴെ സൂചിപ്പിക്കുന്നു.

## പട്ടിക 1 വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | വരവ് |
|---|---|
| കെട്ടിട നികുതി | 195783.50 |
| ലൈബ്രറി സെസ് | 9781.05 |
| തൊഴിൽ നികുതി | 127886 00 |
| വിനോദ നികുതി | 15447.00 |
| Addl. വിനോദ നികുതി | 9337.00 |
| പ്രദർശന നികുതി | 2878 00 |
| do. സർചാർജ്ജ് | 741.50 |
| ലൈസൻസ് ഫീസ് | 8002.50 |
| വസ്തുകൈമാററ നികുതി | 92375.00 |
| ഡെപ്പോസിററ് | 15070.00 |
| മററുള്ളവ | 425687.00 |
| ആകെ | 903028 55 |

ആകെ വരുമാനത്തിന്റെ 22.2% കെട്ടിട നികുതിയാണ്. ഇതര നികുതികളിൽ നിന്നുള്ള വരുമാനം വളരെ കുറവാണ്. പഞ്ചായത്ത് മററു വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റിനെ ആശ്രയിക്കുന്ന സ്ഥിതി വിശേഷമാണുള്ളത്. ഇത് 51% J.R.Y.യും അൺടൈഡ് ഫണ്ടും ഉൾപ്പെടെയാണ്.

## പട്ടിക 2 ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | ചെലവ് |
|---|---|
| ഭരണം | 507123.25 |
| പൊതുമരാമത്ത് | 355213.50 |
| വിദ്യാഭ്യാസം | 26291.85 |
| ജലവിതരണം-ഓടകൾ പൊതുജനാരോഗ്യം | 76400.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നതിന് | 71818.00 |
| മററുള്ളവ | 30238.00 |
| ആകെ | 1087084 70 |

ഇവിടെ ധനകാര്യ സ്ഥാപനങ്ങളായി 2 ബാങ്കുകളും ഏതാനും ചിട്ടി-പണമിടപാട് സ്ഥാപനങ്ങളും മാത്രമേ ഉള്ളൂ. ഇതിനു പുറമേ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും അനിയന്ത്രിതമായ നിലയിൽ 'ബ്ലേഡ്' എന്ന ഓമനപ്പേരിലറിയപ്പെടുന്ന പണമിടപാടുകളും നടക്കുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ പൊതുവായ സാമ്പത്തിക നിലയെ ഏറെ ബാധിക്കുന്നുണ്ട്.

വിദേശങ്ങളിൽ ജോലിചെയ്യുന്നവരും പഞ്ചായത്തിലുണ്ട്. വിദേശപണം ഉൽപാദന ക്ഷമമല്ലാത്ത കെട്ടിടനിർമ്മാണത്തിനാണ് കൂടുതലായും വിനിയോഗിക്കുന്നത്. ഈ രംഗത്ത് ഒരു ബോധവൽക്കരണ പരിപാടി നടപ്പാക്കുകയാണെങ്കിൽ ഈ പണത്തെ പഞ്ചായത്ത് വികസനത്തിന് ഉപയോഗിക്കാവുന്നതാണ്.

വികസന പ്രവർത്തനങ്ങൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുന്ന റോഡുകൾ പോലെയുള്ള കാര്യങ്ങൾക്കാണ് പഞ്ചായത്തു വരുമാനത്തിന്റെ കൂടുതൽ തുകയും വിനിയോഗിക്കുന്നത്. അനുവദിക്കപ്പെടുന്ന തുകയുടെ മുഴുവൻ അംശവും നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്നില്ല. ഇതിന് മാററം വരുത്തണമെങ്കിൽ വിലപ്പെട്ട വിഭവസമ്പത്തായ മനുഷ്യാദ്ധ്വാനം കൂട്ടിവിളക്കി ചേർക്കേണ്ടത് ആവശ്യമാണ്. ആയതുകൊണ്ട് ഒരു മനുഷ്യാദ്ധ്വാന ബാങ്ക് രൂപീകരിയ്ക്കേണ്ടതാണ്.

## പ്രശ്നങ്ങൾ, സാദ്ധ്യതകൾ

പഞ്ചായത്തിലെ തനതു വരുമാനം വളരെ പരിമിതമാണ്. കെട്ടിട നികുതിയാണ് പ്രധാന വരുമാന മാർഗ്ഗം. ഇനി വർദ്ധന സാദ്ധ്യത കുറവാണ്.

ലൈസൻസ് ഫീസിനത്തിൽ വളരെ കുറച്ച് തുക മാത്രമേ ലഭിക്കുന്നുള്ളൂ. വർഷങ്ങൾക്കു മുമ്പ് തീരുമാനിച്ച നിരക്ക് ഇപ്പോഴും തുടരുന്നു.

പ്രത്യുൽപാദനപരമല്ലാത്ത തുറകളിലാണ് പഞ്ചായത്തിന്റെ ചെലവ് കൂടുതലും. പരസ്യനികുതി സാദ്ധ്യത ഉപയോഗിക്കുന്നില്ല.

ടാക്സി വാഹനങ്ങൾക്ക് പാർക്കിംഗ് നികുതി ഏർപ്പെടുത്തി കർശനമായി പിരിച്ചെടുക്കണം.

വനസമ്പത്തിനെ സ്വരൂപിച്ച് സംസ്കരിച്ച് വിപണനം നടത്തുന്ന ഒരു മേഖല വികസിപ്പിച്ചെടുക്കണം.

സന്നദ്ധ പ്രവർത്തനം വികസന പ്രവർത്തനത്തിന്റെ ഒരു പ്രധാന സ്രോതസ്സായി കണ്ട് ആയതിന് ആസൂത്രിത പരിപാടി തയ്യാറാക്കണം.

പഞ്ചായത്തിലെ പണമിടപാട് സ്ഥാപനങ്ങളെ വികസന പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കണം.

പഞ്ചായത്തിലെ ഗൃഹവരുമാനത്തെ ഉൽപാദന ക്ഷമതയുള്ള പരിപാടികളുമായി ബന്ധിപ്പിക്കേണ്ടതാണ്. അററകുററ പണികളുടെ മേൻമ വർദ്ധിപ്പിക്കണം.

കേബിൾ T. V.യെ പഞ്ചായത്ത് നികുതി വലയത്തിലുൾപ്പെടുത്തണം.

വൻകെട്ടിട നിർമ്മാണ സമയത്ത് പ്രത്യേക നികുതി ഈടാക്കി ദാരിദ്ര്യ മേഖലയിൽപെട്ടവരുടെ ഭവന നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണ്.

വർക്കയററുമതി സാദ്ധ്യതയുള്ള സുഗന്ധദ്രവ്യ വിളകളായ ഇഞ്ചിപുല്ല്, വഠനില, രാമച്ചം, കച്ചോലം മുതലായ കൃഷികളുടെ വികസനത്തിന് ഊന്നൽ നൽകുക.

റെക്കറിംഗ് ഡെപ്പോസിററ് മൊബിലൈസേഷൻ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക

പഞ്ചായത്തിലെ കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുക.

കൂടുതൽ തൊഴിൽ സാദ്ധ്യതകളുള്ള പച്ചക്കറി, പഴവർഗ്ഗങ്ങൾ, ആട്, കോഴി, കാട താറാവ് മുതലായവ കൃഷിനൽകുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക.

കരുമത്രയിൽ വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്നിടത്ത് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വരുമാന മാർഗ്ഗം കണ്ടെത്തുക.

പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും ദേശീയ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളാക്കുക.

പ്രത്യേക സംരംഭങ്ങൾക്ക് സ്പോൺസർമാരെ കണ്ടെത്തുക. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

യൂണിവേഴ്സൽ, ചേലക്കര ഫോൺ 452191